Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 കുംഭം 2—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഫെബ്രുവരി 14 | ലക്കം 25

## ജയിൽപ്പുള്ളി നമ്പർ 3142

(ഇ. പി. വർഗ്ഗീസ്, എം. ഏ., ബി. എൽ.)

1902 ഒക്ടോബർ 16-ാം നു- റോമിലെ ക്രിമിനൽ കോടതി നേരത്തെതന്നെ ജനാവലിയാൽ നിറഞ്ഞുകഴിഞ്ഞു. കൃത്യസമയത്തു ജസ്റ്റീ. ഡയനീസിയെ വിററച്ചി ന്യായാസനത്തിൽ ഉപവിഷ്ടനായി. സുമുഖനും, ദൃഢഗാത്രനും, 5 അടി 5 ഇഞ്ചു് പൊക്കമുള്ളവനും 20 വയസ്സു് പ്രായംവരുന്നവനുമായ ഒരു യുവാവു് പ്രതിക്കൂട്ടിൽ വികാരലേശം കൂടാതെ നില്ക്കുന്നു. അയാളുടെ തിളങ്ങുന്ന നേത്രങ്ങൾ ചിലപ്പോൾ ജനാവലിയേയും ചിലപ്പോൾ ന്യായാധിപനേയും ചിലപ്പോൾ യാതൊരുത്തരേയും അല്ലാതെയും മാറിമാറി നോക്കുന്നു. പ്രതിയായ അലസാൻഡ്രോ സെറിനല്ലിയുടെമേൽ പ്രോസിക്യൂട്ടർ ചുമത്തിയ കുററങ്ങൾ ജഡ്ജിമാർക്കു തൃപ്തിയാകുവാനായി മരിയ ഗൊരേത്തി എന്ന 12 വയസ്സുള്ള പെൺകുട്ടിയെ സമീപിച്ചെന്നും അവൾ അതിനു വിസമ്മതിക്കയാൽ അവളെ കുത്തി കൊന്നുവെന്നുമുള്ളതായിരുന്നു. ഈ കുററങ്ങൾ ഇററാലിയൻ പീനൽകോഡിലെ 331-332, 364 366. എന്നീ വകുപ്പുകൾപ്രകാരം ശിക്ഷാർഹമാകുന്നു. പ്രോസിക്യൂട്ടർ ബോനിയുടെ വാദം പ്രതി ഈ കുററം മുൻകരുതലോടുകൂടിയും പൂർണ്ണ അറിവോടും മനസ്സോടുംകൂടിയും ചെയ്തതാണെന്നും അതിനു കീഴ്‌ക്കോടതി മയവായി നൽകിയ 30 സംവത്സരം വീതമുള്ള രണ്ടുശിക്ഷകൾ പ്രതി ഒരു യുവാവാകയാൽ മാത്രമാണെന്നും ആ ശിക്ഷകളെ കോടതി ശരിവയ്ക്കണമെന്നുമായിരുന്നു. പ്രതി താമസിച്ചിരുന്ന ഭവനത്തിലെ ദമ്പതിമാരുടെ മൂത്ത പുത്രിയായിരുന്നു ഈ ഘോരകൃത്യത്തിനു വിധേയയായ മരിയ ഗൊരേത്തി. പ്രതി ഇതിനു മുൻപും അവളെ സമീപിക്കയും അവൾ അതിനെ പ്രതിഷേധിച്ചപ്പോൾ കൊന്നുകളയുമെന്നു പറഞ്ഞു ഭയപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. 1902 ജൂലായി 5-ാംനു- അലസാൻഡ്രോ വീണ്ടും മരിയയെ സമീപിക്കയും അവൾ അവൻെറ അഭീഷ്ടത്തിനു വിധേയയാകാഞ്ഞതിനാൽ അവളെ കുത്തിക്കൊല്ലുകയും ചെയ്തു. അയാൾ പോലീസിൽ കൃത്യവും അതിനുള്ള കാരണവും ആദ്യം സമ്മതിച്ചുവെങ്കിലും പിന്നീടു കാരണം മറെറാന്നാണെന്നു വാദിക്കയുണ്ടായി. ജീവിതക്ലേശങ്ങളെ സഹിക്കവയ്യാതെ ജയിലിൽ പോയാൽ ഭക്ഷണവും ഭവനവും ലഭിക്കുമല്ലോ എന്നു കരുതി ഇപ്രകാരം മരിയയെ കുത്തിക്കൊന്നതാണെന്നായിരുന്നു പിന്നീടുള്ള വാദം. അയാളുടെ വക്കീൽ പ്രതി ഭ്രാന്തനാണെന്നും, അയാളുടെ മാതാവു ഭ്രാന്തായിട്ടു മരിച്ചുവെന്നും ഒരു ജ്യേഷ്ഠസഹോദരൻ ഭ്രാന്താശുപത്രിയിലാണെന്നും പിതാവു മദ്യപാനിയായിരുന്നുവെന്നുമുള്ളതു പ്രതി ചെയ്ത കൃത്യത്തെപ്പററി അയാൾക്കു ശരിയായ അറിവില്ലായിരുന്നുവെന്നതിനെ സ്ഥാപിക്കുന്നതായി വാദിച്ചു. ഈ സംശയനിവാരണത്തിനായി പ്രതിയെ വിദഗ്ദ്ധവൈദ്യന്മാർ പരിശോധിക്കയും പ്രതിക്കു ചിത്തഭ്രമത്തിൻെറ യാതൊരു ലക്ഷണങ്ങളുമില്ലെന്നു സാക്ഷ്യപത്രം നല്കിയുള്ള

പ്രോസിക്യൂട്ടർ കോടതിയിൽ വായിക്കയും ചെയ്തതോടുകൂടി ശരിയാക്കുണ്ടായിരുന്ന സംശയം മുഴുവനും നീങ്ങി. ഇതു സാക്ഷികളുടെ മൊഴികളും ആസ്പദമാക്കി കീഴ്‌ക്കോടതി വിധി ശരിയാണെന്നും എന്നാൽ പ്രതി 30 വയസ്സിനു താഴെ ഉള്ള ഒരു യുവാവാകയാൽ ആദ്യത്തെ രണ്ടു വകുപ്പുകൾക്കു 30 സംവത്സരത്തേയും അടുത്ത രണ്ടു വകുപ്പുകൾക്കു 30 സംവത്സരത്തേയും കഠിനതടവുകൾ ദയവായി നല്കുകയും ഈ രണ്ടു ശിക്ഷകളും ഒരുമിച്ചു അനുഭവിക്കുവാൻ നിർദ്ദേശിക്കയും ചെയ്യുന്നതായി വിധി പ്രസ്താവിച്ചു. അന്നു മരിയഗൊരേത്തിക്കു 12 വയസ്സു തികയുന്ന ദിനമായിരുന്നു. പ്രതി യാതൊരു വിഷമവും കാണിക്കാതെയാണു വിധി സ്വീകരിച്ചതു്. ജനാവലി സാവകാശം പിരിഞ്ഞുപോയി. റോമാ നഗരവാസികളെ രോമാഞ്ചംകൊള്ളിച്ച ആ ദാരുണകൃത്യത്തിനു തക്കതായ ശിക്ഷയുണ്ടായതിൽ സംതൃപ്തരായിട്ടാണു് എല്ലാവരും മടങ്ങിയതു്. 1903 മുതൽ 1919 വരെ നോട്ടോജയിലിലും. 1929 മാർച്ചു 7-ാംതീയതി വിമുക്തനാകുന്നതുവരെ സർദീനിയായിലെ ജയിലിലുമാണു് സെറിനല്ലി തടവുശിക്ഷ അനുഭവിച്ചതു്. അതിനുശേഷം അദ്ദേഹം അസ്കോളിയിലെ കപ്പൂച്ചിൻ സന്യാസാശ്രമത്തിലെ ഒരു ഫ്രാൻസിസ്കൻ 3-ാം സഭാംഗമായി അവിടത്തെ തോട്ടത്തിൽ ജോലിചെയ്യുന്നതായിട്ടാണു് കാണപ്പെടുന്നതു്.

ഈ വലിയ പരിവർത്തനത്തിൻെറ ചരിത്രം അറിയുവാൻ കൗതുകം പ്രദർശിപ്പിച്ചു് ഒരു വൈദികനോടു അലസാൻഡ്രോ തൻെറ ആത്മകഥ വളരെ സംഗ്രഹമായി പറഞ്ഞതു അറിയുവാൻ ഏവർക്കും ആഗ്രഹമുള്ളതായിരിക്കും. ഒരു സാധുവും അനാഥനുമായ ബാലൻ ഒരു ഘാതകനായിത്തീർന്നതും അതിനുശേഷം ഒരു സന്യാസിയായി ജീവിച്ചുവരുന്നതും വധിക്കപ്പെട്ടബാലികയെ കത്തോലിക്കാസഭ വിശുദ്ധയെന്നു നാമകരണം ചെയ്തതും ഇവയെല്ലാം കണ്ടും കേട്ടുംകൊണ്ടു് ആ ബാലികയുടെ മാതാവും ഘാതകനും കൂടി ജീവിക്കുന്നതും ആ പുണ്യവതിയിൽനിന്നും ഘാതകനുലഭിച്ച മാനസാന്തരാനുഗ്രഹങ്ങളും മററും അലസാൻഡ്രോയുടെ വാക്കുകളിൽതന്നെ നമുക്കു ശ്രവിക്കാം. അറുപത്തിയെട്ടു വയസ്സു പ്രായമുള്ള ഈ മൂന്നാംസഭാംഗം അനുതാപത്തിൻെറയും പ്രത്യാശയുടേയും വികാരങ്ങളോടുകൂടിയാണു് ഈ ആത്മകഥാകഥനം നടത്തിയതു്.



ചേർത്തല മുട്ടത്തുപള്ളിയിൽ നാല്പതുമണി ആരാധനയുടെ സമാപ്തിയെ സംബന്ധിച്ചു് പള്ളിയങ്കണത്തിൽ തയ്യാറാക്കിയിരുന്ന പൂപ്പന്തലിൽ ജനുവരി 18-ാംനു- ചങ്ങനാശ്ശേരി മെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ടു ബി. എ. ഡി. ഡി. തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കുർബാന അർപ്പിക്കുന്നു.

"ഞാൻ 1882 ജൂൺ 2-ാംനു- ജനിച്ചു. എൻെറ മാതാപിതാക്കന്മാരുടെ എട്ടു സന്താനങ്ങളിൽ ഏററവും ഒടുവിലത്തേതായിരുന്നു ഞാൻ. എൻെറ രണ്ടു സഹോദരങ്ങൾ ശിശുക്കളായിതന്നെ മരിച്ചു ഒരാൾ വൈദികപഠനത്തിനായി സെമ്മിനാരിയിൽ താമസിക്കവെ ചിത്തഭ്രമമുണ്ടായി. ഇതു എൻെറ മാതാവിനെ വല്ലാതെ വ്യാകുലയാക്കി. അതോടുകൂടി അമ്മയ്ക്കും ചിത്തഭ്രമമായി. ആ അവസരത്തിൽ അമ്മ എന്നെ കിണററിൽ മുക്കിക്കൊല്ലുവാൻ ശ്രമിച്ചു. എൻെറ ജ്യേഷ്ഠൻ പീയത്രൊ ഇതിൽനിന്നും എന്നെ രക്ഷിച്ചു അമ്മ എന്താണു ചെയ്യുന്നതെന്നു ചോദിച്ചപ്പോൾ ജീവിച്ചിരുന്നു കഷ്ടതകളനുഭവിക്കുന്നതിനെക്കാൾ നന്നു ഇവൻ മരിക്കുന്നതാണു എന്നു ചിരിച്ചുകൊണ്ടു അമ്മമറുപടിപറയുകയാണുണ്ടായതു്. അമ്മയെ ബന്ധിക്കയും എന്നെ രക്ഷപെടുത്തുകയും ചെയ്തു. എന്നാൽ അമ്മയുടെ പരിചരണം എനിക്കു നഷ്ടപ്പെട്ടതു എൻെറ കഷ്ടതകളുടെ ആരംഭമായിരുന്നു. ശുദ്ധത എന്ന വിഷമപ്രശ്നം സഹായം, സംരക്ഷണം, ധാരണ എന്നിവയെ അധികം ആശ്രയിച്ചാണിരിക്കുന്നതു്. മാതൃസ്നേഹം യുവഹൃദയത്തെ ശുദ്ധീകരിക്കയും അതിലെ കുറവുകളെ പരിഹരിക്കയും നമ്മുടെ പ്രകൃതിദത്തമായ ഒരു വാസനയെ സംതൃപ്തമാക്കയും ചെയ്യുന്നു. ഇതിനു വിഘ്നംനേരിടുമ്പോൾ ആ വാസനകൾ ക്ഷണേന കാമവികാരങ്ങളായി രൂപാന്തരപ്പെടുന്നു. എൻെറ അമ്മ വളരെ നല്ല ഒരു സ്ത്രീയായിരുന്നു. എൻെറ സഹോദരീസഹോദരന്മാരായ ലൂസീയാ, പീയത്രൊ, എൻറീക്കൊ, വിൻസെൻസൊ എന്നിവരുടെ സ്നേഹസ്മരണകൾ മറക്കാവതല്ല. വിൻസെൻസൊ അമേരിക്കയിൽ കാർ ഓടിച്ചു കുറെ പണം ഉണ്ടാക്കി. എന്നാൽ പെട്ടെന്നു അവനെപ്പററി ഒന്നും അറിയാതായി. പക്ഷെ അവൻ മരിച്ചുപോയിരിക്കാം. മിക്കവാറും ഏകനാക്കപ്പെട്ട ഞാൻ കഷ്ടിച്ചു എഴുതുവാനും വായിക്കുവാനും മാത്രമേ പഠിക്കുന്നതിനു ഇടയായുള്ളു. ജോലിചെയ്താലേ പണമുണ്ടാകയുള്ളു എന്നതിനാൽ ഞാൻ അതിൽ ഏർപ്പെട്ടു. എനിക്കു കടലിൽ യാത്രചെയ്യണമെന്നു വലിയ ആഗ്രഹമായിരുന്നു. മത്സ്യം പിടിക്കുന്ന ഒരു കപ്പലിൽ ഞാൻ ജോലിക്കാരനായി ചേർന്നു. അഡ്രിയാററിക്കു് സമുദ്രതീരത്തു കപ്പൽ ഓടിക്കൊണ്ടിരിക്കുമ്പോൾ അനേകം മണിക്കൂറുകൾ ദിവാസ്വപ്നത്തിൽ ഞാൻ കഴിച്ചിട്ടുണ്ടു്. സാവകാശത്തിൽ ഞാൻ അശുദ്ധതയി

ഒന്നാംതരം കസവിലും നേർമ്മയും ബലവുമുള്ള ഇഴയിലും
സാരി, വിരിപ്പാവ്, പുതകവണി ഇവകൾക്കു്
**"യൂനിയൻ വീവിംഗ്സ്"**
**തൊടുപുഴ**
എന്ന വിലാസത്തിൽ ഓർഡർചെയ്യുക.
**പൂർണ്ണ ഉത്തരവാദിത്വം**
മാത്യു സെബാസ്റ്റ്യൻ കുരുവിനാക്കുന്നേൽ
(മാനേജിംഗ് ഡയറക്ടർ)

ലേക്കു നിപതിച്ചു. ശുദ്ധത എന്റെ അന്നത്തെ ജീവിതസാഹചര്യങ്ങളിൽ വളരെ പ്രയാസമായിരുന്നു. ഹാ! എന്റെ അമ്മ ജീവിച്ചിരുന്നെങ്കിൽ..........!

"ഞാൻ ദൈവത്തെ മറന്നു. എന്നാൽ ദൈവം എന്നെ മറന്നില്ല. എന്റെ പിതാവു അലവാനൊ റൊമാനൊ എന്ന സ്ഥലത്തേക്കുതിരിച്ചു. ഞാൻ അദ്ദേഹത്തെ യാത്ര അയക്കുവാൻ പോയിരുന്നു. ഞാൻ യാത്ര ചെയ്യേണ്ടിയിരുന്ന ബോട്ടു കൊടുങ്കാററിൽപെട്ടു നഷ്ടപ്പെട്ടു. എനിക്കുപകരം അതിൽപോയ കുട്ടിയെപ്പററി പിന്നീടു കേൾക്കയുണ്ടായില്ല. കുറച്ചുനാൾ കഴിഞ്ഞു ഞാനും ഒരു സഹോദരനും അപ്പനോടുകൂടി ചേന്നു പലിയാനോസ്സു താമസം മാററി. അവിടെ ഞങ്ങൾ ഗൊരേത്തി കുടുംബവുമായി പരിചയപ്പെടുകയും അവരുടെകൂടെ ജോലിചെയ്കയും ചെയ്തു. ഗൊരേത്തി കുടുംബാംഗങ്ങൾ ഭക്തരും, അദ്ധ്വാനശീലരും, അനുകരണീയരുമായിരുന്നു. അക്കാലത്തു മസോലിനിപ്രഭു ഞങ്ങൾക്കു നല്ലൊരു ജോലി തന്നു. എന്റെ പിതാവിനെ കൻറീൻ നടത്തുവാനായി ഏല്പെടുത്തി. ഞങ്ങൾക്കു നല്ല ഭക്ഷണവും പനിയില്ലാത്ത സ്ഥലം താമസത്തിനും ലഭിച്ചു. എന്നുവരികിലും ചതുപ്പുനിലങ്ങളിലെ ഏകാന്തത എന്നെ അസ്വസ്ഥനാക്കി. ഞാൻ ഞായറാഴ്ചകളിൽ ഒന്നു രണ്ടു ഗ്ലാസ്സു വീഞ്ഞു കുടിച്ചിരുന്നു. കുടുംബത്തിലെ ജപമാല പ്രാത്ഥനയിൽ ഞാൻ പലപ്പോഴും സംബന്ധിച്ചിരുന്നു. വളരെ ചുരുക്കമായിട്ടേ ഞാൻ അയൽസ്ഥലങ്ങളിൽ പോയിരുന്നുള്ളു. ഏകാന്തത എനിക്കു കൂടുതൽ ഇഷ്ടമായി തോന്നി. ഞാൻ കൂടുതൽ കൂടുതലായി ജഡികവികാരങ്ങൾക്കു അധീനനാകുവാൻ തുടങ്ങി. എന്നാൽ എന്റെ ഭീരുത്വം എന്നെ ദുർമ്മാർഗ്ഗങ്ങളിൽനിന്നും അല്പം അകററിനിറുത്തി. ചിലർ ധരിച്ചിരിക്കുന്നപോലെയുള്ള ദുർവ്വൃത്തികളൊന്നും ഞാൻ ആ കാലങ്ങളിൽ ചെയ്തിരുന്നില്ല. ചില മാസികകളും മററും വായിച്ചാണു അധികവിശ്രമസമയവും കഴിച്ചിരുന്നതു്. ഇക്കാലത്താണു മരിയഗൊരേത്തിയെപ്പററിയുള്ള ചിന്ത എന്റെ മനസ്സിൽ കടന്നുകൂടിയതു്. ഞാൻ അനേകമാസങ്ങൾ ആ ദുർമ്മോഹത്തോടു യുദ്ധംചെയ്തു. മരിയ സൽഗുണസമ്പൂർണ്ണയും പരിശുദ്ധയുമായിരുന്നു. എന്റെ ജഡികേച്ഛകൾ അവസാനമായി എന്നെ ജയിച്ചു. മരിയ എനിക്കു വിധേയയായില്ലെങ്കിൽ അവളെ ഞാൻ വധിക്കുമെന്നുള്ള ഭീഷണി എന്നെ വിജയിയാക്കുമെന്നു ഞാൻ വിശ്വസിച്ചു. പക്ഷെ അങ്ങനെ സംഭവിച്ചില്ല. ദൈവത്തിനു സ്തോത്രം.

"പിന്നീടുള്ള ശോകരംഗം നിങ്ങൾക്കറിയാമല്ലൊ. ആദ്യകാരാഗൃഹത്തിൽവച്ചുതന്നെ അനുതാപം എന്നെ ആകുലനാക്കി. എന്നാൽ എന്റെ ദുരഭിമാനം അതിനെ എതിർത്തു. ഒരു ധീരനായ ഘാതകനായി ഞാൻ ഭാവിച്ചു. ഞാൻ സന്തോഷവാനായി പാട്ടുപാടുകയും 29 സംവത്സരങ്ങൾക്കുശേഷം എന്റെ ഭവനത്തിലേക്കു മടങ്ങുമെന്നും കണ്ണുനീരോടുകൂടി അവർ എന്നെ സ്വീകരിക്കുമെന്നും മററും ഞാൻ പറയുകയും ചെയ്തിരുന്നു. എന്നാൽ എന്റെ കാരാഗൃഹവാസം കഷ്ടതകൾ നിറഞ്ഞതായിരുന്നു. 1903 ൽ ഞാൻ സിസിലിയിലെ നൊട്ടൊജയിലിലേക്കു അയക്കപ്പെടുകയും അവിടെ ജയിലുടുപ്പും, ജയിൽപ്പുള്ളി നമ്പർ 3142 എന്നതും എനിക്കു തരികയും ചെയ്തു. ഏകാന്തതടവു 3 സംവത്സരക്കാലമുണ്ടായിരുന്നു. അതിനെ അതിജീവിക്കുമെന്നു ഞാൻ കരുതിയില്ല.

"കാലത്തു ഏഴുമണിക്കു ജോലി ആരംഭിക്കും. ഒരു മണിക്കൂർ സമയം ഏകനായി നടക്കുവാൻ അനുവാദമുണ്ടായിരുന്നു. വൈകിട്ടു ജോലിസാധനങ്ങളെല്ലാം എണ്ണി ഏല്പിക്കണം. ഭക്ഷണം വളരെ മോശമായിരുന്നു. ജയിൽവാർഡർ രാത്രി 9 മണിക്കും 12 നും, 3 നും പുള്ളികളുടെ മുറികളിൽ വന്നിരുന്നു. എന്നാൽ ഈ ഇരുളടഞ്ഞ ജീവിതത്തിലും കുറെ വെളിച്ചമുണ്ടായിരുന്നു. ജയിൽഡയറക്ടർ മനുഷ്യഹൃദയമുള്ള ഒരാളായിരുന്നു. ഞങ്ങളും മനുഷ്യരാണെന്നുള്ള ബോധം അദ്ദേഹത്തിനുള്ളതായി അനുഭവപ്പെട്ടിരുന്നു. നോട്ടോയിലെ മദ്ധ്യസ്ഥനായ വിശുദ്ധ കോൺറാഡിന്റെ തിരുനാളിൽ ഡയറക്ടരും ഭാര്യയുംകൂടി ഞങ്ങളെ സന്ദർശിക്കയും ഞങ്ങൾക്കും മുന്തിരിപ്പഴങ്ങൾ തരികയും സന്തോഷമായി സംഭാഷണം ചെയ്കയും പതിവായിരുന്നു. ജയിലിലെ വൈദികനും ഒരു നല്ല ആളായിരുന്നു. 1908-ലെ ഭൂകമ്പത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചതിനു ഉപകാരസ്മരണക്കായി അദ്ദേഹം ഒരു ദിവ്യബലി ജയിൽ പള്ളിയിൽ അർപ്പിക്കയുണ്ടായി. അതിൽ ഡയറക്ടരും ഞങ്ങളും സംബന്ധിച്ചു. എന്നാൽ ഞാൻ ഇനിയും ശരിയായി അനുതപിച്ചിരുന്നില്ല. "ദൈവം അയാളോടു ക്ഷമിക്കട്ടെ. അയാളുമൊരുമിച്ചു



പാപം

മോക്ഷത്തിൽ വസിക്കുന്നതിനു് എനിക്കിടവരണം" എന്ന മരിയഗൊരേത്തിയുടെ അന്ത്യപ്രാത്ഥന എന്റെ കണ്ണുകളിൽ മാറെറാലികൊണ്ടിരുന്നെങ്കിലും അന്തഃകരണത്തിന്റെ പ്രചോദനങ്ങളെ ഞാൻ മനഃപൂർവ്വം അടിച്ചമത്തിയിരുന്നു. മരിയതന്നെ എനിക്കു സ്വപ്നത്തിൽ പ്രത്യക്ഷയായി ലില്ലിപുഷ്പങ്ങൾ ശേഖരിച്ചു എനിക്കു തരുന്നതായി അനുഭവപ്പെട്ടുവെങ്കിലും എന്റെ ദുരഭിമാനം എന്റെ വികാരങ്ങളെ തടഞ്ഞുനിത്തി. അനേകസംവത്സരങ്ങൾക്കുശേഷമാണു ഞാൻ പാപസങ്കീത്തനത്തിനു തയ്യാറായതു്. 1918-ലും 1924-ലും എന്നെ ഓരോ ജയിലിലേക്കു മാററുകയും 1924 നു ശേഷം വിശ്വസിക്കത്തക്ക ഒരു തടവുകാരനാണെന്നുള്ള അടയാളം എനിക്കു ലഭിക്കയുമുണ്ടായി. 1929-ൽ ഞാൻ വിമുക്തനായി. എന്നു വരികിലും 3 വർഷക്കാലത്തേക്കു കാലത്തു 5 മണിക്കും രാത്രി 8 മണിക്കും മദ്ധ്യേ മാത്രമേ വീട്ടിനു പുറത്തു സഞ്ചരിക്കാവു എന്നും പോലീസിൽ ഹാജരാകണമെന്നും നിബന്ധനകളുണ്ടായിരുന്നു. പൊതുസ്ഥലങ്ങളിലും മററും പോകുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഒരു ഗ്ലാസ്സു വീഞ്ഞു വേണമെങ്കിൽ അതു പുറത്തുനിന്നു വാങ്ങി കുടിക്കയേ നിവൃത്തിയുണ്ടായിരുന്നുള്ളു. ഇവയെല്ലാം പ്രായശ്ചിത്തങ്ങളായി ഗണിക്കുവാൻ മതബോധം എന്നെ പഠിപ്പിച്ചു. 1930 ആരംഭത്തിൽ ഞാൻ കപ്പൂച്ചിൻ സന്യാസാശ്രമത്തിൽ ജോലിക്കാരനായി ചേന്നു. ഞാൻ സന്യാസികളുമൊരുമിച്ചു ജപമാല ചൊല്ലുകയും ദിവസേന കർബാന കാണുകയും ആദ്യവെള്ളിയാഴ്ചഭക്തി മുടങ്ങാതെ ആചരിക്കയും ചെയ്യുന്നു. കുറച്ചുനാൾമുമ്പു ഞാൻ മൂന്നാം സഭാംഗമായി. ഞാൻ ഒരു വൈദികനാണെന്നു ചിലർ ധരിക്കുന്നു. അതു ശരിയല്ല.

"ജയിലിൽനിന്നു വിമുക്തനായശേഷം മരിയയുടെ മാതാവിനെ കാണുന്നതിനു എനിക്കു വലിയ വിഷമമായിരുന്നു. എന്നാൽ ആ വൃദ്ധ എന്നോടു വളരെ ദയവോടെയാണു വത്തിച്ചതു. ഞാൻ മരിയയുടെ നാമകരണത്തിനു ഒരു പാതിരിയുടെ വേഷത്തിൽ ഒരു കപ്പൂച്ചിൻ വൈദികനോടുകൂടി റോമയിലേക്കു പോകണമെന്നു കരുതിയിരുന്നു. എന്നാൽ ആ വൈദികനെ അതിനുമുൻപു ആരൊ തെററിധരിച്ചു വെടിവെച്ചുകൊന്നു. അതിനാൽ എനിക്കു പോകുവാനും സാധിച്ചില്ല. എന്റെ അധഃപതനത്തിനു ശേഷം എനിക്കുണ്ടായിട്ടുള്ളതിൽ ഏററവും സന്തോഷകരമായ ദിനം മരിയയുടെ നാമകരണത്തിനു ഞാൻ സാക്ഷ്യംവഹിച്ച ദിനമാണു്. അവൾ സ്വർഗ്ഗത്തിലിരുന്നുകൊണ്ടു എനിക്കുവേണ്ടി പ്രാത്ഥിക്കുന്നുവെന്നു എനിക്കറിയാം. ഞാൻ വൃദ്ധനായി കഴിഞ്ഞു. ഇനി ഞാൻ അധികനാൾ ജീവിക്കയില്ല. എന്നാൽ ദൈവം എന്നോടു ദയവായിരിക്കും. മരിയ അതു സാധിച്ചുതരും.' ഇങ്ങനെ തന്റെ ആത്മകഥാകഥനം അവസാനിപ്പിച്ചുകൊണ്ടു അലസാൻഡ്രോ ആ വൈദികനോടു് "അച്ചാ അങ്ങുന്നു എന്റെ ഒരു സന്ദേശം കൊണ്ടുപോകാമോ" എന്നു ചോദിച്ചു. "നിശ്ചയമായും" എന്നു പാതിരി മറുപടിപറഞ്ഞു.

ഉടനെ 3142-ാംനമ്പർ ജയിൽപ്പുള്ളിയായിരുന്ന ആ വൃദ്ധകപ്പൂച്ചിൻ 3-ാം സഭാംഗം ഒരു കടലാസ്സിൽ ഇപ്രകാരം എഴുതി ഒപ്പിട്ടു വൈദികനെ ഏല്പിച്ചു. "ശുദ്ധതയോടും രക്തസാക്ഷിണിയായ മരിയഗൊരേത്തിയോടും ഞാൻ ചെയ്ത അപരാധത്തിനുവേണ്ടി ലോകത്തോടു ഞാൻ മാപ്പു് അപേക്ഷിക്കുന്നു. അസന്മാർഗ്ഗികകാഴ്ചകളും പാപത്തിലേക്കു നയിക്കുന്ന എല്ലാ ആപൽക്കരമായ അവസരങ്ങളും ഒഴിഞ്ഞുമാറുവാൻ സകലരോടും ഞാൻ അഭ്യത്ഥിക്കുന്നു."

——

**കോമൺവെൽത്തു്**
**ബാങ്ക് (ക്ലിപ്തം)**
H. O. കാഞ്ഞിരപ്പള്ളി
**ബ്രാഞ്ചുകൾ:—**
കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
**ഡയറക്ടറന്മാർ**
മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).
ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവൎത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.
സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

## ദനഹ വീണ്ടും ഒഴിവുദിനമാക്കി

ആസ്ട്രിയായിലെ സോഷ്യലിസ്റ്റുകാർ ദനഹാതിരുനാൾ വീണ്ടും പൊതു ഒഴിവുദിനമാക്കുന്നതിനു സമ്മതിച്ചിരിക്കുന്നു. ജമ്മൻ നാസികൾ ആസ്ട്രിയ അധീനപ്പെടുത്തുന്നതിനുമുമ്പു ദനഹ ഒഴിവുദിനമായിരുന്നതാണു്. വിവാഹം സംബന്ധിച്ചു നാസികൾ നടപ്പാക്കിയ നിയമവും താമസിയാതെ റദ്ദുചെയ്യാനിടയുണ്ടു്. ദേവാലയത്തിൽവച്ചു വിവാഹം നടത്തുന്നതിനുമുമ്പു ഗവമ്മെൻറധികാരികളുടെ മുമ്പിൽവച്ചു വിവാഹം നടത്തിയിരിക്കണമെന്നും അല്ലാത്തപക്ഷം വിവാഹം അസാധുവും വിവാഹം ആശീർവ്വദിക്കുന്ന വൈദികൻ ശിക്ഷാർഹനുമായിരിക്കുമെന്നാണു പ്രസ്തുതനിയമം അനുശാസിക്കുന്നതു്.

## ഇസ്ലാം സഹകരിക്കും

കമ്മ്യൂണിസത്തിനെതിരായുള്ള പോരാട്ടത്തിൽ, ഇസ്ലാമിന്റെയും ക്രിസ്തുമതത്തിന്റെയും ഒരു ഐക്യമുന്നണി സൃഷ്ടിക്കുവാൻ താൻ പരിശ്രമിക്കുന്നതാണെന്നു, ആരബ് ലീഗിന്റെ ജനറൽ സെക്രട്ടറിയായ അസ്സാം പാഷ, ഇററാലിയൻ റേഡിയോവഴി പ്രക്ഷേപണംചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

## ലൂഥറൻ പുരോഹിതന്റെ മരിയാഭക്തി

"മറിയത്തെ കൂടാതെ ബൈബിളില്ല" എന്നത്രെ ജമ്മനിയിലെ പ്രമുഖ ലൂഥറൻ പുരോഹിതനായ റവ. ഹാൻസ് അസ്മുസ്സൻ "ദൈവമാതാവായ മറിയം" എന്ന അഭിധാനത്തിൽ പ്രസിദ്ധംചെയ്തിരിക്കുന്ന അഭിനവഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. അദ്ദേഹം തുടന്നുപറയുന്നു: "മറിയത്തെ ഒഴിച്ചുനിത്തുന്നപക്ഷം, മനുഷ്യപരിത്രാണത്തെപ്പററിയുള്ള വിശ്വാസസത്യംതന്നെ അത്ഥശൂന്യമായി ഭവിക്കുന്നു. കാരണം, ദൈവം നിശ്ചയിച്ച പരിപാടിയിൽ മറിയത്തിനു ലഭിച്ച സ്ഥാനം അവഗണിക്കുന്നപക്ഷം ഉത്ഭവപാപം, ക്രിസ്തുവിന്റെ പരിത്രാണകമ്മം ഇത്യാദി കാര്യങ്ങൾ ദുർഗ്രഹങ്ങളായി ഭവിക്കുന്നു."

# •അമൂല്യനിമിഷങ്ങൾ

## പ്രതിദിനചിന്തകൾ

### ഫെബ്രുവരി 15

**സാമ്രാജ്യത്തിന്റെ അടിസ്ഥാനം!**

സെന്റ് ഹെലീനായിൽ ഒരു ഏകാന്തതടവുകാരനായിരുന്നപ്പോൾ നെപ്പോളിയൻ വിചാരിച്ചു.

"അലക്സാണ്ടർ, സീസർ, കാറൽമാൻ തുടങ്ങി ഞാൻവരെ ഓരോരുത്തർ വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു: എങ്ങനെ? ബലംകൊണ്ടു്: യുദ്ധംചെയ്തു്: ഈശോ മാത്രം സ്നേഹംകൊണ്ടു് തന്റെ സാമ്രാജ്യം സ്ഥാപിച്ചു. ഇന്നും അദ്ദേഹത്തിനു വേണ്ടി മരിക്കാൻ എത്രലക്ഷം ആളുകൾ സന്നദ്ധരാണു!"

ക്രിസ്തുവിന്റെ മാർഗ്ഗം അന്യാദൃശമായിരുന്നു ബലംകൂടാതെ സ്നേഹംകൊണ്ടു മാത്രം ക്രിസ്തു നേടി. ലോകത്തിനു് അതു് അജ്ഞാതമായിരുന്നു. ഈ പുതിയ ആയുധം പലർക്കും അന്നു് മനസ്സിലായില്ല. ഇന്നും മനുഷ്യവർഗ്ഗത്തിൽ പകുതിയോളം അതു് അറിയുന്നില്ല. ക്രിസ്തു സകലതും സ്നേഹംകൊണ്ടു് നേടി. ഇനിയും നേടുകയും ചെയ്യും.

"പുതിയ ഒരു പ്രമാണം ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ." (വി. യോ. 13-34).

ദൈവമേ, ഞാൻ അങ്ങയെ എങ്ങനെ സ്നേഹിക്കണമെന്നു് അങ്ങു് ആഗ്രഹിക്കുന്നുവോ, അതുപോലെ അങ്ങയെ സ്നേഹിക്കുവാൻ എനിക്കു് അനുഗ്രഹം തരേണമെ.

### ഫെബ്രുവരി 16

**അവർ ഭയപ്പെട്ടില്ല.**

ഇപ്പോഴത്തെ ന്യൂയോർക്കു് നഗരം കാടായിരുന്ന കാലത്തു അവിടെ ഹുറോൺസ് എന്നു പേരായ ഒരു വർഗ്ഗം വസിച്ചിരുന്നു. യൂറോപ്പിൽനിന്നും അവിടെ എത്തിയ പ്രേഷിതരെ അവർ വളരെയധികം പീഡിപ്പിച്ചു രണ്ടു് ഫ്രഞ്ചു വൈദികരെ അവർ കൊന്നു്, അവരുടെ ഹൃദയം വലിച്ചുകീറി, ചുടുചോര കുടിച്ചു് അവർ തൃപ്തരായി.

ആ ഫ്രഞ്ചു പുരോഹിതരിൽ കണ്ട ധൈര്യം അവർക്കും ഉണ്ടാകുന്നതിനുള്ള ശ്രമത്തിലാണു് ആ ക്രൂരകൃത്യം ആ വിധത്തിൽ അവർ നടത്തിയതു്. ആ ഫ്രഞ്ചു പുരോഹിതന്മാരുടെ മാത്രം ധൈര്യമല്ല അവരെ അന്ധരാക്കിയതു. അവർക്കു് മുമ്പുവന്ന അനേകം മിഷണറിമാർ ഇതുപോലെ ക്രൂരമായ മർദ്ദനങ്ങൾ ഏററിട്ടുള്ളതും, അതുകൊണ്ടൊന്നും ഭയപ്പെടാതെ തുടരെത്തുടരെ മിഷനറിമാർ ധൈര്യപൂർവ്വം വന്നുകൊണ്ടിരുന്നതും കണ്ട അവർ, ആ വംശക്കാർ പൊതുവേ ബഹുധീരന്മാരാണെന്നു കരുതി ഇങ്ങനെചെയ്തു.

ഈ ഭയങ്കര മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നു് അറിഞ്ഞു അവർക്കു ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാൻ ധൈര്യപ്പെട്ട ആ മിഷണറിമാർ അമേരിക്കയിൽ ക്രിസ്തുവിന്റെ പ്രകാശംവിതറി. അവരുടെ മരണത്തിൽക്കൂടി ക്രിസ്തു വിജയിച്ചു.

"അപ്പോൾ അവർ നിങ്ങളെ പീഡിപ്പിക്കുന്നതിനായി ഏല്പിക്കുകയും ചെയ്യും: എന്നെ പ്രതി എല്ലാ രാഷ്ട്രങ്ങളും നിങ്ങളെ വെറുക്കുകയുംചെയ്യും."

(വി. മത്തായി 24-9)

ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി സകലതും സഹിക്കുവാനുള്ള ശക്തിക്കായി പ്രാർത്ഥിക്കുക.

### ഫെബ്രുവരി 17

**സത്യം അറിയുന്നതു മാത്രം പോരാ**

നാം സത്യം എല്ലാം അറിയുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടരുതു്. ആ സത്യം മററുള്ളവരേയും അറിയിക്കുവാൻ നമുക്കു പ്രത്യേകം കടമയുണ്ടു്. ലോകത്തെ പരിഷ്കരിക്കുവാനും നന്നാക്കുവാനും ഉള്ള ഒരു ചുമതല ദൈവപരിപാലനാക്രമത്തിൽ നമുക്കുണ്ടു്. തന്നത്താൻ രക്ഷപ്രാപിക്കുന്നതു മാത്രമല്ല നമ്മുടെ ജീവിതത്തിലെ നേട്ടമായിരിക്കേണ്ടതു്.

1 നന്മപ്രവർത്തിക്കാൻ അറിയാവുന്നവൻ അതു ചെയ്യാത്തപക്ഷം അതു് പാപമാകുന്നു. (യാക്കോബ് 4-17)

2. കർത്താവേ, കർത്താവേ, എന്നു വിളിക്കുന്നവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല. പിന്നെയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം അനുവർത്തിക്കുന്നവർ ആരോ, അവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും.

(വി. മത്തായി 7-21)

3. "...ഫലങ്ങൾ നല്കാത്ത ശാഖകളെ....അവൻ നശിപ്പിച്ചുകളയുന്നു..."

(വി. യോ. 15-2)

4. നന്മപ്രവൃത്തികളാൽ നിങ്ങളുടെ ദൈവവിളിയും നിത്യരക്ഷയും ഉറപ്പിക്കുന്നതിനായി നിങ്ങൾ കൂടുതൽ ബദ്ധിമുട്ടി പ്രയത്നിക്കുക. അപ്പോൾ നിങ്ങൾ ഒരിക്കലും പാപം ചെയ്യാൻ ഇടയാകയില്ല. (II Peter 1-10)

സത്യം എന്തു് എനിക്കു് ബോധ്യമുള്ളതു പ്രവർത്തിക്കുവാനുള്ള ശക്തി എനിക്കു് നല്കുക.

### ഫെബ്രുവരി 18

**പരാജയം നിശ്ചയമാക്കണമെങ്കിൽ**

ഏതെങ്കിലും ഒരു തൊഴിൽ നശിപ്പിക്കുന്നതിനുള്ള ചില ഉത്തമമാർഗ്ഗങ്ങൾ ഒരു പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുണ്ടു്.

1. നിങ്ങളുടെ ഒരു കീഴുദ്യോഗസ്ഥൻ തെററു ചെയ്യുന്നപക്ഷം അവനെ നല്ലതുപോലെ ശകാരിക്കുക. കഴിയുമെങ്കിൽ മററുള്ളവരുടെ മുമ്പിൽവെച്ചു്.

2. നിവൃത്തിയുണ്ടെങ്കിൽ ഒരു കാര്യത്തിലും ഒരു തീരുമാനം എടുക്കരുതു്. ആ ചുമതല മററു ആർക്കെങ്കിലും വിട്ടുകൊടുക്കുക.

3. ഇപ്പോഴത്തെ ജോലിയിൽനിന്നു് നിങ്ങൾക്കു് എന്തെങ്കിലും പഠിക്കാനുണ്ടോ എന്നു് നോക്കാതെ കൂടിയ ജോലി കിട്ടുന്നതിനുള്ള ശ്രമത്തിൽ വ്യാപൃതനാകുക.

തൊഴിൽ കാര്യങ്ങൾപോലെ തന്നെ ജീവിതത്തിലും ഈ ഉപദേശം ഫലിക്കും. ഉത്തരവാദിത്വം ഏറെറടുക്കാൻ പഠിക്കുകയും, മററുള്ളവരോടു് അഭിപ്രായവ്യത്യാസമുള്ളപ്പോൾ അരിശപ്പെടുകയും ചെയ്യുന്നവർ ക്രിസ്തുവിൽനിന്നു് ആളുകളെ അകറ്റിപ്പായിക്കുകയേയുള്ളൂ. അറിവില്ലാത്ത കാര്യങ്ങൾ പഠിക്കുന്നതിലുള്ള അനാസ്ഥയു പരാജയത്തിന്റെ ഒരു പ്രധാന ഹേതുതന്നെ.

ഓ! ദൈവമേ, എന്റെ ഉത്തരവാദിത്വം ഒരിക്കലും കൈയൊഴിയാതിരിക്കുവാൻ എന്നെ പഠിപ്പിക്കണമെ.

### ഫെബ്രുവരി 19

**രണ്ടാം പതിപ്പ് ഇല്ല**

പതിനെട്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ ജോൺ ക്ലേയർ എന്ന കവി പരിഹാസരസത്തിൽ ഒരു കവിത എഴുതി.

"എന്റെ ജീവിതത്തിനു് ഒരു രണ്ടാം പതിപ്പുണ്ടായിരുന്നെങ്കിൽ, എത്ര സൂക്ഷിച്ചു് ഞാൻ അതിന്റെ "പ്രൂഫ്" തിരുത്തുമായിരുന്നു."

എന്തുചെയ്യാം. നമ്മുടെ ജീവിതത്തിനു് ഒരു പതിപ്പേ ഉള്ളൂ. ഇതിലെ തെററുകൾ നിത്യത്വത്തിൽ പതിക്കുന്നു എന്നാൽ നമ്മുടെ കഴിഞ്ഞ ജീവിതകാലത്തെ തെററുകളിൽനിന്നും, ആത്മീയവും ഭൗതികവും ആയ മൂല്യങ്ങളെ വിവേചന ചെയ്തു, നമ്മുടെ നിത്യരക്ഷാമാർഗ്ഗത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾക്കു് ചെവികൊടുത്തു നമുക്കു് നമ്മുടെ ജീവിതത്തിലെ തെററുകൾ ഒന്നാംപതിപ്പിൽത്തന്നെ തിരുത്താൻ കഴിയും. പുതിയ തെററുകൾ ഉണ്ടായി എന്നു വരാം. എന്നാൽ സന്മാർഗ്ഗത്തിൽനിന്നു് അധികം അകലാതെ സത്യത്തിലേക്കും സമാധാനത്തിലേക്കും വേഗം തിരിച്ചുവരാൻ ക്രിസ്തു സഹായിക്കും.

"അപ്പോൾ നിങ്ങൾക്കു് സങ്കടം ഉണ്ടാകും. എന്നാൽ വീണ്ടും ഞാൻ നിങ്ങളെക്കാണും. നിങ്ങളുടെ ഹൃദയം അപ്പോൾ സന്തോഷിക്കും. ആ സന്തോഷം നിങ്ങളിൽനിന്നു് ആരും എടുത്തുകളകയുമില്ല."

(വി യോഹന്നാൻ 16: 22)

കർത്താവേ, അങ്ങു് എന്റെ സഹായവും ശക്തിയും ആയിരിക്കണമേ.

### ഫെബ്രുവരി 20

**ആ കണക്കു് ഒന്നു് കുറിക്കണേ!**

ഒരു വലിയ നഗരത്തിൽ ജീവിച്ചിരുന്ന ഒരാൾ അവിടെയുള്ള സകലരുടേയും ശ്രദ്ധ ആകർഷിച്ചിരുന്നു. അയാൾ ഏതെങ്കിലും കടയിൽ നിന്നിറങ്ങിവരുമ്പോഴും, സിനിമാശാലയിലേക്കോ, മറേറതെങ്കിലും വിനോദരംഗത്തേക്കോ കയറുമ്പോഴും ഒരു ചെറിയ കണക്കുപുസ്തകം എടുത്തു എന്തോ കുറിക്കുന്നതു് കാണാമായിരുന്നു. ഒരിക്കൽ ഒരാൾ അയാളുടെ സമീപംചെന്നു് "നിങ്ങൾ ചെലവാക്കുന്ന സകല ഇനങ്ങളും നിങ്ങൾ കണക്കെഴുതി സൂക്ഷിക്കാറുണ്ടോ?"എന്നന്വേഷിച്ചു.

"ഇല്ലില്ല. എല്ലാം എഴുതുകയില്ല. സുഖസൗകര്യങ്ങൾക്കും വിനോദത്തിനും അലങ്കാരത്തിനും വേണ്ടി ചെലവുചെയ്യുന്നവ മാത്രം ഞാൻ കുറിക്കാറുണ്ടു്. പലഹാരങ്ങൾ, സിഗററുകൾ, സുഗന്ധദ്രവ്യങ്ങൾ മുതലായവയും, ഡ്രാമാ, സിനിമാ തുടങ്ങിയവയും ചെലവുചെയ്യുന്നതുമാത്രം!" അയാൾ മറുപടി പറഞ്ഞു.

"അതുകൊണ്ടുള്ള പ്രയോജനം?" അപരൻ അന്വേഷണം തുടർന്നു.

"അതു പറയാം. ലോകത്തിൽ ഇത്രയേറെ കഷ്ടതയും ദുരിതവും ഉള്ളപ്പോൾ


**FIXED DEPOSITS**

2 years 4½%

1 — 4 %

6 months 3 %

**TheBankofCochinLtd.**

ERNAKULAM

*Branches:*

CHALAKUDY, TRICHUR;

MATTANCHERY,

WILLINGDON ISLAND


ഞാൻ മാത്രം സുഖിക്കുന്നതും സന്തോഷിക്കുന്നതും തെററല്ലേ? എന്റെ സുഖസന്തോഷങ്ങൾക്കായി ഞാൻ എത്ര പണം ചെലവാക്കുന്നുവോ, അത്രയും പണം അഗതികൾക്കും രോഗികൾക്കും ദാനം ചെയ്യണമെന്നാണു് എന്റെ നിശ്ചയം."

അയാൾക്കു് അയാളുടെ സഹജീവികളോടുള്ള അനുകമ്പയുടെ പ്രകടമായ രൂപം! അതു പ്രശംസാർഹമാണു്. മററുള്ളവരുടെ ദുഃഖം സ്വന്തദുഃഖമായി കാണാൻ അയാൾക്കു് കഴിഞ്ഞു. ഒരാളുടെ ദുഃഖം എല്ലാവരും അറിയേണ്ടതും അനുഭവിക്കേണ്ടതും ആണു്.

പരസ്നേഹവും ഔദാര്യവും മനുഷ്യവർഗ്ഗത്തിന്റെ താല്പര്യമായിരിക്കണം. ലോകത്തിൽ എവിടെയുമുള്ള മനുഷ്യരുടെ ദുഃഖം എന്റെയുംകൂടിയായി അനുഭവിക്കുവാനുള്ള നന്മനസ്സു് എനിക്കു് നൽകണമേ.

### ഫെബ്രുവരി 21

**അതു് ഒന്നു ഓർമ്മിക്കുമോ?**

പണ്ടു് റോമൻ ഗവണ്ണറന്മാർ പലരാജ്യങ്ങളേയും കീഴടക്കിയശേഷം റോമിൽ തിരിച്ചെത്തുമ്പോൾ ആഘോഷമായി അവരെ സ്വീകരിക്കുകയും പട്ടണത്തിൽ കൂടി പ്രദക്ഷിണം നടത്തുകയും ചെയ്തിരുന്നു. ആ സന്ദർഭങ്ങളിൽ ലൗകികപ്രാഭവത്തിന്റെ നശ്വരത അവരെ ഓർമ്മിപ്പിക്കുവാനായി, അവർക്കു് ഓരോ അടിമകളെ നൽകിയിരുന്നു. ഈ അടിമകൾ ജേതാവിന്റെ രഥത്തിനുള്ളിൽ ഒളിച്ചിരുന്നുകൊണ്ടു് കൂടെക്കൂടെ അയാളോടു് മന്ത്രിക്കുമായിരുന്നു: "അങ്ങു് ഒരിക്കൽ മരിക്കും എന്നു് ഓർമ്മിക്കുക."

ഈ അനുസ്മരണം ജേതാക്കളെ അമിതമായ ജയഘോഷങ്ങളിലും അതിനോടനുബന്ധിച്ച അപകടങ്ങളിലും നിന്നു് രക്ഷിച്ചിരുന്നു. ഇപ്പരാജയങ്ങളെ കൂടുതൽ സമചിത്തതയോടെ നേരിടാനും അതു് അവരെ സഹായിച്ചിരുന്നു. ഒരു ചരിത്രകാരൻ രേഖപ്പെടുത്തിയതുപോലെ "ഇപ്പോൾ നാമാവശേഷമായിരിക്കുന്ന അന്നത്തെ ആ പതിവു് പലരും മതിമറന്നു് ധിക്കാരവും സാഹസവും പ്രവർത്തിക്കാതെ ജീവിക്കുവാൻ സഹായിച്ചു."

ക്രിസ്തുവിനു് അനേകം നൂററാണ്ടുകൾക്കു് മുമ്പു്, പരിശുദ്ധാത്മാവിനാൽ പ്രേരിതനായി വിശുദ്ധ പുസ്തകത്തിൽ ഒരാൾ എഴുതിച്ചേർത്തു ഇതുപോലെ സ്മരണാർഹമായ ഒരു നിർദ്ദേശം. "നിന്റെ എല്ലാ പ്രവൃത്തികളിലും നീ നിന്റെ അവസാനത്തെപ്പററി ഓർമ്മിക്കുക. എന്നാൽ നീ പാപം ചെയ്കയില്ല."

(സഭാപ്രസംഗി 7-40)

ഈ ലോകത്തിന്റെ പരിധികൾ കടന്നു് പരലോകത്തെയും ബാധിക്കുന്ന ഒരു നിർദ്ദേശം! അതു നാം ഓർമ്മിക്കുന്നതു് നന്നായിരിക്കും.

എന്റെ ജീവിതം എളുപ്പം അവസാനിച്ചു് വേഗം ഞാൻ മരിക്കുമെന്നു് എന്റെ ദൈവമേ, എന്നെ എല്ലായ്പോഴും ഓർപ്പിക്കുക.

---

* ഫാദർ ജയിംസ് കെല്ലർ രചിച്ചതും ശ്രീ കെ. സി. ചാക്കോ എം. എ. ബി. ഇ. വിവർത്തനം ചെയ്തതുമായ ഈ കൃതി എൽത്തുരുത്തു് സെന്റു് ജോസഫ്സ് പ്രസ്സിൽനിന്നും പുസ്തകരൂപത്തിൽ ലഭിക്കുന്നതാണു്. ഒരു മാസത്തേക്കുള്ളതിനു് 3 ണ. വില.



## പുസ്തകാഭിപ്രായം

### മുകുളം

(രണ്ടാം പതിപ്പു്)

(ഗ്രന്ഥകർത്താ: വർഗ്ഗീസ് ജെ. മാളിയേക്കൽ. മാളിയേക്കൽ ബ്രദേഴ്സ്, കോൺവന്റു് സ്ക്വയർ, ആലപ്പുഴ. വില 8ണ.)

"ഗാനഗുച്ഛകം", "ക്രിസ്തുസംഗാനങ്ങൾ", "അഞ്ജലി", "ഗായകൻ", "മുകുളം" എന്നിങ്ങനെ പല ഗാനസമാഹാരങ്ങളും ശ്രീ വർഗ്ഗീസ് മാളിയേക്കൽ ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവയുടെയെല്ലാം നടുനായകമായി പരിലസിക്കുന്നതു "മുകുളം" ആണെന്നു തോന്നുന്നു. ഈ കൃതി നേരത്തെതന്നെ സത്യദീപത്തിൽ നിരൂപണം ചെയ്തിട്ടുള്ളതാണു്. ഇതിനിത്രവേഗം ഒരു രണ്ടാം പതിപ്പു വേണ്ടിവന്നതിൽ നിന്നു് കേരള കത്തോലിക്കർ ശ്രീ മാളിയേക്കലിന്റെ ഗാനകൃതികൾക്കു നൽകുന്ന സ്വാഗതം ഏതുതരത്തിലുള്ളതാണെന്നു അനുമാനിക്കാവുന്നതത്രെ. ക്രിസ്തു പുഷ്പങ്ങൾ വർഷിക്കുന്നതായും ശിഷ്യർ അവ സ്വകരങ്ങളിൽ സ്വീകരിക്കുന്നതായുമുള്ള കവർചിത്രം ഈ രണ്ടാം പതിപ്പിനു് ഒരു ഭൂഷണമായിട്ടുണ്ടു്. എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താമാർ, കോട്ടയം സഹായമെത്രാൻ എന്നീ തിരുമേനിമാരുടെ ആശീർവ്വാദ ലേഖനങ്ങൾ ഈ പതിപ്പിൽ വിശേഷവിധിയായി ചേർത്തിട്ടുള്ള കാര്യവും പ്രത്യേകം പ്രസ്താവ്യമത്രെ.

ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന ഭക്തിരസം ഗാനരൂപത്തിൽ ബഹിർഗമിക്കുക സ്വാഭാവികമാകയാൽ, സംഗീതത്തിനു മതവുമായി അഭേദ്യബന്ധമുണ്ടെന്നു പറയാം. ആകയാൽ കേരളീയ കത്തോലിക്കരുടെ മതഭക്തിയെ ഉത്തേജിപ്പിക്കുന്നതിനു ശ്രീ മാളിയേക്കലിന്റെ അഭിനവവർണ്ണമട്ടുകളിലുള്ള ഗാനങ്ങൾ സഹായിക്കാതിരിക്കയില്ല. തൽക്കാരണത്താൽ അദ്ദേഹത്തിന്റെ കൃതികൾക്കു സാർവ്വത്രികമായ പ്രചാരം നല്കുവാൻ ഏവരും പരിശ്രമിക്കേണ്ടതാണു്. ഗാനരീതികൾ അറിഞ്ഞുകൂടെങ്കിൽ, ഗ്രന്ഥകാരൻതന്നെ ഓരോ സ്ഥലത്തുമെത്തി അവ അഭ്യസിപ്പിക്കുന്നതായിരിക്കും. "മുകുളം"പോലുള്ള കൃതികൾവഴി ദൈവമഹത്വം ഉപര്യുപരി പുലരുമാറാകട്ടെ.

## NOTES ON SPIRITUAL LIFE

(By the late Very Rev. Fr. Barth lomew of Jesus T O.C. D. St. Joseph's I S. Press, Elthuruth. Pages 38. Price 5 as.)

കേരളസുറിയാനിസഭയുടെ പ്രിയോർ ജനറാളായിരുന്ന വെരി റവ ഫാദർ ബർത്തലോമ്മ ടി. ഒ. സി. ഡി. അവർകൾ ഒരാദ്ധ്യാത്മികഗുരു എന്ന നിലയിലും ഒരു പ്രാസംഗികൻ എന്ന നിലയി

ഫാത്തിമാബാലസമിതി

# ചില ഉപമകൾ

പ്രിയകുഞ്ഞുങ്ങളേ,

നീങ്ങൾ ബാലന്മാരും ബാലികമാരുമാണു്. അൻപതും അറുപതും ഒരു പക്ഷെ നൂറും അതിനപ്പുറവും വയസ്സുവരെ ജീവിക്കുവാനുള്ളവരാണു് നിങ്ങളിൽ പലരും. നിങ്ങളുടെ മുൻപിൽ നീണ്ടുനിവന്നുകിടക്കുന്ന ആ ജീവിതത്തിനു ഒരുങ്ങുകയാണു ബാല്യകാലത്തേ നിങ്ങളുടെ പ്രധാനകത്തവ്യമെന്നു് ചില ഉപമകൾവഴി വിശദമാക്കാം.

മരണംവരെയുള്ള നിങ്ങളുടെ ജോലി ബ്രഹ്മാണ്ഡവും അതിമനോഹരവുമായ ഒരു മാളികയുടെ പണി പൂത്തിയാക്കുകയാണെന്നു് സങ്കല്പിക്കുക. അങ്ങനെയെങ്കിൽ പണി കഴിക്കുവാൻ നീങ്ങൾ ഉദ്ദേശിക്കുന്ന അഥവാ ആഗ്രഹിക്കുന്ന മന്ദിരത്തിനു യോജ്യമായ ഉറപ്പുള്ള അടിസ്ഥാനമിടുകയാണു് നീങ്ങളുടെ ബാല്യത്തിലെ ചുമതല. അടിസ്ഥാനം കെട്ടിടത്തിനുപററിയതും ഉറപ്പുള്ളതുമല്ലെങ്കിൽ അതിൻെറ ഭാവി എന്തായിരിക്കുമെന്നു നീങ്ങൾക്കൂഹിക്കാമല്ലോ.

ആധുനികകാലത്തെ യുദ്ധമുറകളെക്കുറിച്ചു കുറെയൊക്കെയെങ്കിലും നിങ്ങൾ കേട്ടിരിക്കണം. കരയിലും കടലിലും ആകാശത്തിലും ജലനിരപ്പിനടിയിലും വച്ചു് യുദ്ധംചെയ്യേണ്ടതായിട്ടുണ്ടു്. യുദ്ധത്തിനു് പല സാമഗ്രികളും വാഹനങ്ങളും ഉപയോഗിക്കപ്പെടുന്നു. ആരാണു് ഇവയെല്ലാം ഉപയോഗിക്കുന്നതു്? വളരെ നാളത്തെ പരിശീലനം ലഭിച്ചിട്ടുള്ള യോദ്ധാക്കളാണു്. പരിശീലനകാലത്തു് ഉത്സാഹപൂവ്വം ഓരോ യുദ്ധമുറകളും പഠിച്ചു് വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവക്കു മാത്രമേ സാമത്ഥ്യപൂവ്വം യുദ്ധംചെയ്യുന്നതിനും ശത്രുക്കളെ തോല്പിച്ചു വിജയം കൈവരിക്കുന്നതിനും സാധിക്കുകയുള്ളൂ. ഓരോ മനുഷ്യൻെറയും ജീവിതം ഓരോ മഹായുദ്ധരംഗമാണു്. ലോകം, പിശാചു്, ശരീരം എന്ന മൂന്നു ഘോരസത്വങ്ങളാണു് അവൻെറ ശത്രുക്കൾ. ഈ രാക്ഷസന്മാരുടെ ശക്തിയും യുദ്ധപാടവവും ഒരു പക്ഷെ നീങ്ങൾക്കു് അജ്ഞാതമായിരിക്കാം. ആധുനികകാലത്തു് പ്രാബല്യത്തിലിരിക്കുന്ന രാഷ്ട്രങ്ങളിലെ യുദ്ധസേനകളെല്ലാം ഒരുമിച്ചുകൂടി ഒരു നിരയായിനിന്നു യുദ്ധംചെയ്താലും തോല്പിക്കുവാൻ സാദ്ധ്യമല്ലാത്ത വിധം ശക്തിയുള്ളവരാണു് പ്രസ്തുത ശത്രുക്കളിൽ ഓരോരുത്തരും എന്നു പറഞ്ഞാൽ അവരുടെ കഴിവുകളെക്കുറിച്ചു് ഏറെക്കുറെ നീങ്ങൾക്കു് മനസ്സിലാക്കാമല്ലോ. ഇവരോടു് യുദ്ധംചെയ്യാനുള്ള മുറകളാണു് നിങ്ങളുടെ ബാല്യത്തിൽ നിങ്ങൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്യേണ്ടതു്. ശത്രുക്കൾക്കു് നിങ്ങളെ നിഷ്പ്രയാസം തോല്പിക്കുവാൻ പയ്യാപ്തമായ സകല വിദ്യകളും അറിയാം. അതുകൊണ്ടു് അവരെ പരാജിതരാക്കുവാൻ പററിയ എല്ലാ അഭ്യാസങ്ങളും നിങ്ങൾ പഠിച്ചിരിക്കേണ്ടതിൻെറ ആവശ്യകത സ്പഷ്ടമാണല്ലോ.

YOUNG MEN desirous to serve God as Religious in Missions, Schools, Orphanages and other Establishments as a Missionary Brother of S.t Francis of Assisi may apply to:

Very Rev. Bro. Superior General
Mount Poinsur,
Borivli P. O., Near Bombay
Or
Rev. Bro. Modestus, C.M.S.F.,
Master of Novices,
Mount Alverno,
Kotagiri P. O., Nilgiri Dt.

നിങ്ങൾക്കു് നന്നായി അറിയാവുന്ന മറ്റൊരുദാഹരണംകൂടി പറയാം. നിങ്ങൾ എല്ലാവരും നാടകങ്ങൾ കണ്ടിട്ടുണ്ടല്ലോ. പ്രസ്തുത നാടകങ്ങളിൽ നടന്മാരായിട്ടുള്ളവരായിരിക്കണം നിങ്ങളിൽ പലരും. ഒരു അഭിനയം മററുള്ളവരുടെ പ്രശംസലഭിക്കത്തക്കവിധത്തിൽ നന്നായിരിക്കണമെങ്കിൽ എന്താണു് ചെയ്യേണ്ടതു്? രംഗത്തിറങ്ങുന്നതിനു് മുൻപു ഓരോരുത്തനും അവനവൻെറഭാഗം പല പ്രാവശ്യം അഭിനയിച്ചു് പരിശീലിച്ചു് വൈദഗ്ദ്ധ്യം സമ്പാദിച്ചിരിക്കണം. നല്ലപോലെ ബുദ്ധിമുട്ടി അഭിനയിച്ചു പഠിക്കാതെ രംഗത്തിറങ്ങുകയാണെങ്കിൽ കാഴ്ചക്കാരുടെ അഭിനന്ദനം ലഭിക്കുകയില്ലെന്നു മാത്രമല്ല പലപ്പോഴും അവരുടെ അവഹേളനങ്ങൾക്കും ആക്ഷേപങ്ങൾക്കും കൂക്കുവിളികൾക്കും പാത്രിഭവിക്കുകയും ചെയ്യും. മനുഷ്യജീവിതം ഒരു നാടകരംഗമാണു്. പ്രസ്തുത രംഗത്തിലെ നടന്മാരാണു് മനുഷ്യരോരോരുത്തരും. മനുഷ്യൻ അവൻെറ ശരിയായ ജീവിതാഭിനയം ആരംഭിക്കുന്നതു് അവനു് പ്രായപൂത്തിയാകുമ്പോൾ മുതൽക്കാണു്. അപ്പോൾ തുടങ്ങുന്ന അഭിനയം മനുഷ്യൻേറയും ദൈവത്തിൻേറയും ദൃഷ്ടികളിൽ അഭിനന്ദനാർഹമായിരിക്കണമെങ്കിൽ മുൻകൂട്ടിയുള്ള ശരിയായ പരിശീലനം അവൻ കഴിച്ചിരിക്കണം. ഈ പരിശീലനഘട്ടത്തിൻെറ പ്രഥമവും പ്രധാനവുമായ ഭാഗമാണു് ബാല്യകാലം. അതുകൊണ്ടു് നിങ്ങളുടെ ഭാവി ശോഭനമായിത്തീരത്തക്കവിധത്തിൽ ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടവ എന്തെന്നു മനസ്സിലാക്കുകയും സ്ഥിരോത്സാഹത്തോടുകൂടി അവ പ്രവൃത്തിയിൽ വരുത്തുവാനുള്ള സന്നദ്ധത കൈവരുത്തുകയും ചെയ്യണം.

---


ലും കേരളീയ കത്തോലിക്കർക്കു സുപരിചിതനായിരുന്നു. അദ്ദേഹം അമ്പഴക്കാട്ടു് നവസന്യാസഗുരു ആയിരുന്നപ്പോൾ സ്വശിഷ്യക്കു പറഞ്ഞുകൊടുത്ത നോട്ടാണു്, ഇപ്പോൾ സുപ്രസിദ്ധ ധ്യാനപ്രസംഗകനും ഗ്രന്ഥകാരനുമായ മറെറാരു കമ്മലീത്താ സന്യാസി, റവ. ഫാദർ ഗ്രിഗരി സി. ഡി., പുസ്തകരൂപത്തിൽ പ്രസാധനം ചെയ്തിരിക്കുന്നതു്. സന്യാസിനിസന്യാസികൾക്കു മാത്രമല്ല, ഇടവകവൈദികക്കും ആദ്ധ്യാത്മികശാസ്ത്രം ഗ്രഹിക്കാനാഗ്രഹിക്കുന്ന അത്മേനികൾക്കും ഈ ഗ്രന്ഥം അത്യന്തം പ്രയോജകീഭവിക്കുന്നതായിരിക്കും. ആകയാൽ ഇംഗ്ലീഷുഭാഷാഭിജ്ഞന്മാരായ എല്ലാവരും ഇതുവാങ്ങി വായിക്കണമെന്നുൽബോധിപ്പിക്കുകയും പരേതനായ ഗ്രന്ഥകത്താവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു.

# പ്രേഷിതർ

(ചെറുപുഷ്പമിഷൻലിഗ്, സെൻട്രൽ ഓഫീസ്, ഭരണങ്ങാനം. വാർഷികവരിസംഖ്യ 0—10—0. ഒററപ്രതിക്കു് 2 ണ.)

കുട്ടകുമണിപ്രായത്തിൽ 3 കൊല്ലംമുമ്പു സമാരംഭിച്ചതാണെങ്കിലും ക്രമപ്രവൃദ്ധമായി വളർച്ച പ്രാപിച്ചു്, ശാഖോപശാഖകളായി വികസിച്ചിരിക്കുന്ന ഒരു പ്രേഷിതതരുവാണു് ഭരണങ്ങാനത്തെ ചെറുപുഷ്പമിഷൻ ലീഗ്. "ഭാരതമേ, നിൻെറ രക്ഷ നിൻെറ സന്താനങ്ങളിൽ" എന്ന ലയോൻ മാപ്പാപ്പായുടെ സുപ്രസിദ്ധമായ ഉദ്ബോധനത്തെ മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ടു്, "മിഷൻ കാര്യങ്ങളിൽ പരിശ്രമിക്കുന്നതിനു സേവനസന്നദ്ധരും ത്യാഗശാലികളുമായ അൽമായരുടെ ഒരു സൈന്യത്തെ സംഘടിപ്പിക്കുക, ഇടവകകളിലും വിദ്യാലയങ്ങളിലും കുടുംബങ്ങളിലും വ്യക്തികളിലും മിഷൻചൈതന്യം ഉൽപാദിപ്പിക്കുകയും വളത്തുകയും ചെയ്യുക, പ്രാത്ഥന, പ്രവത്തനം, സംഭാവന ഇവ വഴിയായി ഭാരതമാനസാന്തരത്തിനു വേണ്ടി പരിശ്രമിക്കുക", എന്നി ലക്ഷ്യങ്ങളോടുകൂടി പ്രവത്തിച്ചുവരുന്ന ഒരു സംഘടനയാണു് ചെറുപുഷ്പ മിഷൻ ലീഗ്. ഇന്നു് അതിനു 112ശാഖകൾ ഉള്ളതായി കാണുന്നു. പ്രസ്തുത ലീഗിൻെറ ജിഹ്വയായി രംഗപ്രവേശം ചെയ്തിരിക്കുന്ന ദ്വൈമാസികമാണു "പ്രേഷിതർ." പാലാ ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷന്മാരുടെ ആശിവ്വാദലേഖനങ്ങൾക്കു പുറമെ ലീഗുസംബന്ധമായി വിജ്ഞാനപ്രദങ്ങളായ പല വിവരങ്ങളും പ്രഥമ ലക്കത്തിൽ ചേത്തിട്ടുണ്ടു്. പുതിയ സഹജീവിക്കു സകല വിജയവുമാശംസിച്ചുകൊള്ളുന്നു.

---




കാവുകാട്ടുതിരുമേനി സ്വശിഷ്യരുടെ മദ്ധ്യത്തിൽ. തിരുമേനി മുട്ടത്തുപള്ളി സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. ഇടത്തുനിന്നും വലത്തോട്ടു്: ശ്രീ മാത്യു എം. പാണാട്ടു് ബി. എ., ബി. ററി., ശ്രീ ജെ. ചാണ്ടി ബി. എ., ശ്രീ സി. വി. ജേക്കബ്ബ് ബി. എ., ബി. എൽ., ശ്രീ ഐസക്ക്, ജെ. തുരുത്തിക്കാട്ടു് ബി. എ.

---

"ബുദ്ധിക്കു ചേരുംപടി സർവ്വവും നീ
ശ്രദ്ധിക്ക നേടാൻ തവബാല്യകാലേ
ബുദ്ധിബ്ഭ്രമത്താലതുചെയ്തിടാഞ്ഞാൽ
സിദ്ധിപ്പതെന്തിട്ടു് വയസ്സനായാൽ?"
(പ്രാസംഗികൻ XXV-5.)

ഇപ്പോൾ നോമ്പുകാലമാണെന്നറിയാമല്ലോ. നിവൃത്തിയുള്ളപക്ഷം ദിവസവും കുർബാന കാണുന്നതിനു ഉത്സാഹിക്കണം. കുർബാനയിൽ സംബന്ധിക്കുന്നതുതന്നെ കൂടുതൽ ഭക്തിയോടെ ആയിരിക്കണം. കൂടാതെ, വെള്ളിയാഴ്ചതോറുമുള്ള വിയാസാക്രയിൽ സംബന്ധിക്കുന്ന കാര്യവും മറന്നുപോകരുതു്. ഇപ്രകാരം നമ്മുടെ കത്താവിൻെറ പീഡാനുഭവത്തെപ്പററിയുള്ള സ്മരണ നിലനിത്തുവാൻ പരിശ്രമിക്കുവിൻ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഏതു രാജ്യങ്ങളിൽനിന്നാണു താഴെ പറയുന്ന സാധനങ്ങൾ ഏററവും കൂടുതലായി ലഭിക്കുന്നതു്?

1) സ്വർണ്ണം 2) റബ്ബർ 3) കൃത്രിമപ്പട്ടു് 4) തേയില 5) പെട്രോളിയം.

ഉത്തരം

1) ദക്ഷിണാഫ്രിക്ക 2) മലയ 3) യു. എസ്.എ. 4) ചൈന 5) യു. എസ്.എ.

---

വി. ഫിലോമിനായുടെ മാദ്ധ്യസ്ഥതാൽ എൻെറ സുഖക്കേടു ഭേദമായതിനു ഉപകാരസ്മരണ.

ററി. എം. ത്രേസ്യാ

---

## വിദ്യാഭ്യാസപദ്ധതി

### കാത്തലിക്കുയൂണിയൻെറ പ്രമേയം

കഴിഞ്ഞ ജാനുവരി 7-ാംനു- മംഗലാപുരത്തു കാത്തലിക്കു് ക്ലബിൽവച്ചു ഷെവലിയർ എം. രത്നസ്വാമിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഇന്ത്യൻ കാത്തലിക്കു് യൂണിയൻെറ അഞ്ചാമതു് വാർഷികപൊതുയോഗത്തിൽ തിരു - കൊച്ചി വിദ്യാഭ്യാസ പദ്ധതിയെപ്പററി പാസാക്കിയ പ്രമേയം താഴെ ചേക്കുന്നു.

"ഇന്ത്യൻ ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്കു ഉറപ്പു നൽകിയിട്ടുള്ള മൗലികാവകാശങ്ങളെ അവഗണിച്ചുകൊണ്ടുള്ള നടപടികൾ ഏർപ്പെടുത്തുന്നതിനു ഇന്ത്യൻ യൂണിയനിലെ ചില സംസ്ഥാനങ്ങളിലെ ഗവമ്മെൻറുകൾ ഇയ്യിടെയായി ഒരു താല്പയ്യം പ്രദർശിപ്പിക്കുന്നതുകൊണ്ടും,

"അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുള്ള ഭാവേന, പ്രൈവററു സെക്കണ്ടറി സ്കൂളുകളിലെ ഫീസ് പിരിവിൻെറ 80ശതമാനം ഗവമ്മെൻറു ഖജനാവിൽ വിദ്യാഭ്യാസവകുപ്പിൻെറ പേരിൽ അടയ്ക്കണമെന്നും ഗവമ്മെൻറു തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നു പ്രൈവററു സ്കൂളുകളിലെ അദ്ധ്യാപകന്മാരെ നിയമിക്കണമെന്നുമുള്ളതു് ഗ്രാൻറു് ലഭിക്കുന്നതിനു പ്രാരംഭമായ ഒരു വ്യവസ്ഥയാക്കികൊണ്ടു മാനേജ്മെൻറുകളുടെ ഉടമാപരവും മററുമായ അവകാശങ്ങളെ കയ്യേറികൊണ്ടുള്ള ഒരു പുതിയ പ്രൈവററു് സെക്കണ്ടറി വിദ്യാഭ്യാസ പരിഷ്കരണപദ്ധതി തിരുവിതാംകൂർ കൊച്ചി ഗവമ്മെൻറു് നടപ്പിൽ വരുത്താൻ പോകുന്നതുകൊണ്ടും,

"പ്രൈവററു് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ സാധാരണയായി സീനിയോറിട്ടി അനുസരിച്ചു നിയമിച്ചുകൊള്ളണമെന്നു പ്രസ്തുത പദ്ധതി ആവശ്യപ്പെടുന്നതുകൊണ്ടും,

"പ്രൈവററു് സ്കൂളുകളിലെ നിയമനം പബ്ലിക്കു് സവ്വീസിൽ സാമുദായിക നീതി അനുഷ്ഠേയമാക്കുന്നതിൽ പരിഗണിക്കപ്പെടുമെന്നുള്ളതുകൊണ്ടും,

"തിരുവിതാംകൂർ - കൊച്ചി ഗവമ്മെണ്ടിൻെറ പദ്ധതിയിലെ ഇതും ഇതുപോലെയുള്ള മററു വ്യവസ്ഥകളും "തങ്ങളുടെ അഭിലാഷമനുസരിച്ചു് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു ഭരിക്കുന്നതിനു" ക്രിസ്ത്യാനികളെപ്പോലെയുള്ള മതന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങൾക്കു വിരുദ്ധമായിരിക്കുകൊണ്ടും,

"ഈ പദ്ധതി നടപ്പിലാക്കുന്നപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ഗ്രാൻറു് നൽകുന്ന കാര്യത്തിൽ തരഭേദം ഉളവാക്കുവാൻ ഇടയുള്ളതുകൊണ്ടും സാവ്വത്രികമായ പ്രതിഷേധത്തെ അവഗണിച്ചു പദ്ധതി നടപ്പിലാക്കണമെന്നുള്ള ഗവമ്മെൻറിൻെറ ശാഠ്യം നിയമകോടതികളിൽ പരിഹാരം കണ്ടെത്താൻ കത്തോലിക്കാ സമുദായത്തെ പ്രേരിപ്പിക്കാൻ ഇടയുള്ളതുകൊണ്ടും,

"ഇന്ത്യൻ കാത്തലിക്കു് യൂണിയൻെറ ഈ യോഗം തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിൻെറ പ്രസ്തുത പദ്ധതിയെ എതിക്കുകയും, സംസ്ഥാനത്തിനു അപകീത്തി വരുത്തുന്നതും സംസ്ഥാനത്തിനു ഗണ്യമായ സേവനം ചെയ്തിട്ടുള്ള ക്രിസ്ത്യാനികളുടെ പ്രൈവററു് വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതുമായ അത്തരം നയം അനുവർത്തിക്കരുതെന്നു ഗവമ്മെൻറിനോടു ആവശ്യപ്പെടുകയും ചെയ്തുകൊള്ളുന്നു."

അവതാരകൻ: മി. ഡബ്ലിയു. എച്ച്. തിയോബോൾഡ് (മൈസൂർ).

അനുവാദകൻ: മി. യു. കണ്ണപ്പ (ദക്ഷിണകാനറ).

## പ്രഭുവംശജരുടെ കത്തവ്യം

ഇററലിയിലെ പ്രഭുവംശജർ പരിശുദ്ധ പിതാവിനെ ഈയിടെ സന്ദർശിച്ചപ്പോൾ തിരുമനസ്സുകൊണ്ടു് അവക്കു് നല്കിയ ഉദ്ബോധനത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "രക്തത്തിലും ഉത്ഭവത്തിലും മാത്രമല്ല, ത്യാഗകൃത്യങ്ങളിലും സമുദായസേവനത്തിലും പ്രഭുക്കളായി വത്തിക്കുവാൻ ഇപ്പോൾ നിങ്ങൾക്കു മുൻകാലങ്ങളെ അപേക്ഷിച്ചു കൂടുതലായ കടമയുണ്ടു്. ഏതൊരു മനുഷ്യൻേറയും, ഏതൊരു പൗരൻേറയും കത്തവ്യമാണതു്. സത്യവിശ്വാസത്തിൻെറ പരിപാവനമായ കല്പനയുമാണതു്. നിങ്ങളുടെ പിതാക്കളിൽനിന്നു അവകാശമായി നിങ്ങൾക്കതു ലഭിച്ചിട്ടുണ്ടു്. നിങ്ങളതു അഭംഗമായി നിങ്ങളുടെ സന്താനങ്ങൾക്കു പ്രദാനംചെയ്യുകയും വേണം."

# ദിവ്യരക്ഷകസഭ

## (റിഡംപ്റ്ററിസ്റ്റ്സ്)

(ജോസഫ് പി. വിതയത്തിൽ ബി. എ. ബി. എൽ.)

ദിവ്യരക്ഷകന്റെ സഭ എന്ന പേരിൽ അറിയപ്പെടുന്ന സന്യാസസഭ 1732-ൽ വിശുദ്ധ അൽഫോൻസ് ലിഗോരിയാൽ സ്ഥാപിതമായി. ഈ സഭയുടെ ഏകലക്ഷ്യം നമ്മുടെ ഏറ്റവും പരിശുദ്ധ രക്ഷകനായ ഈശോമിശിഹായുടെ ഇഹലോകജീവിതത്തെയും സുകൃതങ്ങളെയും കഴിയുംവിധം പൂർണ്ണതയോടുകൂടി അനുകരിക്കുക എന്നുള്ളതായതുകൊണ്ടത്രെ ഇത്ര മനോഹരമായ പേർ അതിനു ലഭിച്ചിട്ടുള്ളതു്. നമ്മുടെ ദിവ്യരക്ഷകൻ യൂദായിലും ഗ്ലീലായിലും ചുറ്റി സഞ്ചരിച്ചു് തന്റെ ദിവ്യസുവിശേഷം ജനങ്ങളോടു് പ്രസംഗിച്ചു. ഒരു സമയത്തു കപ്പർനാഹോമിൽ, വേറൊരു സമയത്തു് ബഥനിയിൽ, മറ്റൊരു സമയത്തു് യൂറുസലേമിൽ—ഇങ്ങനെ ദേശങ്ങൾതോറും അവിടുന്നു പ്രസംഗിക്കുന്നതായി നാം വിശുദ്ധ ലിഖിതത്തിൽ കാണുന്നു. അപ്രകാരംതന്നെ ഒരു ദിവ്യരക്ഷക സഭാംഗവും തന്റെ അപ്പസ്തോലികപ്രവർത്തനങ്ങൾ ഒരു ഇടവകയിലോ രൂപതയിലോ മാത്രം നടത്താതെ പല സ്ഥലങ്ങളിലും ചുറ്റിസഞ്ചരിച്ചു തന്റെ ദിവ്യഗുരുവിന്റെ ജോലി തുടർന്നു നിർവഹിച്ചുവരുന്നു. എന്നാൽ ആദ്ധ്യാത്മികസഹായം കൂടുതൽ ആവശ്യമായിരിക്കുന്ന സ്ഥലങ്ങളിൽ ജോലിചെയ്യുവാൻ അയാൾ പ്രത്യേകതാല്പര്യം പ്രദർശിപ്പിക്കുന്നുമുണ്ടു്.

മിഷൻ, അതായതു്, പൊതുധ്യാനങ്ങൾ നടത്തുക, ഏകാന്തധ്യാനങ്ങൾ പ്രസംഗിക്കുക എന്നീ പ്രത്യേകജോലികൾ നിർവ്വഹിക്കുന്നതിനുവേണ്ടിയിട്ടാണു് ദിവ്യരക്ഷകസഭ സ്ഥാപിക്കപ്പെട്ടതു്. കഴിഞ്ഞ ഇരുന്നൂറുവർഷങ്ങളായി സഭാംഗങ്ങൾ അവരുടെ നിയമസംഹിത അനുശാസിക്കുന്നതുപോലെ ഈ പ്രത്യേക ജോലിയിൽമാത്രം അവരുടെ മുഴുവൻശ്രദ്ധയും പതിച്ചുവരുന്നു. ഇന്നു് ലോകത്തിലെ മിക്ക രാജ്യങ്ങളിലും ദിവ്യരക്ഷകസഭക്കാർ ധ്യാനപ്രസംഗങ്ങൾ നടത്തുന്നുണ്ടു്. ഏഷ്യയിൽതന്നെ ബർമ്മാ, ചൈനാ, സയാം, ഇൻഡോചൈനാ, ജപ്പാൻ, ഫിലിപ്പൈൻ ദ്വീപുകൾ എന്നീ രാജ്യങ്ങളിൽ അവരെ കാണാവുന്നതാണു്.

ദിവ്യരക്ഷകസഭക്കാർ തങ്ങളുടെ പ്രവർത്തനപരിപാടിയിൽ യുവജനവിദ്യാഭ്യാസം എന്തുകൊണ്ടു് ഉൾപ്പെടുത്തുന്നില്ല എന്ന ചോദ്യം പലരും ഉന്നയിച്ചിട്ടുണ്ടു. ഈ സഭ സ്ഥാപിക്കപ്പെട്ട സമയത്തു് മിഷൻ പ്രസംഗങ്ങളും, ധ്യാനങ്ങളും നടത്തുവാൻവേണ്ടി മാത്രമായി തിരുസ്സഭയിൽ വേറൊരു സന്യാസസഭയും ഉണ്ടായിരുന്നില്ല. കൂടാതെ, വിദ്യാഭ്യാസപ്രവർത്തനം മറ്റു പല സന്യാസസഭകളും സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചുപോന്നിരുന്നു. പുണ്യവാനായ ആർസിലെ വികാരി പൊതുധ്യാനങ്ങളെപ്പറ്റി ഇപ്രകാരമാണു് എഴുതിയിട്ടുള്ളതു: "ഈ രക്ഷാകരവരപ്രസാദം ആത്മാക്കൾക്കു ലഭിക്കുവാൻവേണ്ടി എനിക്കു സാദ്ധ്യമായിരുന്നെങ്കിൽ ഞാൻ എന്റെ ഈ പാവപ്പെട്ട ശരീരത്തെ വില്ക്കുമായിരുന്നു. അത്രയധികം ഞാൻ പൊതുധ്യാനങ്ങളെ വിലമതിക്കുന്നു." ഈ മഹത്തായ ജോലിയിൽ ദിവ്യരക്ഷകസഭക്കാർ തങ്ങളുടെ മുഴുവൻ സമയവും ചെലവഴിക്കേണ്ടതായിട്ടാണിരിക്കുന്നതു്. യഥാർത്ഥത്തിൽ സഭാംഗങ്ങളുടെ കുറവുകൊണ്ടു് മിക്കരാജ്യങ്ങളിലും അവരുടെ ആദ്ധ്യാത്മികസഹായം വേണ്ടത്ര ലഭ്യമാകുന്നില്ലെന്നുവേണം പറയുവാൻ.

### ഇൻഡ്യയിലും സിലോണിലും

1939-ാമാണ്ടിൽ ഈ സഭയുടെ ഐറിഷ് പ്രോവിൻസിൽപ്പെട്ട മൂന്നു വൈദികർ കാണ്ടിയിൽ ഒരു ആശ്രമം സ്ഥാപിച്ചു. ഒരുകൊല്ലം കഴിഞ്ഞു് 1940-ാമാണ്ടു് മേയ്മാസത്തിൽ ബാംഗളൂരിൽ റിച്ചർഡ്സ് ടൗണിൽ "മൗണ്ട് സെന്റ് അൽഫോൻസസ്" എന്ന പേരോടുകൂടിയ ഇന്ത്യയിലെ അവരുടെ ആദ്യത്തെ സന്യാസഭവനവും ഉൽഘാടനംചെയ്യപ്പെടുകയുണ്ടായി. അതിനുശേഷം ഈ സഭാംഗങ്ങളുടെ പ്രവർത്തനം ഇന്ത്യയിലും പാക്കിസ്ഥാനിലും സിലോണിലും അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നു. വടക്കേ ഇൻഡ്യയിലെയും പാക്കിസ്ഥാനിലെയും പ്രവർത്തനം എളുപ്പത്തിൽ സാദ്ധ്യമാകുന്നതിനുവേണ്ടി സിംലാക്കു മുപ്പതുമൈൽ അകലെ ഡാഗ്ഷൈ എന്ന സ്ഥലത്തു് കഴിഞ്ഞകൊല്ലം ഒരു പുതിയ ആശ്രമം സ്ഥാപിതമായി.

തങ്ങളുടെ ജോലിനിർവ്വഹണത്തിൽ ദിവ്യരക്ഷകസഭാംഗങ്ങൾക്കു ഏറ്റവും ആശ്വാസജനകമായ ഒരു സംഗതി നിത്യസഹായമാതാവിന്റെ അത്ഭുതപടം വഴിയായി ദൈവജനനിയോടുള്ള ഭക്തി പ്രചരിപ്പിക്കുവാൻ അവർക്കു ഇടവരുന്നു എന്നുള്ളതാണു്. ഈ അത്ഭുതപടത്തിന്റെ മൂലപ്രതി റോമിൽ ദിവ്യരക്ഷകസഭാ സുപ്പീരിയർ ജനറലിന്റെ ഭവനത്തോടു ചേർന്ന ദേവാലയത്തിലാണു് പ്രതിഷ്ഠിതമായിരിക്കുന്നതു്. 1866-ൽ ഒൻപതാം പിയൂസ് മാർപ്പാപ്പ ഈ ചിത്രത്തെ ദിവ്യരക്ഷകസഭാംഗങ്ങളുടെ സൂക്ഷിപ്പിനായി അവരെ ഏല്പിച്ചു. തിരുമനസ്സുകൊണ്ടു് അന്നത്തെ സുപ്പീരിയർ ജനറലിനോടു കല്പിച്ചതു്

Thanksgiving



For favours received

T. K. Joseph B. A., B. L.
Vakil, Wadakanchery

"നിത്യസഹായമാതാവിനെ ലോകരെ അറിയിക്കുക" എന്നത്രെ. നമ്മുടെ ദേശത്തെ ജനങ്ങൾ നിത്യസഹായമാതാവിനോടുള്ള ഭക്തിയിൽ മറ്റുരാജ്യനിവാസികളെയപേക്ഷിച്ചു ഒട്ടും പിന്നിലല്ല. അയർലണ്ടിൽ നിത്യസഹായ മാതാവിനോടുള്ള നിത്യനൊവേനയിൽ ആഴ്ചയിൽ ശരാശരി 25000 പേർ സംബന്ധിക്കുന്നു. ബോംബെയിൽ നടത്തുന്ന അത്തരം നൊവേനയിൽ സംബന്ധിക്കുന്നവരുടെ എണ്ണവും ക്രമേണ അതിനോടു അടുത്തുവരുന്നുണ്ടു്.

ദിവ്യരക്ഷകസഭാസന്യാസികൾ ധ്യാനപ്രസംഗങ്ങൾ ഇംഗ്ലീഷിൽ മാത്രമല്ല നടത്തുന്നതു. ബാംഗളൂർ ആശ്രമത്തിൽനിന്നു ഒരു സംഘം വൈദികർ തമിഴിലും, കാണ്ടി ആശ്രമത്തിൽനിന്നു വേറൊരു സംഘം സിംഹളഭാഷയിലും ധ്യാനപ്രസംഗങ്ങൾ നടത്തിവരുന്നു. വിദേശമിഷനിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു സന്യാസസഭകളെയും സംഘങ്ങളെയുംപോലെ ദിവ്യരക്ഷകസഭയ്ക്കും കൂടുതൽ അംഗങ്ങളെ ആവശ്യമുണ്ടു്. കൂടുതൽ അംഗങ്ങളുണ്ടെങ്കിൽ കൂടുതൽ ഭാഷകളിൽ ധ്യാനങ്ങൾ നടത്താമല്ലോ. ദൈവതിരുമനസ്സെങ്കിൽ, താമസിയാതെ ഈ സഭാംഗങ്ങളായ ഇന്ത്യയിലെയും സിലോണിലെയും സ്വദേശികൾതന്നെ അവരുടെ മാതൃഭാഷകളിൽ ധ്യാനങ്ങൾ പ്രസംഗിക്കുന്നതായിരിക്കും. ഈ വർഷം തമിഴ നാട്ടിൽനിന്നു സിലോണിൽ നിന്നും ഓരോ വൈദികവിദ്യാർത്ഥി ഇദംപ്രഥമമായി ദിവ്യരക്ഷകസഭയിൽ ഉൾപ്പെട്ടം സ്വീകരിക്കുന്നതാണു്. വിദ്യാർത്ഥിമന്ദിരത്തിലുള്ള ശേഷം പേർ മലയാളം, കൊങ്കണി, മറാത്തി, തെലുങ്കു് ഇങ്ങനെ മിക്ക ഇന്ത്യൻ ഭാഷകളേയും പ്രതിനിധീകരിക്കുന്നവരാണു്.

### സഭാംഗങ്ങളുടെ പരിശീലനം

ഒരു കവി കവിയായിത്തന്നെ ജനിക്കുന്നു എന്നു പറയാം. എന്നാൽ ഒരാൾ നല്ല പരിശീലനംകൊണ്ടു് മാത്രമേ ഒരു യഥാർത്ഥ ദിവ്യരക്ഷകസഭാംഗമായിത്തീരുന്നുള്ളു. സാമാന്യപ്രാപ്തിയുള്ള ഏതൊരു ചെറുപ്പക്കാരനും സന്യാസാന്തസ്സിലേക്കു ദൈവവിളിയുണ്ടെങ്കിൽ ഈ സഭയിൽ ചേരാവുന്നതാണു്. നൊവിസ്യാത്തിൽ ചേരുന്നതിനു് സ്കൂൾഫൈനലോ അല്ലെങ്കിൽ അതിനു സമാനമായ ഏതെങ്കിലും പരീക്ഷയോ പാസ്സായിരിക്കേണ്ടതാണു്. മറ്റു പല രാജ്യങ്ങളിലും സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചു് യോഗാർത്ഥിസ്കൂളുകൾ (Juvenates) നടത്തപ്പെടുന്നുണ്ടു. ഈ സ്കൂളുകളിലെ വിദ്യാഭ്യാസക്രമം മറ്റു ഹൈസ്കൂളുകളിലേതുപോലെയാണെങ്കിലും സഭയിലേക്കു ദൈവവിളി ഉണ്ടെന്നു തോന്നുന്നവർക്കു മാത്രമേ അവയിൽ പ്രവേശനം അനുവദിക്കുകയുള്ളു. ഇതുവരെ ഇന്ത്യയിൽ ഈ സഭ അങ്ങനെയൊരു സ്കൂൾ ആരംഭിച്ചിട്ടില്ല. എന്നാൽ താമസിയാതെ ഒന്നു തുടങ്ങണമെന്നു ഉദ്ദേശിക്കുന്നു.

ഇന്ത്യാക്കാർക്കും സിലോൺകാർക്കുമായി പ്രശസ്തമായനിലയിൽ നടത്തിവരുന്ന ഒരു നൊവിസ്യാത്തു ദിവ്യരക്ഷകസഭയ്ക്കു ഇപ്പോൾ കാണ്ടിയിൽ ഉണ്ടു്. നൊവിസ്യാത്തിൽ സന്യാസാർത്ഥികൾ ഒരു വർഷക്കാലം മൂന്നു സന്യാസവ്രതങ്ങൾ അനുഷ്ഠിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്യുന്നു. അക്കൊല്ലം, അവർ യാതൊരു പഠനത്തിലും ഏർപ്പെടാതെ ആദ്ധ്യാത്മിക പരിശീലനത്തിൽമാത്രം ചെലവഴിക്കുന്നതാണു്. എന്നാൽ അവരോടു അസാധാരണമായ യാതൊന്നും ആവശ്യപ്പെടുന്നില്ല. പലപ്പോഴും സഭാപ്രവേശനത്തിനായി ആശ്രമവാതുക്കൽ മുട്ടുന്ന ചെറുപ്പക്കാർ നൊവിസ്യാത്തിൽ വളരെ കഠിനമായ ഒരു ജീവിതത്തെ അഭിമുഖീകരിക്കുവാൻ തങ്ങൾ തയ്യാറായിരിക്കണമെന്ന തെറ്റിദ്ധാരണയോടുകൂടിയാണു് വരുന്നതു്. ദിവ്യരക്ഷകസഭാംഗങ്ങൾക്കു അനുയോജ്യമായ സ്വയംപരിത്യാഗം, തപ:ക്രിയകൾ, അനുസരണം എന്നിവയിൽ നിന്നുദിക്കുന്ന വിഷമതകളെ തരണം ചെയ്യുവാൻ ദൃഢമനസ്കരായ യുവവീരന്മാരെപ്പോലെയാണിവർ വരുന്നതു്. എന്നാൽ സഭയിലെ ജീവിതം സന്മനസ്സുള്ള ഏതൊരു സാധാരണക്കാരനും എത്രയോ എളുപ്പമാണെന്നു് ഏതാനും ആഴ്ചകൾക്കുള്ളിൽ അവർ മനസ്സിലാക്കുന്നതായിരിക്കും. തങ്ങളെപ്പോലെയുള്ള മറ്റു ചെറുപ്പക്കാരുമൊന്നിച്ചു് ഏറ്റവും സന്തുഷ്ടമായ ഒരു ജീവിതം നയിക്കുന്നതായി താമസിയാതെതന്നെ അവർക്കു അനുഭവപ്പെടുന്നതാണു്. വി. അൽഫോൻസ് തന്റെ സഭാംഗങ്ങൾക്കെഴുതിയ കത്തുകളിൽ പലപ്പോഴും ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു ... "അതികഠിനമായിട്ടുള്ളതു് നിലനില്ക്കുകയില്ല. മനുഷ്യപ്രകൃതിക്കു് വളരെ കഠിനമായതൊന്നും നീണ്ടു നില്ക്കുന്നതല്ല." അതിനാൽ നൊവിസ്യാത്തംഗങ്ങൾ മുഴുവൻ നേരവും പ്രാർത്ഥനാനിരതരായിരിക്കുന്നില്ല. ദിവസവും ഉല്ലാസത്തിനായി ചില സമയങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. കൂടാതെ വോളിബാൾ മുതലായവ കളിക്കുന്നതിനും ആഴ്ചയിൽ പല പ്രാവശ്യം പുറമെ നടക്കാൻ പോകുന്നതിനും അവർക്കു് അനുവാദമുണ്ടു്.

സ്വർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡു്

നൊവിസ്യാത്തുവർഷത്തിന്റെ അവസാനത്തിൽ പറഞ്ഞൊപ്പിനുശേഷം നവസന്യാസികൾ ബാംഗളൂരെത്തി തങ്ങളുടെ വൈദികപഠനം ആരംഭിക്കുന്നു. ഇപ്പോൾ വിദ്യാർത്ഥിമന്ദിരത്തിൽ ഇരുപതു വൈദികവിദ്യാർത്ഥികൾ ഉണ്ടു്. ലത്തീൻ ഭാഷ തീരെ അറിയാത്തവരോ അല്ലെങ്കിൽ വേണ്ടത്ര പഠിച്ചിട്ടില്ലാത്തവരോ ആയവർ ആദ്യത്തെ ഒന്നോ രണ്ടോകൊല്ലം ആ ഭാഷാപഠനത്തിനായി ചെലവഴിക്കുന്നു. അതു കഴിഞ്ഞു് രണ്ടുകൊല്ലം തത്വശാസ്ത്രവും നാലുകൊല്ലം ദൈവശാസ്ത്രവും പഠിച്ചതിനുശേഷം അവർ നവവൈദികരായി വിദ്യാർത്ഥിഗണത്തെ വിട്ടുപിരിഞ്ഞുപോകുന്നു. ഒരു വൈദികവിദ്യാർത്ഥിയുടെ ജീവിതം പഠനത്തിൽ മാത്രമല്ല ചെലവഴിക്കുന്നതു്. അയാൾ ആഴ്ചയിൽ പലതവണ ഹോക്കി, ഫുട്ട്ബാൾ, ടെന്നിസ്, വോളിബാൾ മുതലായ കളികളിൽ പങ്കെടുക്കുന്നു. കൂടാതെ, ഉയിർപ്പു് തിരുനാൾ കഴിഞ്ഞുവരുന്ന അവധിക്കാലത്തു അയാൾ മറ്റു സഹോദരന്മാരുമൊന്നിച്ചു നീലഗിരിമലയിൽപോയി വസിക്കയും അടുത്തവർഷത്തെ ജോലിയെ അഭിമുഖീകരിക്കുവാൻ ആവശ്യമായ നവോന്മേഷത്തോടുകൂടി ബാംഗളൂർക്കു തിരിച്ചുവരുകയും ചെയ്യുന്നു.

വിദ്യാർത്ഥിമന്ദിരത്തിൽനിന്നു നവഗുരുക്കളായി പുറത്തു വരുന്നവർ ഒന്നുകിൽ ഉപരിവിദ്യാഭ്യാസത്തിനായി റോമിലേക്കയക്കപ്പെടുന്നു, അല്ലെങ്കിൽ ഒരു പ്രത്യേക ഡയറക്ടർ അച്ചന്റെ മേൽനോട്ടത്തിൽ വേറൊരു ആറുമാസം തങ്ങളുടെ ഏറ്റം പ്രധാനജോലിയായ ധ്യാനപ്രസംഗത്തിനു തയ്യാറാകുന്നു. മറ്റു രാജ്യങ്ങളിൽ ഒരു വിദ്യാർത്ഥിമന്ദിരത്തിലെ എണ്ണം സാധാരണയായി നൂറിനോടടുത്താണു്. വൈദികവിദ്യാർത്ഥികൾക്കായി ഇപ്പോൾ ബാംഗളൂരിൽ ഒരു കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു. വിദൂരമല്ലാത്ത ഭാവിയിൽ ആ കെട്ടിടത്തിന്റെ എല്ലാ മുറികളും ഏതദ്ദേശീയരെക്കൊണ്ടു നിറയുമെന്നു് നമുക്കു് പ്രത്യാശിക്കാം.

### ദിവ്യരക്ഷകസഭയിലെ തുണസഹോദരന്മാർ

ദിവ്യരക്ഷക സഭാസന്യാസികളെപ്പറ്റിയുള്ള ഈ കുറിപ്പു് പൂർത്തിയാകണമെങ്കിൽ ഈ സഭയിലെ തുണസഹോദരന്മാരെപ്പറ്റി രണ്ടുവാക്കു പ്രസ്താവിച്ചേ മതിയാവൂ. ഇവർ വൈദികരല്ലെങ്കിലും മറ്റെല്ലാവിധത്തിലും യഥാർത്ഥ ദിവ്യരക്ഷകസഭാംഗങ്ങളാണു്. ഇവർ പ്രാർത്ഥനയിലും ആശ്രമത്തിലെ സാധാരണ ജോലിനിർവ്വഹണത്തിലും തങ്ങളുടെ ജീവിതം ചെലവഴിക്കുന്നു. പൗരോഹിത്യത്തിന്റെ ഭാരമായ ചുമതലകൾ വഹിക്കാതെതന്നെ ഇവർ സന്യാസാന്തസ്സിന്റെ സകല അനുഗ്രഹങ്ങളും നന്മകളും അനുഭവിക്കുന്നു. പലപ്പോഴും ഒരേ കുടുംബത്തിൽനിന്നു തന്നെ ഒരാൾ വൈദികനാകുവാനും മറ്റൊരാൾ തുണസഹോദരനാകുവാനുമായി ഈ സഭയിൽ ചേരുന്നുണ്ടു്.

ഈ സഭയിലെ വൈദികാംഗങ്ങളുടെ മദ്ധ്യസ്ഥർ വിശുദ്ധ അൽഫോൻസും വിശുദ്ധ ക്ലെമെന്റ് ഹോഫ്ബാവറുമാണു്. ദിവ്യരക്ഷകസഭയിലെ ഒരു തുണസഹോദരനായി ആരുമറിയാത്ത ജീവിതം നയിച്ചു് ഒടുവിൽ തിരുസ്സഭയിലെ ഒരു വലിയ അത്ഭുതപ്രവർത്തകനായിത്തീർന്ന വിശുദ്ധ ജെരാർദ് മജെല്ലയാണു് തുണസഹോദരരുടെ മദ്ധ്യസ്ഥൻ. തങ്ങളുടെ പ്രാർത്ഥനയും ജോലിയുംവഴി മിഷൻ പ്രവർത്തനങ്ങളിൽ ദൈവാനുഗ്രഹം സമൃദ്ധിയായി വർഷിപ്പിക്കുന്ന ഈ തുണസഹോദരന്മാർ ദിവ്യരക്ഷകസഭയുടെ ഒരു പ്രമുഖഭാഗമാണു്. ഇപ്പോൾ ഇന്ത്യക്കാരായ അഞ്ചു തുണസഹോദരന്മാർ ഐറിഷ് സഹോദരന്മാരോടുകൂടി വി. ജെരാർദിനെ അനുകരിച്ചു ജീവിതം നയിച്ചുവരുന്നു. തുണസഹോദരന്മാരുടെ അന്തസ്സിലേക്കു 17-ഉം 23-ഉം വയസ്സിനു മദ്ധ്യേയുള്ള യുവാക്കന്മാർ സ്വീകരിക്കപ്പെടുന്നതാണു്.

Headquarters of Redemptorists in India and Ceylon:—

Very Rev. Fr. Vice Provincial,
Mt. St. Alphonsus,
Frazer Town P. O.
Bangalore 5.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 ‖ ERNAKULAM 1951 FEBRUARY 14 ‖ No. 25


# ശ്രീ ഐ. സി. ചാക്കോ വൈദികാദ്ധ്യക്ഷന്മാരെപ്പറ്റി

II

ഇനി വിമർശനങ്ങളുടെ ഉള്ളിലേക്കു കടക്കാം. നവംബർ 10-ാംനു വൈദികാദ്ധ്യക്ഷന്മാർ പുറപ്പെടുവിച്ച പ്രസ്താവനയിൽ "നയതന്ത്രദൃഷ്ട്യാ മുൻനോട്ടക്കുറവു് കാണാവുന്നതാണ്" എന്നു ശ്രീ ഐ. സി. പറയുന്നു. കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ നയതന്ത്രത്തെപ്പറ്റി പലരും പലവിധത്തിലാണു് ധരിച്ചിരിക്കുന്നതു്. അതിലും മാർപ്പാപ്പാമാരുടെ പ്രബോധനങ്ങളാണല്ലോ നമുക്കു മാർഗ്ഗദർശനം നൽകുന്നതു്. കത്തോലിക്കാസഭക്കു്, തന്നിമിത്തം അതിലെ വൈദികാദ്ധ്യക്ഷന്മാർക്കു്, ഉള്ള ഏക നയതന്ത്രം ദൈവമഹത്വത്തേയും ആത്മാക്കളുടെ രക്ഷയേയും പരമലക്ഷ്യമായി സ്വീകരിക്കുകയും, പ്രകൃതിദത്തവും ദൈവദത്തവുമായ തിരുസ്സഭയുടെ അധികാരാവകാശങ്ങൾക്കു കാര്യമായ കോട്ടം തട്ടാത്തവിധത്തിൽ ആ ലക്ഷ്യം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുകയാണെന്നു് മാർപ്പാപ്പാമാർ പലയവസരങ്ങളിലും ഉദ്ബോധിപ്പിച്ചിട്ടുണ്ടു്. "പബ്ലിക്കോ പ്രൈവറ്റോ ആയ സകല സ്ഥാപനങ്ങളിലും തന്റെ സന്താനങ്ങളുടെ വിദ്യാഭ്യാസം മുഴുവനും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുവാൻ തിരുസ്സഭക്കു് അനപേക്ഷണീയമായ അവകാശവും അപരിത്യാജ്യമായ കർത്തവ്യവുമുണ്ടു് ……………… എന്നാൽ ഇവ രാഷ്ട്രത്തിന്റെ ചട്ടങ്ങളിൽ ഒട്ടുംതന്നെ കൈകടത്തുന്നവയല്ല; എന്തുകൊണ്ടെന്നാൽ മാതൃസഹജമായ വിവേകമുള്ള തിരുസ്സഭ, അൽമേനികളുടെ വിദ്യാഭ്യാസത്തിനായുള്ള സ്കൂളുകളും സ്ഥാപനങ്ങളും സിവിൽ അധികാരത്തിന്റെ നിയമാനുസൃതമായ വ്യവസ്ഥകളോടു് യോജിപ്പുള്ളവയായിരിക്കുന്നതിൽ വൈമനസ്യമുള്ളവളല്ല; ഈ അധികാരത്തോടു സഹകരിക്കുവാനും, വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം പരസ്പരധാരണയ്ക്കു മാർഗ്ഗമുണ്ടാക്കുവാനും അവൾ സർവ്വപ്രകാരേണയും സന്നദ്ധയാണു്." 11-ാം പിയൂസ് മാർപ്പാപ്പായുടെ, ശ്രീ ഐ. സി. തന്നെ ഒരിക്കൽ ഉദ്ധരിച്ചിട്ടുള്ള ഈ വാക്യങ്ങളിൽ കാണാം വിദ്യാഭ്യാസവിഷയത്തിൽ തിരുസ്സഭയുടെ നയതന്ത്രം. നമ്മുടെ വൈദികാദ്ധ്യക്ഷന്മാർ ആഗസ്റ്റ് 20-ൽ പുറപ്പെടുവിച്ച പ്രസ്താവന ഈ നയതന്ത്രം അടങ്ങിയതായിരുന്നു. കത്തോലിക്കാസഭയുടെ നാമത്തിൽ തങ്ങൾക്കുള്ള അവകാശവും കർത്തവ്യവും സംക്ഷിപ്തമായി ചൂണ്ടിക്കാണിച്ചശേഷം പ്രസ്താവന ഇപ്രകാരം ഉപസംഹരിക്കുന്നു: "ഇപ്പോൾ ഗവമ്മെന്റിൽനിന്നും ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ ഈ അടിസ്ഥാനത്തിൽ ഞങ്ങൾ സൂക്ഷ്മമായി പരിശോധിച്ചുനോക്കിയതിൽ അവകൾ "നിയമാനുസൃതമായ വ്യവസ്ഥകൾ" ആണെന്നു് ഞങ്ങൾക്കു് ബോദ്ധ്യമായിട്ടില്ല. തിരുസ്സഭയുടേയും അതിലെ അംഗങ്ങളുടേയും അവകാശപാലകർ എന്ന നിലയിൽ പ്രസ്തുതാവകാശങ്ങളെ സംരക്ഷിക്കുവാൻ ഞങ്ങൾക്കു ചുമതലയും അവകാശവും ഉണ്ടെന്നും, തിരുസ്സഭ പരിപാലിച്ചുപോന്നിട്ടുള്ള പ്രകൃതിദത്തവും മൗലികവുമായ അവകാശങ്ങളെ വച്ചൊഴിഞ്ഞുകൊടുക്കുവാൻ യാതൊരുത്തർക്കും അധികാരമില്ലെന്നുംകൂടി ഓർമ്മപ്പെടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഗവമ്മെന്റിന്റെ ന്യായബോധത്തിലും ദീർഘദൃഷ്ടിയിലും ഞങ്ങളിന്നിയും വിശ്വസിക്കുന്നു. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന സ്കെയിലിലും ഭേദത്തിലും തന്നെ അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുവാനും, അധികച്ചെലവുണ്ടെന്നു കാണുന്ന വിദ്യാലയങ്ങൾക്കു് ആ അധികച്ചെലവു മുഴുവനും ഗവമ്മെന്റിൽനിന്നു തന്നെ നൽകുവാനും തക്കവണ്ണമുള്ള വ്യവസ്ഥകൾ ഗവമ്മെന്റു് ഏർപ്പെടുത്തുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഈ സ്കെയിലിലും ഭേദത്തിലും തന്നെ ഗവമ്മെന്റിന്റെ സഹകരണത്തോടുകൂടി അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കത്തക്കവണ്ണം എന്നാൽ മേൽപ്രസ്താവിച്ച തത്വങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുയോജ്യമായും കഴിയുമെങ്കിൽ എന്തെങ്കിലും മാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നു് കത്തോലിക്കാ മാനേജർമാരുടെ സംഘടനയെ ഈ ഘട്ടത്തിൽ ഞങ്ങൾ ഉപദേശിക്കുകയും ചെയ്യുന്നു." വൈദികാദ്ധ്യക്ഷന്മാരുടെ ആദ്യത്തെ പ്രസ്താവനയിൽ പ്രദർശിപ്പിക്കുന്ന നയതന്ത്രം കണ്ടാലും!

## മുൻനോട്ടം

"കത്തോലിക്കാ മെത്രാന്മാർ, പ്രത്യേകം അവർ സംഘാതമായി പ്രവർത്തിക്കുമ്പോൾ, വളരെ മുൻനോട്ടത്തോടുകൂടെയാണു് പ്രവർത്തിക്കാറുള്ളതു്" എന്നു ശ്രീ ഐ. സി. പറയുന്നതു ശരിയാണു്. അതിനൊരുദാഹരണം ഞങ്ങളുദ്ധരിക്കാം: ഇംഗ്ലണ്ടിലെ കത്തോലിക്കാ മെത്രാപ്പോലീത്താമാരും മെത്രാന്മാരും 1943-മെയ് 5-ൽ അവിടത്തെ വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടി വാദിച്ചു പുറപ്പെടുവിച്ച സംയുക്തപ്രസ്താവനയിലെ വാക്കുകൾ കേട്ടാലും:— "ഞങ്ങളുടെ സ്കൂളുകൾ ഞങ്ങൾ കൈവിട്ടുകളയുകയില്ല. അവയ്ക്കുവേണ്ടി എന്തുതന്നെ ത്യാഗങ്ങൾ സഹിക്കുവാൻ നിർബന്ധിതരായാലും ഞങ്ങൾ അവയെ മുറുകെപ്പിടിക്കും. അതു ഞങ്ങളുടെ ദൃഢനിശ്ചയമാണു്. ആവശ്യം നേരിടുകയാണെങ്കിൽ, ഞങ്ങളുടെ സ്കൂളുകളുടെ അസ്തിത്വത്തെ ഭീഷണിപ്പെടുത്തുന്ന ഏതൊരു നിർദ്ദേശവും ഞങ്ങളുടെ സർവ്വശക്തിയോടുംകൂടി പ്രതിഷേധിക്കുകയും നിയമാനുസൃതമായ സകല മാർഗ്ഗങ്ങളിലൂടെ എതിർക്കുകയും ചെയ്യേണ്ടതു ഞങ്ങളുടെ ഹിതകരമല്ലാത്ത കർത്തവ്യമായിരിക്കും. എന്നാൽ ആ കർത്തവ്യത്തിൽനിന്നു് ഞങ്ങൾക്കു് ഒഴിഞ്ഞുമാറാവുന്നതല്ല. നമ്മെ അഭിമുഖീകരിക്കാനിടയുള്ള ഏതൊരു സ്ഥിതിവിശേഷത്തെയും ശാന്തതയോടും ദൃഢനിശ്ചയത്തോടുംകൂടി നേരിടുവാൻ സന്നദ്ധമായിരിക്കണമെന്നു നമ്മുടെ ജനങ്ങളോടു ഞങ്ങൾ ആവശ്യപ്പെടുന്നു."

ഇംഗ്ലണ്ടിലെ വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനയും കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനയും തമ്മിൽ കാര്യമായ എന്തു വ്യത്യാസമാണുള്ളതു? ഇൻഡ്യയിലെ സകല വൈദികാദ്ധ്യക്ഷന്മാരും ചേർന്നുള്ള കോൺഫറൻസിലെ സ്റ്റാൻഡിംഗ് കമ്മിറ്റി കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനയിലെ നില അംഗീകരിച്ചിട്ടുമുണ്ടു്. ആ കമ്മിറ്റിയിൽ കേരളത്തിലെ ചില വൈദികാദ്ധ്യക്ഷന്മാർ അംഗങ്ങളുമാണു്.

ഇംഗ്ലണ്ടിൽ മാഞ്ചെസ്റ്റർ പട്ടണത്തിലെ ഒരിടവകയുടേതായ ഒരു വിദ്യാലയത്തിനു് അടിസ്ഥാനമിട്ടുകൊണ്ടു് സാൽഫോർഡ് രൂപതയുടെ മെത്രാൻ റൈറ്റ് റവ. മാർഷൽ തിരുമേനി അവിടെക്കൂടിയിരുന്ന ജനസഞ്ചയത്തോടായി ചെയ്ത പ്രസംഗത്തിലെ ചില വാക്യങ്ങളും ഉദ്ധരിക്കാം:— "നമ്മുടെ വിദ്യാലയങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം ആരംഭിച്ചതേയുള്ളു. അതിനുവേണ്ടിയുള്ള പ്രചരണവേല നിഷ്ഫലമായതുപോലും നിറുത്തണമെന്നു നമുക്കാർക്കുതന്നെ ഉദ്ദേശമില്ല. പാർലമെന്റുവഴിക്കും ഭരണാധികാരികൾ വഴിക്കും മാത്രമേ നമ്മുടെ വിദ്യാലയപ്രചരണത്തിനു് അർഹിക്കുന്ന ന്യായമായ പരിഗണന സിദ്ധിക്കുവാൻ തരമുള്ളു. പാർലമെന്റിലേക്കോ മുനിസിപ്പാലിറ്റിയിലേക്കോ ഉള്ള തിരഞ്ഞെടുപ്പിന്റെ അവസരത്തിൽ നിങ്ങൾ ഒരു കാര്യം മനസ്സിൽ കരുതിക്കൊള്ളണം. നിങ്ങളുടെ സന്താനങ്ങളുടെ വിശ്വാസത്തെ കൺമുൻപിൽവച്ചുകൊണ്ടു്, അക്കാര്യത്തിൽ നിങ്ങൾക്കുവേണ്ട ന്യായമായ സൗകര്യങ്ങൾ അനുവദിച്ചുതരാൻ ഒരുക്കമുള്ളവർക്കുവേണ്ടി മാത്രമേ വോട്ടുചെയ്യാവൂ എന്നതാണു് ആ ഏകകാര്യം." ദൈവത്തെ അനുസരിക്കണമോ, മനുഷ്യരെ അനുസരിക്കണമോ എന്ന പ്രശ്നത്തിൽ ദൈവത്തെ അനുസരിക്കുവാൻ നമ്മുടെ വൈദികാദ്ധ്യക്ഷന്മാർ തീരുമാനിച്ചു. അതു ലോകനയതന്ത്രദൃഷ്ട്യാ മുൻനോട്ടക്കുറവായിരിക്കാം. എന്നാൽ ദൈവനയതന്ത്രദൃഷ്ട്യാ മുൻനോട്ടക്കുറവു് അല്ലതന്നെ.

## വിഷമാവസ്ഥ

രാഷ്ട്രത്തിന്റെയും വൈദികാദ്ധ്യക്ഷന്മാരുടേയും പ്രശസ്തികളിൽ 'ഒന്നു ശോഭിച്ചാൽ മറ്റേതു് അവശ്യം മ്ലാനമായിത്തീരുമെന്നുള്ള വിഷമാവസ്ഥയെയാണു് പിതാക്കന്മാരുടെ പ്രസ്താവന ജനിപ്പിച്ചിരിക്കുന്നതു്" എന്ന വിമർശനം ഇനി പരിശോധിക്കാം. ആഗസ്റ്റ് 14-ാംനു കൂടിയ ത്രികക്ഷിസമ്മേളനത്തിൽ, കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ അഭിപ്രായം അറിഞ്ഞതിനുശേഷമേ സമ്മേളനത്തിൽ നിർദ്ദേശിച്ച വ്യവസ്ഥകൾ സ്വീകരിക്കപ്പെട്ടതായി ഗണിക്കുകയുള്ളു എന്നു് വിദ്യാഭ്യാസമന്ത്രി കത്തോലിക്കാ മാനേജർമാരുടെ പ്രതിനിധികളോടു് ഉറപ്പുപറഞ്ഞ സംഗതി പ്രസിദ്ധമാണല്ലോ. എന്നാൽ വൈദികാദ്ധ്യക്ഷന്മാർ വ്യവസ്ഥകളെപ്പറ്റി ആലോചിക്കുവാൻ (20-ാംനു) സമ്മേളിക്കുന്നതിനുമുൻപു് (19-ാംനു) അതേ നിർദ്ദേശങ്ങൾ പദ്ധതിയിൽ കൊള്ളിച്ചു ഗവമ്മെന്റിൽനിന്നു പ്രൊസീഡിംഗ്സ് പുറപ്പെടുവിച്ചു. എന്നിട്ടും പിറേദിവസത്തെ വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്താവനയിൽ, മുകളിൽ ചൂണ്ടിക്കാണിച്ചപോലെ, ഗവമ്മെന്റിന്റെ ന്യായബോധത്തിലും ദീർഘദൃഷ്ടിയിലും ഉള്ള വിശ്വാസവും, വർദ്ധിപ്പിച്ച സ്കെയിലിൽ അദ്ധ്യാപകന്മാർക്കു ശമ്പളം കിട്ടണമെന്നുള്ള ഔൽസുക്യവും, തത്വങ്ങൾക്കു വിപരീതമല്ലാത്ത വിധം ഗവമ്മെന്റുമായി കഴിയുമെങ്കിൽ പരസ്പരധാരണയിലെത്തണമെന്നു് കത്തോലിക്കാ മാനേജർമാരുടെ സംഘടനക്കുള്ള ഉപദേശവും ഉൾപ്പെടുത്തിയിരുന്നു. ക്രൈസ്തവമാനേജേഴ്സ് അസോസിയേഷൻ പൊതുവായും കത്തോലിക്കാ മാനേജേഴ്സ് അസോസിയേഷൻ പ്രത്യേകമായും ഈ നിർദ്ദേശമനുസരിച്ചു ഗവമ്മെന്റുമായി ഔപചാരികമായും അനൗപചാരികമായും ആലോചനകൾ നടത്തി. എന്നാൽ ഫീസ്പിരിവു് കെട്ടിവയ്ക്കുകയും സൊരുമിക്കുകയും ചെയ്യണമെന്നുള്ള ആഗസ്റ്റ് 19-ാംനു-യിലെ പ്രൊസീഡിംഗ്സിലെ നിർബന്ധത്തിനും പുറമെ, അദ്ധ്യാപകനിയമനത്തിൽ കൂടുതൽ നിയന്ത്രണം ചെലുത്തണമെന്നുള്ള നിർബന്ധവുമാണു് ഗവമ്മെന്റു ഭാഗത്തുനിന്നുണ്ടായതു്. അദ്ധ്യാപകനിയമനത്തിൽ ഇപ്പോഴുള്ളതിലും കൂടുതലായ നിയന്ത്രണം സമ്മതിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ലെന്നു വൈദികാദ്ധ്യക്ഷന്മാർ ആഗസ്റ്റ് 20-ലെ പ്രസ്താവനയിൽ പ്രകടമാക്കിയിരുന്നതാണു്. കൂടാതെ ഫീസ് "പരോക്ഷമായ നികുതി"യാണെന്നും, ഫീസ്പിരിവിൽ "ഗവമ്മെന്റിന്റെ ഓഹരി" എന്നും, ഫീസ്പിരിവിൽ 20 ശതമാനം മാനേജ്മെന്റിനു് "അനുവദിക്കുന്നതാണ്" എന്നും, ഖജനാവിൽ അടച്ച ഫീസ്പിരിവിൽനിന്നും മറ്റും സംഖ്യ വാങ്ങി അദ്ധ്യാപകന്മാർക്കു ശമ്പളം വിതരിച്ചുകൊടുക്കുന്നതിൽ എന്തെങ്കിലും പിശകു വന്നാൽ അതു 'ഗവമ്മെന്റുപണത്തിന്റെ അപഹരണ'മായി കണക്കാക്കുന്നതാണെന്നും അദ്ധ്യാപകന്മാർക്കു വർദ്ധിപ്പിച്ച സ്കെയിലനുസരിച്ചു ശമ്പളം കൊടുക്കാൻ ഫീസ്പിരിവിന്റെ 80 ശതമാനം കഴിച്ചു ബാക്കിവരുന്നതു ഗവമ്മെന്റിൽനിന്നു തരുന്നതും അദ്ധ്യാപകനിയമനാധികാരവും തമ്മിൽ "അഭേദ്യമായ ബന്ധമുണ്ടെന്നും. ഇന്ത്യൻ ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്കു അവരുടെ മതവും സംസ്കാരവുമനുസരിച്ചു വിദ്യാലയങ്ങൾ നടത്താൻ അവകാശം നൽകിയിട്ടുള്ളതു് 'ഡിനോമിനേഷനൽ സ്കൂളുകൾ' നടത്തുന്നതിനാണെന്നും ഗവമ്മെന്റു് ഭാഗത്തുനിന്നു അഭിപ്രായങ്ങളും വാദങ്ങളും പുറപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെ ഫീസിന്റെ ശതമാനം ഖജനാവിൽ കെട്ടിവയ്ക്കുന്നതിനെപ്പറ്റി മാനേജ്മെന്റുകളുടെ ഭാഗത്തുനിന്നുമുണ്ടായിരുന്ന രാഷ്ട്രസാൽക്കരണഭയം വർദ്ധിക്കുവാൻ ഇടയാക്കുകയാണു് ഗവമ്മെന്റു ചെയ്തതു്.

ഇനിയും പുതിയ പദ്ധതി ആവിഷ്കരിക്കുകയും പാസാക്കുകയും ചെയ്ത വിധം നോക്കുക. നവംബർ 1-ാംനു സമ്മേളിച്ച പാർലമെന്ററി പാർട്ടി യോഗത്തിൽ വിദ്യാഭ്യാസമന്ത്രി പുതിയ പദ്ധതിയുടെ സ്വഭാവം ഏതാണ്ടു വിശദീകരിച്ചപ്പോൾ "80 ശതമാനം ഒരു ഷെഡ്യൂൾഡ് ബാങ്കിലടച്ചാൽ പോരേ" എന്നു ശ്രീ കോര ചോദിച്ചതിനു് "പോരാ, ട്രഷറിയിൽ ഇൻസ്പെക്ടിംഗ് ആഫീസരുടെ പേരിലടയ്ക്കണം" എന്നു മന്ത്രി മറുപടി പറഞ്ഞു. "ഒക്ടോബർ 5-ാംനു ക്രിസ്ത്യൻസ്കൂൾ മാനേജർമാരുടെ ഡപ്യൂട്ടേഷൻ എന്നെയും മുഖ്യമന്ത്രിയെയും കണ്ടെങ്കിലും ലീഡറായ ശ്രീ എ. ജെ. മാത്യുപോലും അദ്ധ്യാപകനിയമനസ്വാതന്ത്ര്യം വേണമെന്നല്ലാതെ ട്രഷറിയിൽ പണമടയ്ക്കുന്നതിനെപ്പറ്റി എതിരൊന്നും പറഞ്ഞിട്ടില്ല. അതിനാർക്കും എതിരില്ലെന്നുതന്നെ ഗവമ്മെന്റു വിചാരിക്കുന്നു" എന്നു അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. "80 ശതമാനം അടയ്ക്കൽ ദേശവൽക്കരണത്തിന്റെ പ്രാരംഭപടിയല്ലെന്നു മാനേജർമാർക്കു ഉറപ്പുകൊടുത്തിട്ടുണ്ടോ" എന്നു ശ്രീ കരുണാകരൻ ചോദിച്ചപ്പോൾ "അതിനു അദ്ധ്യാപകനിയമനത്തിനും ദേശസാൽക്കരണവുമായി ഒരു ബന്ധവുമില്ലെന്നു ഉറപ്പുകൊടുത്തിട്ടുണ്ടു്. പ്രൈമറിസ്കൂളദ്ധ്യാപകന്റെ 5 രൂപ മാനേജർ പിടിച്ചതുകൊണ്ടാണു് ഈ 80 ശതമാനവ്യവസ്ഥ വച്ചിരിക്കുന്നതു്" എന്നാണു മന്ത്രി മറുപടി പറഞ്ഞതു്. ഒടുവിൽ "ഈ പദ്ധതി പാർട്ടി സ്വീകരിച്ചതായി പ്രഖ്യാപിച്ചുകൊള്ളുന്നു" എന്നു ലീഡറിന്റെ നിലയിൽ അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ 80 ശതമാനം കെട്ടിവയ്ക്കുവാൻ തങ്ങൾക്കു സമ്മതമല്ലെന്നു ക്രിസ്ത്യൻ മാനേജർമാരുടെ ഡപ്യൂട്ടേഷൻ ഒക്ടോബർ 5-ാംനു സൂചിപ്പിക്കുകയും ഒക്ടോബർ 14-ാംനു അറിയിക്കുകയും ചെയ്തുവെന്നാണു് അവരുടെ പ്രസ്താവനകളിൽനിന്നു കാണുന്നതു്. ഒക്ടോബർ 5-ലെ സംഭാഷണം വിവരിച്ചുകൊണ്ടുള്ള അവരുടെ പ്രസ്താവനയിൽ അവരുടെ നിവേദനം കാണുന്നതിങ്ങനെയാണു്:- "പ്രൈവറ്റു വിദ്യാലയങ്ങൾ ദേശവൽക്കരിക്കുന്നതിനുള്ള ആദ്യപടിയാണു് ഈ വിദ്യാഭ്യാസപദ്ധതിയെന്നു മാനേജർമാർ സംശയിക്കുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി വിദ്യാലയങ്ങൾ ദേശവൽക്കരിക്കണമെന്നു ഒരു വിഭാഗം ജനങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നു. ആ മുറവിളിയുടെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ സംശയത്തിനു് അവകാശമുണ്ടു്. സ്കൂളുകളിന്മേലും അവയുടെ സ്വത്തുക്കളിന്മേലും മാനേജർമാർക്കുള്ള സ്വകാര്യ ഉടമയിലും അവ ആവശ്യംപോലെ മറ്റു കാര്യങ്ങൾക്കു് ഉപയോഗിക്കുന്നതിലും ഗവമ്മെന്റു് കൈകടത്തുവാൻ പാടില്ല. ഫീസ് പിരിവു് ഏതെങ്കിലും ബാങ്കിൽ മാനേജർമാരുടെ പേരിൽ നിക്ഷേപിക്കുകയും ശമ്പളം ചെക്കായി കൊടുക്കുകയും ചെയ്താൽ പോരയോ എന്നു ഞങ്ങൾ ചോദിച്ചു. ഗവമ്മെന്റു് ഖജനാവിൽ അടയ്ക്കുന്നതു് അനാവശ്യമായ ബുദ്ധിമുട്ടുകൾക്കും പണച്ചെലവിനും കാരണമാകുന്നതാണെന്നുംകൂടി പറഞ്ഞു." ഒക്ടോബർ 14-ാംനു സകല വിഭാഗങ്ങളിലുംപെട്ട ക്രിസ്ത്യൻ മാനേജർമാരുടെയും, വ്യക്തിമാനേജർമാരുടേയും ഒരു വ്യക്തി ഹിന്ദുമാനേജരുടേയും പ്രതിനിധിസമ്മേളനം ഐകകണ്ഠ്യമായി ചെയ്ത തീരുമാനങ്ങളിൽ ഒന്നു്, കെട്ടിവയ്ക്കലിന്റെ കാര്യം സമ്മതമല്ലെന്നു് അനേകം കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ദീർഘമായ പ്രമേയമാണു. അതു് അവസാനിപ്പിച്ചിരിക്കുന്നതിങ്ങനെയാണു്: 'ട്രഷറിയിൽ പണമടയ്ക്കാൻ നിർബന്ധിക്കരുതെന്നും ഏതെങ്കിലും അംഗീകൃതബാങ്കിലടച്ചു ശമ്പളം ചെ

ക്കായി നല്കുവാൻ അനുവദിക്കണമെന്നും ഗവമ്മെൻറിനോടപേക്ഷിക്കുന്നു. അതിനാൽ മാനേജർമാർ പണം ട്രഷറിയിൽ അടയ്ക്കരുത്." ഈ പ്രമേയങ്ങൾ ഗവമ്മെൻറിലേക്കു ഉടൻ സമർപ്പിക്കുകയും ചെയ്തു. വസ്തുതകൾ ഇങ്ങനെയിരിക്കെ പാർട്ടിയോഗത്തിൽ വിദ്യാഭ്യാസമന്ത്രി പണംകെട്ടിവയ്ക്കലിനെ സംബന്ധിച്ചു ചെയ്ത പ്രസ്താവനകളും ഒടുവിൽ പാലമെൻറ പാർട്ടി സ്വീകരിച്ചിരിക്കുന്നതായി ചെയ്ത പ്രഖ്യാപനവും "വിഷമാവസ്ഥ"യ്ക്കു കാഠിന്യം കൂട്ടുകയല്ലയോ ചെയ്തതു? ഇതെല്ലാം നവംബർ 10-ാംനു-യ്ക്കു മുമ്പു നടന്ന പ്രസ്താവനകളും ചെയ്തികളുമാണു്. ആകയാൽ വൈദികാദ്ധ്യക്ഷന്മാരുടെ ആ തീയതിയിലെ പ്രസ്താവനയല്ല, പ്രത്യുത ഗവമ്മെൻറു ഭാഗത്തുനിന്നുള്ള പ്രൊസീഡിംഗ്സും പ്രസ്താവനകളും നടപടികളുമാണു് വിഷമാവസ്ഥയെ ജനിപ്പിച്ചതു്.

(തുടരും)

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇന്ത്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## സൊഡാലിററി വാർഷികം

ചങ്ങനാശേരി രൂപതയിലെ സൊഡാലിററികളുടെ വാർഷികസമ്മേളനം ഫെബ്രുവരി 4-ാംനു- എസ്സ് ബി. കോളേജു ഹാളിൽവച്ചു് കമ്മലീത്ത 1-ാം സഭ പ്രൊവിൻഷ്യൽ വെരി റവ. ഫാദർ എലിസേവൂസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതോടനുബന്ധിച്ചു കോളേജ സൊഡാലിററി ഡയറക്ടർ റവ. ഫാദർ ഫ്രാൻസിസ് കാളാശേരി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിനിധികളുടെ യോഗത്തിൽ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ചു താഴെ കാണുന്ന പ്രമേയങ്ങൾ ചർച്ചചെയ്തു പാസാക്കി പൊതുയോഗത്തിൽ അംഗീകരിച്ചിരിക്കുന്നു.

1. മാതാവിൻെറ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിൽ ഈ യോഗത്തിനുള്ള സന്തോഷം രേഖപ്പെടുത്തുകയും പരിശുദ്ധ പിതാവിൻെറനേരെയുള്ള നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ വിശ്വാസസത്യപ്രഖ്യാപനം അനുചിതമാണെന്നുള്ള ആരോപണത്തെ നേരിടുന്നതിനു് പ്രസ്തുത ദിവസം സമുചിതമായി കൊണ്ടാടണമെന്നു് എല്ലാ സൊഡാലിററികളോടും ഈ യോഗം അഭ്യർത്ഥിക്കുന്നു.

2. തിരു-കൊച്ചിയിലെ കത്തോലിക്കർക്കു് നേരിട്ടിരിക്കുന്ന വിദ്യാഭ്യാസപരമായ വൈഷമ്യങ്ങൾ തീർന്നു് എല്ലാ വിഭാഗക്കാർക്കും സ്വീകാര്യമായ ഒരു അന്തിമതീരുമാനത്തിൽ കഴിയുന്നതും വേഗം എത്തിച്ചേരുന്നതിനു് സൊഡാലിററിയംഗങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണമെന്നു ഈ യോഗം എല്ലാ അംഗങ്ങളേയും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

3. ശക്തി പ്രാപിച്ചുവരുന്ന കമ്മ്യൂണിസ്റ്റു് വിപത്തിനെ നേരിടുന്നതിനു് (1) ഇടവകകളിൽ വേദപാഠക്ലാസുകൾ കാര്യക്ഷമമായി നടത്തണമെന്നും (2) ഇന്നത്തെ ആവശ്യങ്ങളെ പരിഗണിച്ചു് ഇടവകകൾതോറും അവധിക്കാലങ്ങളിൽ സൊഡാലിററികളുടെ ആഭിമുഖ്യത്തിൽ "വേദാദ്ധ്യയനവാരം" ആചരിക്കണമെന്നും ഈ യോഗം എല്ലാ ശാഖകളോടും അഭ്യർത്ഥിക്കുന്നു.

4. ഇപ്പോൾ വിജയപ്രദമായി നടത്തിവരുന്ന ചെറുപുഷ്പമിഷൻ ലീഗിൻെറ ശാഖകൾ ഇടവകകളിലും സ്കൂളുകളിലും, കോളേജുകളിലും രൂപവൽക്കരിച്ചു മിഷൻ പ്രവർത്തനം കാര്യക്ഷമമാക്കാൻ സൊഡാലിററികൾ ഉത്സാഹിക്കണമെന്നു് ഈ യോഗം അഭിപ്രായപ്പെടുന്നു.

5 കമ്മ്യൂണിസ്റ്റു പ്രചാരണംകൊണ്ടു് വർഗ്ഗങ്ങൾ തമ്മിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അകൽച്ചയെ നീക്കുന്നതിനു് സാമൂഹ്യസേവന പരിപാടികളിൽ സൊഡാലിററിയംഗങ്ങൾ നേരിട്ടും വിൻസെൻറു ഡി പോൾ മുതലായ സംഘടനകളോടു സഹകരിച്ചോ കഴിവതു ചെയ്യണമെന്നു് ഈ യോഗം അഭ്യർത്ഥിക്കുന്നു.

6. തിരുകർമ്മങ്ങളുടെ മാഹാത്മ്യത്തിനനുയോജ്യമായ വിധം അൾത്താരയിൽ ഉപയോഗിക്കുന്നതിനു് കെത്താന, കബലാന, കൈത്തുവാല, സക്രാരിവിരി മുതലായവ തയ്യാർചെയ്തു് മിഷനു് അയക്കുന്നതിനു് സൊഡാലിററിയുടെ വനിതാവിഭാഗം സന്നദ്ധമാകണമെന്നു് ഈ യോഗം തീരുമാനിക്കുന്നു.




ചങ്ങനാശേരി: ഇൻഡ്യയിലെ ദരിദ്രജനങ്ങളുടെ ഇടയിൽ വിതരണംചെയ്യുന്നതിനായി അമേരിക്കൻ കത്തോലിക്കർ സംഭാവനചെയ്തിരിക്കുന്ന പാൽപ്പൊടിയിൽ 200ബാരൽ കൊച്ചിമെത്രാൻ തിരുമേനിക്കു ലഭിക്കുകയുണ്ടായി. തിരുമേനി അതിൽനിന്നും സ്ഥലത്തെ വിൻസെൻറു് ഡി പോൾ സംഘത്തെ ഏല്പിച്ച 2ബാരൽ പാൽപ്പൊടി പാകപ്പെടുത്തി ജാതിമതഭേദമെന്യ സാധുക്കളായ വിദ്യാർത്ഥികളുടെ ഇടയിൽ വിതരണം ചെയ്തുവരുന്നതായറിയുന്നു.

—കോടിക്കുളം പഴയപള്ളിയോടനുബന്ധിച്ചു പുതുതായി പണികഴിച്ചിരിക്കുന്ന ദേവാലയത്തിൻെറ ആശീർവ്വാദകർമ്മം എറണാകുളം അതിരൂപതാവികാരി ജനറാൾ റൈററു് റവ. മോ. മാത്യു പോത്തനാമുഴി അവർകൾ ഫെബ്രുവരി 2-ാം നു- നിർവ്വഹിച്ചിരിക്കുന്നു.

—അങ്കമാലി: സെൻറു് വിൻസെൻറു് പൊററിസമ്മിനാരി സലേഷ്യൻ സാഹിത്യസമാജത്തിൻെറ മൂന്നാം വാർഷികം റവ. ഫാ. ജയിംസ് ചെമ്പിളി ബി. എ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

—കാട്ടപ്പടിപ്പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ ഗ്രൂഷകുളം അവർകളുടെ ഷഷ്ടിപൂർത്തി പ്രമാണിച്ചു് ജാനുവരി 28-ാം നു- സ്ഥലം സി.വൈ.എം.എ. യുടെ ആഭിമുഖ്യത്തിൽ ഒരു യോഗം ചേരുകയും അദ്ദേഹത്തിനു് ഒരു മാലയും ജ്ഞാനപുഷ്പമഞ്ജരിയും സമർപ്പിക്കുകയും ചെയ്തിരിക്കുന്നു

—തിടക്കായി: ശ്രീ തോമസ് ചങ്ങഴശേരി പള്ളിക്കു് ഒരു വെള്ളിക്കുരിശു സംഭാവനചെയ്തിരിക്കുന്നു.

—കൊല്ലപ്പള്ളി. മാസ്റ്റർ ദേവം ജോസ് "ബാഷ്പവർഷം" എന്ന ബൈബിൾ കഥയെ ആധാരമാക്കി ഒരു കഥാപ്രസംഗം ഫെബ്രുവരി 6-ാംനു- നടത്തിയിരിക്കുന്നു. കാഥികനു് പല സമ്മാനങ്ങളും ലഭിക്കുകയുണ്ടായി.

—തൃശ്ശൂർ. തൊഴിച്ചാലി വിദ്യാലയത്തിൻെറ ധനശേഖരത്തിനുവേണ്ടി ഫെബ്രുവരി 5 ാം നു- ശ്രീ ജോസഫ് കൈമാപ്പറമ്പൻ മഗ്ദലനമറിയത്തിൻെറ പശ്ചാത്താപത്തെ അധികരിച്ചു് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. തദവസരത്തിൽ സെഷൻസ് ജഡ്ജി ശ്രീ ബീജിലി സാഹിബ്ബ് കാഥികനു് ഒരു സ്വർണ്ണമെഡൽ സമ്മാനിക്കയുണ്ടായി.

—കുന്നന്താനം: ഫാത്തിമാഗിരി കപ്പേളയിൽ സ്ഥാപിതമായിട്ടുള്ള ഫാത്തിമാ ബാലസമിതിയുടേയും സൺഡേസ്കൂളിൻെറയും സംയുക്ത വാർഷികയോഗം ഫെബ്രുവരി 4-ാംനു- റവ. ഫാ. ജി. പുരയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. മിസ് സ്റ്റെഫിന ഫർണാൻറസ് ഒരു പ്രസംഗംചെയ്തു.



പരേതയായ

പാലായിത്തയ്യിൽ വക്കി ഭാര്യ

ഏലീശാ, വടയാർ

ജനനം. 7—5—1889

മരണം. 2—2—1951

"കർത്താവെ, ഇവൾക്കു് നിത്യാശ്വാസം കൊടുക്കണമെ."

R. I. P.

By her loving Children

—തിടനാട്ടു്: ചെറുപുഷ്പ മിഷൻലീഗിൻെറ അംഗമായ ബ്രദർ പി. ജെ. മാത്യു ഡാർജിലിംഗ് മിഷനിലേക്കു് പോകുന്നതു പ്രമാണിച്ചു അദ്ദേഹത്തെ അനുമോദിക്കുന്നതിനായി ഒരു യോഗം ഫെബ്രുവരി 4-ാം നു- ലീഗു ഡയറക്ടർ റവ. ഫാ. ജോസഫ് പെരുന്നോലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു.

—മൂവാററുപുഴ പള്ളിയിൽ ഫെബ്രുവരി 11-ാം നു-മുതൽ ഓശാനഞായറാഴ്ചവരെ എല്ലാ ഞായറാഴ്ചകളിലും സുപ്രസിദ്ധ വാഗ്മികളുടെ "നോമ്പുകാലപ്രസംഗങ്ങൾ" ഉണ്ടായിരിക്കുന്നതാണു്. കാര്യപരിപാടി: ഉച്ചകഴിഞ്ഞു് 3മണിക്കു് ആഘോഷമായ സ്ലീവാപാത; 4-6 പ്രസംഗങ്ങൾ; 6-നു് വി. കുർബ്ബാനയുടെ ആശീർവ്വാദം.

—കൂരാച്ചുണ്ടു്: സെൻറു് തോമസ് ചർച്ചിൽ ജാനുവരി 24, 25, 26 എന്നീ തീയതികളിൽ റവ. ഫാ. റെജിനാൾഡ് ടി ഒ. സി. ഡി. അവർകൾ ഇടവകജനങ്ങൾക്കായി ഒരു ജ്ഞാനധ്യാനം നടത്തിയിരിക്കുന്നു.

—കുരപ്പന്തറ: ഫെബ്രുവരി 6-ാംനു- ബിഷപ്പ് ചൂളപ്പറമ്പിൽ തിരുമേനിയുടെ ആത്മാനുകൂലാർത്ഥം നടത്തിയ ദേവാലയ തിരുകർമ്മങ്ങൾക്കുശേഷം 1500-ലധികം പേർക്കു് പാൽപ്പായസം വിതരണം ചെയ്യുകയുണ്ടായി.

—കറുകച്ചാൽ: ഇടവകയുടെ പടിഞ്ഞാറുഭാഗത്തായി കളരിക്കപ്പറമ്പിൽ പുതുതായി വി. അന്തോനീസിൻെറ നാമത്തിൽ പണികഴിപ്പിച്ചിരിക്കുന്ന കപ്പേളയുടെ ആശീർവ്വാദം ചങ്ങനാശേരി മെത്രാൻ തിരുമനസ്സുകൊണ്ടു ജാനുവരി 31 ാ-നു- നിർവ്വഹിച്ചിരിക്കുന്നു.

—നെടുമ്പാറ: അ. കേ. ക. കോൺഗ്രസ് ശാഖയുടെ ഒരു വിശേഷാൽ സമ്മേളനം ജാനുവരി 28 ാംനു- റവ. ഫാ. വിൻസെൻറു് ടി ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. റവ. ഫാ. ലൂയിസ് വടക്കഞ്ചേരി ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

---

## ജപമാല

കഴിഞ്ഞ യുദ്ധകാലത്തു ജോണി എന്നുപേരായ ഒരു ആസ്ത്രേലിയൻ യോദ്ധാവു അവൻെറ രണ്ടു സഹോദരന്മാരോടുകൂടി ജപ്പാൻകാരുടെ കൈകളിൽ പെടുന്നതിനിടവന്നു. സഹോദരനിലൊരുവൻ—അലെക്സ്—അവരാൽ വധിക്കപ്പെട്ടു. ജോണി എന്നിട്ടും നഷ്ടധൈര്യനായില്ല. അവൻ സദാ തൻെറ കൂടെ കൊണ്ടു നടന്നിരുന്ന ജപമാല അവൻെറ നിത്യാലംബവും ശക്തികേന്ദ്രവുമായിരുന്നു. ഒരു ദിവസം ജപ്പാൻകാരനായ കാരാഗ്രഹസൂക്ഷിപ്പുകാരൻ ചോദിച്ചു, അതു എന്തു സാധനമാണെന്നു്, "അതു മതസംബന്ധമായ ഒരു സാധനമാണു്." ജോണി പ്രതിവചിച്ചു.

"കൊള്ളാം", ഉദ്യോഗസ്ഥൻ തുടന്നു, "ഒന്നുകിൽ നിന്നെ ഞാൻ വധിക്കാം (അയാൾ വാൾ ചൂണ്ടിക്കാണിച്ചു; അല്ലെങ്കിൽ അതു സൂക്ഷിക്കാം" (അയാൾ ജപമാല ചൂണ്ടിക്കാണിച്ചു.)

"എന്നാൽ ഞാൻ മരിച്ചുകൊള്ളാം." ജോണി നിർഭയം പ്രത്യുത്തരിച്ചു.

തൻെറ ഭീഷണി ഫലപ്പെടുന്നില്ലെന്നു കണ്ടു്, അയാൾ ജോണിയെ യാതൊരുപദ്രവവുമേല്പിച്ചില്ല. പിന്നീടു ആസ്ത്രേലിയൻ പടയാളികളാൽ ജോണി വിമുക്തനായി. സ്വന്തം നാട്ടുകാർ അവനു് ഏററം ഹൃദ്യമായ സ്വീകരണമാണു നൽകിയതു്.


# Important Announcement

We are much pleased to announce the opening of a Sub-Office of our Company for the United State of Travancore and Cochin at St. BENEDICT ROAD, ERNAKULAM under the charge of Mr. JOSEPH M. MANJURAN, Ernakulam.

Persons interested in representing our Company throughout Travancore & Cochin are invited to write to Mr. JOSEPH M. MANJURAN at the above address or to us directly.

Our Company pays profits even on paid-up policies.

THE INDIAN LIFE ASSURANCE COMPANY LTD.

(Incorporated in Pakistan with Limited Liability)

ESTABLISHED : 1892

Chief Office for India : ILACO HOUSE

Sir Pherozshah Mehta Road,

Fort, BOMBAY

## തിരു-കൊ. വാർത്തകൾ

അവശസമുദായാംഗങ്ങൾക്കു നല്കപ്പെടുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾ തങ്ങളുടെ രക്ഷാകർത്താക്കളുടെ അപേക്ഷയും, അപേക്ഷകൻ ഏതു സമുദായത്തിലുൾപ്പെട്ടയാളാണെന്നു കാണിക്കുന്ന താസിൽദാരുടെ സർട്ടിഫിക്കറ്റും അദ്ധ്യയനവർഷം ആരംഭിച്ചിട്ടു 2 മാസത്തിനകം ഹെഡ്മാസ്റ്ററെ ഏല്പിക്കേണ്ടതാണ്.

—ഇൻഡ്യയിൽ പൊതുവെ റേഷൻ 9 ഔൺസായി കുറവുചെയ്യുന്നതനുസരിച്ചു തിരു-കൊച്ചിയിലും, ഇപ്പോൾ നല്കിവരുന്ന 10 ഔൺസു റേഷൻ (7 ഔൺസ് അരിയും 3 ഔൺസ് ഗോതമ്പും) 9 ഔൺസായി കുറവുചെയ്തുകൊണ്ടു ഗവമ്മെൻറിൽനിന്നും ഒരു പ്രസ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഫെബ്രുവരി 11-ാംനു മുതൽ നടപ്പിലാകുന്ന പുതിയ റേഷൻക്രമം അനുസരിച്ചു 7 ഔൺസ് അരിയും 2 ഔൺസു ഗോതമ്പും ലഭിക്കുന്നതാണ്. ഗോതമ്പു വാങ്ങണമെന്നു നിർബന്ധമുണ്ടായിരിക്കുന്നതല്ല.

—പൊതുരക്ഷാനടപടി നിയമമനുസരിച്ച്, അപകീർത്തികരങ്ങളും വിദ്വേഷജനകങ്ങളും അശ്ലീലങ്ങളുമായ വാർത്തകൾ പ്രസിദ്ധംചെയ്തു എന്ന കുറ്റത്തിനു കോട്ടയത്തുനിന്നും പുറപ്പെടുന്ന പ്രബോധിനി, ചിത്രോദയം, മൂവാററുപുഴെ നിന്നുമുള്ള നേതാജി, നെന്മാറെനിന്നും പ്രസിദ്ധപ്പെടുത്തുന്ന ധീരൻ എന്നീ നാലു വാരികകൾ നിരോധിച്ചുകൊണ്ടും പ്രസ്തുത വാരികകളുടെ ഏതാനും ലക്കങ്ങൾ കണ്ടുകെട്ടിക്കൊണ്ടും ഗവമ്മെൻറു ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നു.

---

ഫാത്തിമാമാതാവിന്റെയും ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ അസാദ്ധ്യകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

EAVY ELENGICKEL
Kothamangalam

---

## ഇൻഡ്യാവാർത്തകൾ

സ്വതന്ത്ര ഇൻഡ്യയിലെ പ്രഥമ കാനേഷുമാരി കണക്കെടുപ്പ് ഫെബ്രുവരി 9-ാംനു ആരംഭിച്ചിരിക്കുന്നു. ഇതു 20 ദിവസത്തോളം നീണ്ടുനില്ക്കുന്നതും ഒടുവിലത്തെ ചെക്കിംഗ് മാർച്ച് 1-ാം തിയതി മുതൽ 3-ാംതിയതി വരെ നടത്തുന്നതുമാണെന്നറിയുന്നു. 6 ലക്ഷം എന്യൂമറേറ്റർമാരാണ് ഇതിൽ വ്യാപൃതരായിരിക്കുന്നത്. ഗവമ്മെൻറു ജീവനക്കാരിൽനിന്നും സ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും അദ്ധ്യാപകന്മാരിൽനിന്നുമായി നിയോഗിക്കപ്പെട്ടിട്ടുള്ള ഇവർ പ്രതിഫലംകൂടാതെയാണു ജോലിചെയ്യുന്നത്.

—മാർച്ച് 10—11 എന്നീ തിയതികളിൽ ഇൻഡ്യയിലെ പ്രമുഖവിദ്യാഭ്യാസപ്രവർത്തകരുടെ ഒരു കോൺഫറൻസ് ഡൽഹിയിൽവച്ചു കൂടുന്നതാണെന്നറിയുന്നു. അദ്ധ്യാപകനടപടിക്രമം, അവരുടെ അവകാശചാർട്ടർ, ഇൻഡ്യയിലെ സെക്കണ്ടറിവിദ്യാഭ്യാസപുനസ്സംഘടന എന്നീ വിഷയങ്ങൾ പ്രസ്തുത കോൺഫറൻസിൽ ചർച്ചചെയ്യപ്പെടുന്നതാണ്.

### അദ്ധ്യയന സമയത്തു

## മതപഠനം

ആസ്ത്രേലിയായിൽ വിക്ടോറിയാ പ്രോവിൻസിലെ പാർലമെൻറു വിദ്യാലയങ്ങളിൽ അദ്ധ്യയനസമയത്തു മതപഠനം നടത്തുന്നതിനനുവദിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

### കമ്മ്യൂണിസ്റ്റ്നേതാവിന്റെ

## മാനസാന്തരം

ആസ്ത്രിയൻ സോവ്യററു സൗഹാർദ്ദസഖ്യത്തിന്റെ ആക്ടിംഗ്പ്രസിഡണ്ടും ഒരു കമ്മ്യൂണിസ്റ്റ്നേതാവുമായ നിക്കളാസ് ഹവാക്കാ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നു രാജിവച്ചു കത്തോലിക്കാസഭയിലേക്കു പിന്തിരിഞ്ഞിരിക്കുന്നു. ഒരു കത്തോലിക്കാ സാഹിത്യകാരനായിരുന്ന അദ്ദേഹം, വ്യാമോഹംമൂലം കമ്മ്യൂണിസ്റ്റ്തന്ത്രത്തിൽ പെട്ടുപോയി എന്നത്രെ വിയന്നായിലെ ഒരു പത്രത്തിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ "ഈന്നകത്തിൽ" പ്രസ്താവിച്ചിരിക്കുന്നതു്.

## കെട്ടിവയ്പുംമററുമില്ല

ഈയിടെ എറണാകുളം സന്ദർശിച്ച ആസ്ത്രേലിയൻ ഹൈക്കമ്മീഷണർ മി. എച്ച്. ആർ. ഗ്ലൻ ആസ്ത്രേലിയായിലെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ഒരഭിമുഖസംഭാഷണമദ്ധ്യേ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"ആസ്ത്രേലിയായിലെ സാക്ഷരതാനില വളരെ ഉയർന്നതാണ്. സ്കൂളിൽ പോകാൻ പ്രായമായവരിൽ 99 ശതമാനവും അവിടെ അക്ഷരജ്ഞാനമുള്ളവരാണ്. പ്രൈവററു വിദ്യാലയങ്ങൾ അവിടെ ധാരാളമുണ്ട്. അവിടേക്കു തങ്ങളുടെ കുട്ടികളെ അയക്കുവാൻ രക്ഷാകർത്താക്കളും താല്പര്യപ്പെടുന്നു. കാരണം അവിടെ ഓരോ കുട്ടിയുടേയും അഭ്യസനകാര്യത്തിൽ സ്കൂൾഭാരവാഹികൾ കൂടുതൽ ശ്രദ്ധ പതിക്കുമെന്നുള്ള വിശ്വാസമാണ്. പ്രൈവററു വിദ്യാലയങ്ങളുടെ ആഭ്യന്തരഭരണത്തിൽ സ്റ്റേററു കൈകടത്താറില്ല. അദ്ധ്യാപകനിയമനം സ്കൂൾ മാനേജമെൻറു ബോർഡാണു നടത്തുന്നതു്. ഉത്തമരായ അദ്ധ്യാപകരെ തിരഞ്ഞെടുക്കുവാൻ മാനേജ്മെൻറു പ്രത്യേകം ശ്രദ്ധിക്കും. സ്കൂളുകളിലെ സ്റ്റാൻഡേർഡു മാത്രം ഗവമ്മെൻറു നിശ്ചയിക്കും. സെക്കണ്ടറി സ്കൂളുകളിൽ ഫീസു നിശ്ചയിക്കുന്നതു് ഗവ്വററല്ല. അതതു സ്കൂൾ മാനേജ്മെൻറുകളാണ്. പ്രൈവററു സ്കൂളുകൾക്കു സ്റ്റേററു സഹായധനം നൽകുന്നുണ്ട്. സഹായധനം ആവശ്യമില്ലാത്ത സ്വയംപര്യാപ്തമായ സ്കൂളുകളുമുണ്ട്. ഫീസുപിരിവു ഖജനാവിൽ കെട്ടിവയ്ക്കാറില്ല."

## പ്രസംഗമദ്ധ്യേ

## മരിയടഞ്ഞു

ടിറാനയിലെ മെത്രാപ്പോലീത്തയായിരുന്ന പിയെട്രൊമൂൺ സാനി തിരുമേനി ജാനു. 25-ാംനു ഓരിയ കത്തീഡ്രലിൽ പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ പെട്ടെന്നു നിലംപതിക്കുകയും നിര്യാതനാകയും ചെയ്തിരിക്കുന്നു. തിരുമേനിക്കു 60 വയസ്സു പ്രായമുണ്ടായിരുന്നു.

---

## ഏജൻസി ഓഫീസ്

1951 ഫെ. 8-ാംനു വ്യാഴാഴ്ച മുതൽ, പൊൻകുന്നം ബസ്സ്റ്റാൻറിലുള്ള ദാസൻ ബിൽഡിംഗ്സിൽ ഉണ്ടായിരുന്ന സത്യദീപം ഏജൻസി ഓഫീസ് സ്റ്റാൻറിനു തൊട്ടുകിഴക്കുവശത്തായി പെട്രോൾ പമ്പിനുസമീപം ഉള്ള കെട്ടിടത്തിലേക്കു മാററി സ്ഥാപിച്ചിരിക്കുന്നു.

എന്നു്, വി. വി. ഇട്ടിയവിരാ
വട്ടപ്പാറയിൽ, പൊൻകുന്നം.

---

## മെത്രാപ്പോലീത്താ

### ധ്യാനപ്രസംഗകൻ

ബോംബെയിലെ മെത്രാപ്പോലീത്തായായിരുന്ന മോസ്റ്റ് റവ. ഡോക്ടർ റോബർട്ട്സ് എസ്. ജെ. ഗ്രേററു് ബ്രിട്ടനിൽ വാസമുറപ്പിച്ചു്, ജീവിതശിഷ്ടം ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിൽ ചെലവഴിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി യൂനിവേഴ്സ് പത്രലേഖകൻ പ്രസ്താവിക്കുന്നു. 1937-ലാണ് അദ്ദേഹം മെത്രാപ്പോലീത്തായായി അഭിഷേചിക്കപ്പെട്ടതു്. യുദ്ധം തുടങ്ങിയപ്പോൾ രണ്ടാരാ സഹായമെത്രാൻ ഡോക്ടർ വലേരിയൻ ഗ്രേഷ്യസിനെ ഏല്പിച്ചിട്ടു് മിലിററി ചാപ്ലനായി ജോലി ചെയ്യുവാൻ പോയി. ആർ. എ. എഫ്. അദ്ദേഹത്തിന്റെ ഉപയോഗത്തിനായി വിട്ടുകൊടുത്ത വിമാനത്തിൽ ചുററിസഞ്ചരിച്ചു് അദ്ദേഹം പ്രേഷിതവേല നിർവ്വഹിച്ചു. രണ്ടുപ്രാവശ്യം വൻകാടുകളിൽ ഇറങ്ങുന്നതിനു നിർബന്ധിക്കപ്പെട്ടു. ഈ പ്രയാണവേളകളിൽ വിവിധ വിമാനത്താവളങ്ങളിലെ യോദ്ധാക്കളെ ഉദ്ദേശിച്ചു് മിക്കദിവസങ്ങളിലും മൂന്നു കുർബ്ബാനവീതം ചൊല്ലിവന്നു. പലക്കും മുമ്പിലത്തെ ഒപ്രുശ്രൂമായും കൊടുക്കുകയുണ്ടായി. കൂടാതെ യുദ്ധക്കപ്പലുകളിൽ സഞ്ചരിച്ചു നാവികരുടെ ഇടയിലും പ്രേഷിതവേല നടത്തി. കഴിഞ്ഞ വർഷം പദ്രുവാദോ ഭരണസമ്പ്രദായം പരിശുദ്ധസിംഹാസനം നിർത്തലാക്കിയപ്പോൾ ബോംബെയിലെ മെത്രാപ്പോലീത്താസ്ഥാനം രാജിവയ്ക്കുവാൻ പരി. പിതാവു് അദ്ദേഹത്തിനു് അനുമതി നൽകുകയും ചെയ്തു.



---

## ഫെഡറൽ ബാങ്ക് ലിമിറ്റഡ്

### ആലുവാ

എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി

15 ദിവസത്തെ നോട്ടീസ്സ് ഡെപ്പോസിററുകൾക്കുള്ള പലിശ 4 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറവുചെയ്തിരിക്കുന്നു. മുൻഡെപ്പോസിററുകാർക്കു് കൂടിയ നിരക്കിലുള്ള പലിശ തുടന്നു് ലഭിക്കുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

---



## സഭാവസ്ത്രദാനം

എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽവച്ചു് ഫെബ്രുവരി 12-ാംനു 31 അർത്ഥിനികൾക്കു് മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു് കർമ്മലസഭാവസ്ത്രം നല്കിയിരിക്കുന്നു. ഫാ. ജോസഫ് പി. വിതയത്തിൽ തദവസരത്തിൽ ഒരു പ്രഭാഷണം നടത്തുകയുണ്ടായി.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു സുഖപ്പെട്ടതിനു ഉപകാരസ്മരണ.

ഏനാനിക്കൽ വക്കി പൈലി
പോത്താനിക്കാട്

---

## ഒപ്പുവയ്ക്കരുതു്

വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ കുറേനാൾമുമ്പ് സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്കോമിൽ സമ്മേളിച്ചു് ലോകസമാധാനത്തിനുവേണ്ടിയുള്ളതാണെന്നു പറയപ്പെടുന്ന ഒരു അഭ്യർത്ഥന പുറപ്പെടുവിക്കുകയുണ്ടായി. അതിനെ ആധാരമാക്കി അമേരിക്കക്കെതിരായുള്ള ഒരു പൊതുജനാഭിപ്രായം സൃഷ്ടിക്കുവാൻ അന്താരാഷ്ട്രീയ കമ്മ്യൂണിസം ഇപ്പോൾ ശ്രമിച്ചുവരികയാണത്രെ. ഭാരതത്തിലും പ്രസ്തുതാഭ്യർത്ഥനയിൽ ഒപ്പുവയ്പിക്കുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതു് കമ്മ്യൂണിസം പ്രചരിപ്പിക്കുവാനുള്ള ഒരു തന്ത്രമാണെന്നു സംശയിക്കപ്പെടുന്നതിനാൽ പ്രസ്തുത സമാധാനാഭ്യർത്ഥനയിൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർ ഒപ്പുവച്ചുകൂടാ എന്നു താക്കീതു നല്കിക്കൊണ്ടു് ഇൻഡ്യാ ഗവമ്മെൻറിൽനിന്നും ഏതാനും ദിവസങ്ങൾക്കുമുമ്പു് ഒരുത്തരവു പുറപ്പെടുവിക്കയുണ്ടായി. ഈ വിഷയം സംബന്ധിച്ചു് പണ്ഡിററ്നെഹ്റു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "നമ്മളാരും സ്റ്റോക്കോം അഭ്യർത്ഥനയിൽ ഒപ്പിടരുതെന്നാണ് എന്റെ അഭിപ്രായം. ആററംബോംബിനെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം വ്യക്തമാണ്. എന്നാൽ സ്റ്റോക്കോം അഭ്യർത്ഥനയിൽ ചിലയാളുകൾ അവരുടെ പ്രത്യേകോദ്ദേശത്തിനുവേണ്ടി ഉപയോഗിക്കുന്ന ചില സംഗതികളും അടങ്ങിയിട്ടുണ്ട്."

## വാർഷികങ്ങൾ

എറണാകുളം സെൻറാൽബർട്ട്സ് ഹൈസ്കൂൾ വാർഷികം ഫെബ്രുവരി 1 മുതൽ 5 വരെ തീയതികളിൽ കൊണ്ടാടിയിരിക്കുന്നു. സമാപനദിനമായ ഫെബ്രുവരി 5-ാംനു കൂടിയ പൊതുയോഗത്തിൽ ഹൈക്കോർട്ടുജസ്റ്റീ ശ്രീ പി. കെ. സുബ്രഹ്മണ്യയ്യർ ബി. എ. ബി. എൽ. ആദ്ധ്യക്ഷംവഹിക്കുകയും ശ്രീ കെ. ടി. സെബാസ്റ്റ്യൻ ബി. എ. പ്രസംഗിക്കുകയും ചെയ്തു.

എറണാകുളം തിരുഹൃദയ പെററിസെമ്മിനരി സാഹിത്യസമാജത്തിന്റെ വാർഷികം ഫെബ്രുവരി 11-ാംനു അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെടുകയുണ്ടായി. യോഗാനന്തരം വൈദികവിദ്യാർത്ഥികൾ "അങ്കിൾസാം" എന്ന ഇംഗ്ലീഷ്പ്രഹസനം അഭിനയിച്ചു. തുടന്നു് പ്രച്ഛന്നവേഷമത്സരവും നടന്നു. അവസാനം വികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

എറണാകുളം സെൻറ് ആൽബർട്ട്സ് കോളെജ് വാർഷികദിനാഘോഷങ്ങൾ സംബന്ധിച്ചു ഫെബ്രുവരി 12-ാംനു കൂടിയ പൊതുയോഗത്തിൽ തിരു-കൊച്ചി ചീഫ് ജസ്റ്റീസ് ശ്രീ സി. കുഞ്ഞിരാമൻ അവർകൾ ആദ്ധ്യക്ഷംവഹിച്ചു. ഡോക്ടർ വി. ബി. മുഹമ്മദ ടോസ്റ്റ് പ്രസംഗം നടത്തുകയും തുടന്നു് കോളെജ് വൈസ്പ്രിൻസിപ്പാൾ റവ. ഫാ. സേവ്യർ കണിയാമ്പുറം എം. എ. മറുപടി പ്രസംഗം ചെയ്യുകയുംചെയ്തു.

തേവര കോളെജ് കാത്തലിക്ക് സ്റ്റുഡൻറ്സ് യൂണിയന്റേയും സൊഡാലിററിയുടേയും സംയുക്തവാർഷികം ഫെബ്രുവരി 11-ാംനു പാലാ മെത്രാൻ റൈററ് റവ. മാർ സെബാസ്ത്യൻ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടിരിക്കുന്നു.

## ചരമം

മണിയംകുന്നുപള്ളി ഇടവക വെട്ടിക്കൽ ഔസേപ്പു വക്കി അവർകൾ 90-ാമത്തെ വയസ്സിൽ ഫെബ്രുവരി 3-ാംനു നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം പരേതന്റെ സഹോദരീപുത്രൻ റവ. ഫാ. കസ്യാനോസ് സി. ഡി. അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

—വടയാർ: പാച്ചായിത്തെയിൽ പരേതനായ വക്കി അവർകളുടെ ഭാര്യ ഏലിശാ 62-ാമത്തെ വയസ്സിൽ ഫെബ്രുവരി 2-ാംനു നിര്യാതയായിരിക്കുന്നു.

—മണ്ടൂർ പള്ളിവികാരിയായിരുന്ന റവ. ഫാ. ജോസ് കയ്യാലകം ഫെബ്രുവരി 3-ാംനു നിര്യാതനായിരിക്കുന്നു.

## വിവാഹം

താഴത്തുവടകര: ആലുങ്കൽ ശ്രീ തോമസ് അവർകളുടെ പുത്രൻ മി. ജോസഫും കുളത്തൂർ മൈലേടംപാറ ശ്രീ പോത്തൻ അവർകളുടെ പുത്രി ശ്രീമതി ബ്രിജീത്തയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 7-ാംനു നടന്നിരിക്കുന്നു.

—മേവെള്ളൂർ പള്ളിഇടവക പൊറുമ്പിൽ ശ്രീ കുര്യൻ വക്കിയും കീച്ചേരിപ്പള്ളി ഇടവക കാലായിൽ ശ്രീ തോമ്മാച്ചന്റെ പുത്രി ശ്രീമതി ഏലിക്കുട്ടിയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 5-ാം തീയതി മേവെള്ളൂർ പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

## സ്ലീവാപാതയും

## പ്രസംഗപരമ്പരയും

വായ്പൂരു് ചെറുപുഷ്പകപ്പേളമുതൽപഴയപള്ളിവരെയുള്ള 14 സ്ഥലങ്ങളിൽക്കൂടി ഈ തപസ്സുകാലത്തിലെ എല്ലാ ഞായറാഴ്ചകളിലും വൈകിട്ടു് 4-30 നും ദുഃഖവെള്ളിയാഴ്ച കാലത്തു് 9 മണിക്കും ഭക്തിജനകവും ആഘോഷപൂർവ്വവുമായ സ്ലീവാപാതയും താഴെ പറയുന്ന സുപ്രസിദ്ധ വാഗ്മികളുടെ പ്രസംഗങ്ങളുമുണ്ടായിരിക്കുന്നതാണ്. റവ. ഫാദേഴ്സ് സിറിയക്കു് കുന്നങ്കരിക്കളം, സ്കറിയാ വടക്കേത്തലക്കൽ, ജേക്കബ് വലിയപറമ്പിൽ, ജോസഫ് ഏറുമാനൂക്കാരൻ, D. D. B. Ph. B. C. L., L. Sc. O., ജോൺ കച്ചിറമററം B. A. B. T. L. D., ജോൺ മററം M. A., അഗസ്റ്റിൻ മണ്ണൂക്കളം.

### കമ്മ്യൂണിസ്റ്റ് വൈദികരാകാൻ

## 800 പേർ

ചെക്കൊസ്ലോവാക്യായിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ വകയായി നടത്തിവരുന്ന വൈദികസെമ്മിനാരികളിൽ 800-ഓളം വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിവരുന്നുണ്ടത്രെ. കമ്മ്യൂണിസ്റ്റ് സംഘടനകളിലെ അംഗങ്ങളാണവർ. രണ്ടുകൊല്ലംകൊണ്ടു് അവരുടെ പരിശീലനം പൂർത്തിയാകുകയും ഇടവകഭരണത്തിനു് അവർ നിയുക്തരാകയും ചെയ്യുന്നതാണ്.

സംഭവകഥ

# അരണ്യത്തിലെ അന്ത്യക്രൂദാശ

(എ. വി. തോമസ്, ബോംബെ)

തെക്കെ അമേരിക്കയിലെ പ്രധാന രാജ്യങ്ങളിൽ ഒന്നാണ് ബ്രസീൽ. അവിടത്തെ വിസ്തൃതങ്ങളായ വനപ്രദേശങ്ങളിൽ ഗതാഗതത്തിനുള്ള ഏകമാർഗ്ഗം ആമസോൺ നദിയും അതിന്റെ കൈവഴികളുമാണ്. അവിടെ ജോലി ചെയ്യുന്ന മിഷനറിവൈദികന്മാർക്ക് അസാധാരണങ്ങളായ പല അനുഭവങ്ങളും ഉണ്ടാകാറുണ്ട്. താദൃശങ്ങളായ അനുഭവങ്ങളിൽ ഒന്നിനെ അസ്പദമാക്കി ഒരു വൈദികൻ "ലിഗോരിയൻ" എന്ന അമേരിക്കൻ മാസികയിൽ എഴുതിയിട്ടുള്ള



ലേഖനത്തിന്റെ സംഗ്രഹമാണ് താഴെ ചേർക്കുന്നതു്:

ആ വൈദികൻ ഒരു ചെറുവഞ്ചിയിലേക്കു കാലെടുത്തുവച്ചു. അപ്പോൾതന്നെ യഥാസമയം സ്ഥലത്തെത്തുമോ എന്നു് അദ്ദേഹത്തിനു സംശയമുണ്ടായിരുന്നു. അതിന്റെ അമരത്തു് ഉദ്ദേശം എഴുപതുവയസ്സു പ്രായം വരുന്ന ഒരു വൃദ്ധനും മറേറ അററത്തു് ഏകദേശം പത്തുവയസ്സു പ്രായമുള്ള ഒരു ബാലനും ഇരിപ്പുണ്ടായിരുന്നു. കാലപ്പഴക്കംകൊണ്ടു് ജീർണ്ണിച്ചുതുടങ്ങിയിരുന്ന ആ വഞ്ചിയുടെ പലയിടത്തുമുണ്ടായിരുന്ന ചെറുദ്വാരങ്ങളിൽക്കൂടി വെള്ളം അകത്തേക്കു് ഒലിച്ചിരുന്നു. രോഗിണി ആയിരുന്ന സ്ത്രീ അന്ത്യശ്വാസംവലിക്കുന്നതിനുമുമ്പു് അവരുടെ പക്കൽ എത്തുവാൻ സാധിക്കുന്ന കാര്യം പ്രയാസമായി ആ വൈദികനു തോന്നി. അദ്ദേഹത്തിന്റെ താമസസ്ഥലത്തുനിന്നും സ്ത്രീയുടെ വീട്ടിൽ എത്തുന്നതിനു് സാധാരണഗതിയിൽ കുറഞ്ഞതു മൂന്നുമണിക്കൂർവേണം. ആ സ്ഥിതിക്കു് ഒരു വൃദ്ധനും ബാലനുംകൂടി വലിച്ചാൽ വഞ്ചി എപ്പോഴാണു് അവിടെ എത്തുക! വഞ്ചിയുടെ അകത്തുണ്ടായിരുന്ന ചെളിവെള്ളത്തിൽ മുട്ടാത്തവിധം ഉടുപ്പിന്റെ അററം പൊക്കിവച്ചിട്ടു്, അന്ത്യക്രൂദാശയ്ക്കുള്ള ഉപകരണങ്ങളും ഒരു കുപ്പി വെള്ളവും കൈയിൽ ഒതുക്കിപ്പിടിച്ചുകൊണ്ടു് വഞ്ചിയുടെ ഒരു പടിയിൽ ഇരുന്നശേഷം "നമുക്കിനി പോകാം" എന്നു് വൈദികൻ പറഞ്ഞു.

പത്തുമിനിട്ടിനുള്ളിൽ അദ്ദേഹത്തിന്റെ സംശയങ്ങൾ പമ്പകടന്നു. വിശാലമായ ആ നദിയിലെ തിരമാലകളെ ഓരോന്നായി മുറിച്ചുകൊണ്ടു് ആ ചെറുവഞ്ചി അതിവേഗം മുന്നോട്ടു പാഞ്ഞു. ഒരു മണിക്കൂർ കഴിഞ്ഞിട്ടും വലിയുടെ ആയത്തിനു യാതൊരു അയവും വരുത്താതെ ആ വൃദ്ധനും ബാലനും വഞ്ചിയെ മോട്ടോർ ബോട്ടിനെ വെല്ലുന്നവേഗത്തിൽ മുന്നോട്ടുവിട്ടുകൊണ്ടിരുന്നു.

"ഇപ്പോൾ പക്ഷേ ക്ഷീണിച്ചിരിക്കും; ഇനി കുറേനേരം ഞാൻ വലിക്കാം" എന്നു് വൈദികൻ വൃദ്ധനോടു പറഞ്ഞു.

കുറേനേരത്തേക്കു് അയാൾ ഒന്നും മിണ്ടാതെ വഞ്ചി മുന്നോട്ടുപായിച്ചുകൊണ്ടുതന്നെ ഇരുന്നു. എന്നിട്ടു് അയാൾ ഏതാണ്ടു ശകാരസ്വരത്തിൽ പറഞ്ഞു: "വൈദികർക്കു വഞ്ചിവലിക്കാൻ അറിഞ്ഞുകൂടല്ലോ."

രണ്ടാമത്തെ മണിക്കൂറും അങ്ങനെ കഴിഞ്ഞു. അപ്പോൾ ആ വൈദികൻ കുട്ടിയുടെനേർക്കുതിരിഞ്ഞു പറഞ്ഞു: "വളരെ വേഗത്തിൽ വഞ്ചി വലിക്കുന്നുണ്ടു് ഇപ്പോൾ വല്ലാതെ ക്ഷീണിച്ചുകാണുമെന്നു വിചാരിക്കുന്നു."

ആ ബാലൻ അത്ഭുതത്തോടെ ഒരു പുഞ്ചിരിതൂകിക്കൊണ്ടു് "ഇല്ല" എന്നു പറഞ്ഞു.

അപ്പോഴേക്കു് അന്തരീക്ഷത്തിൽ അവിടവിടെയായി കറുത്തിരുണ്ട മേഘപടലങ്ങൾ കണ്ടുതുടങ്ങി. വിനാവിളംബം ശക്തിയായ കാററുണ്ടാകുമെന്നും തന്മൂലം യാത്ര അപകടപൂർണ്ണമായിത്തീരുമെന്നും വൈദികൻ ശങ്കിച്ചു. തിരമാലകൾ ഉയർന്നടിക്കുവാൻ തുടങ്ങിയതിനാൽ വഞ്ചിയുടെ ഉള്ളിലേക്കു വെള്ളം അടിച്ചുകയറി. വൈദികന്റെ വസ്ത്രങ്ങളെല്ലാം നനഞ്ഞു. എങ്കിലും വഞ്ചിയുടെ ഗതി പൂർവ്വവൽ തുടർന്നുകൊണ്ടിരുന്നു.

കുറച്ചുസമയത്തിനുള്ളിൽ കാററു നിന്നു. അപ്പോൾ സ്ഥലം അടുത്തു എന്നു വൃദ്ധൻ സന്തോഷപൂർവ്വം വൈദികനോടു പറഞ്ഞു. അയാൾ ഇങ്ങനെ തുടർന്നു: "എനിക്കു് ഈ യാത്ര സാധാരണ പതിവാണു്. രോഗികൾക്കും പുരുഷന്മാരില്ലാത്ത കുടുംബങ്ങൾക്കും ആവശ്യമായ സാധനങ്ങൾ വാങ്ങിക്കൊടുക്കുന്നതിനു് ഞാൻ പതിവായി പട്ടണത്തിലേക്കു പോകാറുണ്ടു്."

"നിങ്ങളുടെ ബുദ്ധിമുട്ടിനു് എന്തെങ്കിലും കൂലി വാങ്ങുന്നുണ്ടോ?" വൈദികൻ ചോദിച്ചു.

ഈ ചോദ്യം ആ വൃദ്ധനെ അല്പം നീരസനാക്കി. അങ്ങനെ ചോദിച്ചതു് അബദ്ധമായി എന്നു് വൈദികനും തോന്നി.

"ഞാൻ ഒരു കൂലിയും സ്വീകരിക്കുന്നില്ല." വൃദ്ധൻ മറുപടി പറഞ്ഞു.

അപ്രതീക്ഷിതമായിരുന്ന ആ പ്രത്യുത്തരം വൈദികനെ അത്ഭുതപരതന്ത്രനാക്കി. ആ വനപ്രദേശത്തെ ഒരു വൃദ്ധനിൽനിന്നും ഇത്രയും നിസ്വാർത്ഥമായ സേവനചൈതന്യം അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. പിന്നീടു് ആ വൃദ്ധന്റെ കുടിൽ സന്ദർശിച്ചപ്പോൾ അവിടെ കണ്ട ദാരിദ്ര്യത്തിന്റെ രൂക്ഷത അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു. സ്വഭാവശുദ്ധിയും സേവനസന്നദ്ധതയും രൂക്ഷതയേറിയ ദാരിദ്ര്യത്തിന്റെയും പാണ്ഡിത്യഹീനതയുടേയും മദ്ധ്യത്തിലും വളരുമെന്നുള്ളതിനു ഉത്തമലക്ഷ്യമായിരുന്നു ആ വൃദ്ധൻ.

വൈദികനെ വനത്തിനുള്ളിൽ രോഗിയുടെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനു് ഒരാൾ വൃദ്ധന്റെ വസതിയിൽ കാത്തിരിപ്പുണ്ടായിരുന്നു. മഴയുടെ ആധിക്യംമൂലം അങ്ങോട്ടുള്ള യാത്ര വളരെ വിഷമമേറിയതായിരുന്നു. വഴിനീളം ഉണ്ടായിരുന്ന ചെളി ചെരിപ്പിന്റെ ഉള്ളിലേക്കു ഊറിക്കയറുകയും ഉടുപ്പിൽ എല്ലാം തെറിച്ചുവീഴുകയും ചെയ്തു. ഏറെത്താമസിയാതെ അവർ ഒരു തുറന്ന സ്ഥലത്തെത്തി. അവിടെയായിരുന്നു രോഗിയുടെ വീടു്. ചെറുതും ബലഹീനവും ആയിരുന്ന ഒരു ഗോവണി കയറി ആ വൈദികൻ രണ്ടു മുറിയുണ്ടായിരുന്ന ഒരു ചെറുകുടിലിൽ എത്തി. അവിടെ അദ്ദേഹത്തിന്റെ ആഗമനം പ്രതീക്ഷിച്ചു് കുറെപ്പേർ നില്പുണ്ടായിരുന്നു. ഒരു മുറിയിൽ രോഗി കിടന്നിരുന്നു. മറേറമുറിയിൽ ആ ഗൃഹത്തിലെ ഇതരാംഗങ്ങൾ വസിച്ചിരുന്നു. അല്പം ഉയരത്തിൽ മുളകൾ വച്ചുകെട്ടിയ ഉറപ്പില്ലാത്ത തറയായിരുന്നു ആ കുടിലിന്റേതു്.

അവർ വൈദികനെ രോഗിയുടെ സമീപത്തേക്കു് ആനയിച്ചു. അവൾ ആസന്നമരണയായിരുന്നു. ബോധം മിക്കവാറും നശിച്ചിരുന്നു. നിലത്തു നിവർന്നു് കൈകൾ രണ്ടും വിരിച്ചു് അവൾ കിടന്നിരുന്നു. അവളുടെ വായിൽനിന്നും അസഹ്യമായ ദുർഗ്ഗന്ധം വമിച്ചുകൊണ്ടിരുന്നു.

വൈദികൻ രോഗിയുടെ അരികെ മുട്ടുകുത്തി. കൂദാശോപകരണങ്ങൾ വെച്ചിരുന്ന പെട്ടി തുറന്നു. രോഗിയുടെ മരണം അത്യാസന്നമായി തോന്നിയതുകൊണ്ടു് കഴിയും വേഗം കൂദാശകൾ കൊടുക്കുവാൻ അദ്ദേഹം ഒരുങ്ങി. തിരെ ചെറിയ ആ മുറിയിൽ പതിനഞ്ചോളംപേർ ഉണ്ടായിരുന്നു; ജന്നലുകൾ ഒന്നും ഇല്ലായിരുന്നതുകൊണ്ടു് ഉഷ്ണവും കൂടുതലായിരുന്നു. രോഗിയുടെ ചെവിയിൽ മനസ്താപപ്രകരണം ചൊല്ലിക്കൊടുക്കുവാനായി വൈദികൻ ഉദ്യമിച്ചപ്പോൾ അവളുടെ ശരീരത്തിൽനിന്നും പുറപ്പെട്ട ദുർഗ്ഗന്ധം അദ്ദേഹത്തിൽ ഛർദ്ദി ഉളവാക്കുമെന്ന ദിക്കായി. ഉടനെ അദ്ദേഹം പുറത്തേക്കുവന്നു് അല്പം ശുദ്ധവായു ശ്വസിച്ചപ്പോൾ ആ വിഷമം നീങ്ങി. കൂദാശോപകരണങ്ങൾ വച്ചിരുന്ന പെട്ടിയിൽനിന്നും അല്പം പഞ്ഞിയെടുത്തു് മൂക്കിന്റെ ദ്വാരങ്ങളിൽ തിരുകിയശേഷം വീണ്ടും രോഗിയെ സമീപിച്ചു. പിന്നീടു് വിഷമമൊന്നും ഉണ്ടായില്ല. അന്ത്യശുശ്രൂഷകളെല്ലാം യഥാവിധി നടത്തി. ഈ വനാന്തരത്തിൽവച്ചു് ഇങ്ങനെ അന്ത്യക്രൂദാശ ലഭിക്കുന്നതിനുള്ള ഭാഗ്യം കിട്ടുവാൻ എന്തു് അസാധാരണ സുകൃതമാണു് ആ സാധുരോഗി ചെയ്തിട്ടുള്ളതെന്നു് വൈദികൻ വിചാരിച്ചു.

രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കുശേഷം അവർ കൊന്ത ജപിക്കുവാൻ ആരംഭിച്ചു. കൊന്തയുടെ പ്രാർത്ഥനകൾ എല്ലാം ശരിയായി ചൊല്ലുവാൻ അവരുടെ കൂട്ടത്തിൽ ഒരു ചെറിയ പെൺകുട്ടിക്കുമാത്രമേ അറിയാമായിരുന്നുള്ളു. അവൾമാത്രം പ്രാർത്ഥനകൾ ശരിയായി പഠിച്ചതു് എങ്ങനെയെന്നു വൈദികൻ ചോദിച്ചപ്പോൾ ആ ബാലിക ആസന്നമരണയായ സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, അമ്മ പഠിപ്പിച്ചതാണു് എന്നു പറഞ്ഞു. ഒരുപക്ഷേ ഈ സുകൃതത്തിന്റെഫലമായിട്ടായിരിക്കണം ആ സാധുസ്ത്രീക്കു് ഇങ്ങനെ അന്ത്യക്രൂദാശകൾ ലഭിച്ചതു്.

രോഗിയുടെ സ്ഥിതി പിന്നെയും പൂർവവൽ തുടർന്നു. കുറെനേരംകൂടി അവിടെ താമസിച്ചശേഷം വൈദികൻ മടങ്ങുവാൻ ഭാവിച്ചു. അദ്ദേഹം അടുത്തമുറിയിലേക്കു കയറി. അപ്പോൾ കാപ്പി കുടിച്ചിട്ടു പോകാം; അല്പംകൂടി താമസിക്കണം എന്നു് ഒരു സ്ത്രീ അദ്ദേഹത്തോടു പറഞ്ഞു. വൈദികൻ ഒരു പെട്ടിപ്പുറത്തിരുന്നു; മററുള്ളവർ തറയിലും. ഒരു പെൺകുട്ടി ഒരുകോപ്പ കടുംകാപ്പി കൊണ്ടുവന്നു് അദ്ദേഹത്തിനു കൊടുത്തു. അതിൽ ഇടുവാൻ പഞ്ചസാര ഇല്ലാതിരുന്നതുകൊണ്ടു് ആ കുട്ടിക്കു കുണ്ഠിതമുണ്ടായിരുന്നുവെന്നു് അവളുടെ മുഖം വ്യക്തമാക്കി. വൈദികൻ കയ്പേറിയ ആ കാപ്പി സന്തോഷപൂർവം കുടിച്ചു. പക്ഷേ കാപ്പിക്കു മധുരമില്ലാത്തതിനു ശകാരം കിട്ടുമെന്നു് അവൾ വിചാരിച്ചിരിക്കാം. പിന്നീടു അവൾ ആ കോപ്പ വാങ്ങി അതിൽത്തന്നെ അവിടെ ഉണ്ടായിരുന്ന ഓരോരുത്തർക്കും കാപ്പി കൊണ്ടുവന്നു കൊടുത്തു. ആ സാധുകുടുംബത്തിൽ ഒരു കോപ്പമാത്രം ഉണ്ടായിരുന്നതുകൊണ്ടാണു് ഇങ്ങനെ ചെയ്യേണ്ടിവന്നതു്.

എല്ലാവരും കാപ്പികുടിച്ചുകഴിഞ്ഞപ്പോൾ വൈദികൻ പോകുവാനായി എഴുന്നേററു. മഴ അപ്പോഴും പെയ്തുകൊണ്ടിരുന്നു. വർദ്ധിച്ചുകൊണ്ടിരുന്ന കാർമേഘപടലങ്ങൾ കൂടുതൽ മഴയുണ്ടാകുമെന്നു സൂചിപ്പിച്ചു. അപ്പോൾ ഒരാൾ—അയാൾ അവിടത്തെ പ്രമാണിയാണെന്നു തോന്നി—അല്പംകൂടി ക്ഷമിക്കണം, ഞങ്ങൾ യാത്രയ്ക്കു ഒരുക്കുകയാണു്, എന്നു് വൈദികനോടു പറഞ്ഞു.

"എനിക്കു അത്താഴത്തിനുമുമ്പു് പള്ളിയിലെത്തണം, യാത്രയ്ക്കു കുറഞ്ഞതു രണ്ടുമണിക്കൂർ എങ്കിലും എടുക്കുമല്ലോ." വൈദികൻ പറഞ്ഞു.

"അത്രയും വേണ്ടിവരുകയില്ല." സ്ഥലപ്രമാണി ചിരിച്ചുകൊണ്ടു പറഞ്ഞു. അപ്പോഴേക്കും രണ്ടു യുവാക്കന്മാർ രണ്ടു വളഞ്ഞ മരക്കൊമ്പുകളുംകൊണ്ടു് അതിലെ വന്നു. "അദ്ദേഹത്തിനു നല്ല ഉയരമുണ്ടു്, ഇവയ്ക്കു കുറച്ചുകൂടി പൊക്കം വേണം" എന്നു പറഞ്ഞുകൊണ്ടു് അവർ കടന്നുപോയി.

കുറെ കഴിഞ്ഞു് പ്രമാണി വന്നു് യാത്രയ്ക്കുവേണ്ട ഒരുക്കമെല്ലാം പൂർത്തിയായി, ഇനി പോകാം എന്നു പറഞ്ഞു. വൈദികൻ രോഗിയെ ഒന്നുകൂടി സന്ദർശിച്ചശേഷം നദീതീരത്തേക്കു തിരിച്ചു. അരമണിക്കൂർ മണ്ണും കല്ലും ചെളിയും ചവിട്ടിയശേഷം അവർ നദിയുടെ തീരത്തെത്തി. അവിടെ അദ്ദേഹത്തിന്റെ മടക്കയാത്രയ്ക്കു ചെയ്തിരുന്ന സജ്ജീകരണങ്ങൾ കണ്ടപ്പോൾ ആ വൈദികൻ അത്ഭുതപ്പെട്ടു: ഇരുപത്തിരണ്ടു അടി നീളമുണ്ടായിരുന്ന സാമാന്യം വലിയ ഒരു വഞ്ചി; മദ്ധ്യഭാഗത്തു് അതിനു് അഞ്ചടി വീതിയുണ്ടായിരുന്നു. അതിൽ അഞ്ചു സീററുകൾ ഒരുക്കിയിരുന്നു. മദ്ധ്യത്തേതിന്റെ മുകൾഭാഗത്തു് മഴ നനയാത്ത വിധം വളച്ചു് ഒരു മേൽപ്പുരയും ഉണ്ടാക്കിയിരുന്നു. ഇതിൽ അവർ വൈദികനെ ഇരുത്തി. അരോഗദൃഢഗാത്രരും ആജാനുബാഹുക്കളും ആയ അഞ്ചുപേർ പങ്കായങ്ങൾ കൈയിൽ പിടിച്ചുകൊണ്ടു് ആരുടെയോ ആജ്ഞയെ പ്രതീക്ഷിച്ചെന്നവണ്ണം വഞ്ചി വിടുവാൻ തയ്യാറായി ഇരുന്നിരുന്നു.

"അങ്ങു് ഇവിടംവരെ വന്നതിനു വളരെ ഉപകാരം," പ്രമാണി പറഞ്ഞു.

വഞ്ചി പതുക്കെ ഇളകിത്തുടങ്ങി.

"ഉം, ഓടട്ടെ," അമരത്തിരുന്ന ആൾ പറഞ്ഞു.

നീണ്ടുതടിച്ച പങ്കായങ്ങൾ തരംഗപരമ്പരകളെ പിളർന്നുകൊണ്ടു് അതിവേഗം വഞ്ചിയെ മുന്നോട്ടോടിച്ചു. പേമാരി ചൊരിഞ്ഞുകൊണ്ടിരുന്നുവെങ്കിലും അതിനു വഞ്ചിയുടെ വേഗത്തെ കുറയ്ക്കുവാൻ സാധിച്ചില്ല. ഒരു മണിക്കൂർകൊണ്ടു് വൈദികൻ അദ്ദേഹത്തിന്റെ വസതിയിൽ എത്തി. അതായിരുന്നു ആ സാധുജനങ്ങളുടെ കൃതജ്ഞതാഭരിതമായ ഉപചാരത്തിന്റെ ഫലം.


---

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ എന്റെ മകന്റെ സുഖക്കേടു് മാറിയതിനു് ഉപകാരസ്മരണ.

Mrs. Kunjathi Joseph
Kottapadi

---

## വിനോദവീഥി



ഡോക്ടർ അസിസ്റ്റന്റിനോടു്: "വേണ്ട; ക്ലോറോഫോം കൊടുത്തിട്ടാവശ്യമില്ല. എന്റെ ഫീസ് എന്താകുമെന്നു കേട്ടപ്പോൾത്തന്നെ അയാളുടെ ബോധം പോയിക്കഴിഞ്ഞു."

* * *

ഗൃഹനായിക: മേരി, ഈ മീൻ വറക്കുന്നതിനുമുമ്പു നീ നല്ലവണ്ണം കഴുകിയോ?

വേലക്കാരി: എന്തിനാ കൊച്ചമ്മേ! മീനെ കഴുകുന്നതു്? അതു ജീവിതകാലം മുഴുവൻ വെള്ളത്തിലല്ലേ കഴിച്ചുകൂട്ടിയതു്?

* * *

നവവധു (ദേഷ്യത്തോടെ): ഞാൻ നിങ്ങളോടു പറഞ്ഞിട്ടില്ലേ, അടുക്കളയിൽ കയറിവരരുതെന്നു്.

ഭർത്താവു്: ഞാൻ വന്നിട്ടു എന്തുപററി?

വധു: ഞാൻ നിവർത്തിവച്ചിരുന്ന "പാചകയോഗ"ത്തിന്റെ കടലാസു മറിച്ചുകളഞ്ഞില്ലേ? എന്താണു പാകപ്പെടുത്തിവന്നതെന്നു് ഇപ്പോൾ ഞാനോർക്കുന്നില്ല.

* * *

കച്ചവടക്കാരൻ: നിങ്ങളെനിക്കു തരാനുണ്ടായിരുന്ന 10 രൂപയുടെ കാര്യം മറന്നുപോയോ?

പതിവുകാരൻ: അതിത്രവേഗം ഞാൻ മറക്കുമോ? കുറച്ചുകൂടി സമയം തരണം.

## വത്തിക്കാനുള്ളിൽ

"Inside the Vatican" (വത്തിക്കാനുള്ളിൽ) എന്ന പേരിലുള്ള പുതിയ ചലച്ചിത്രം വത്തിക്കാനിൽത്തന്നെ ആദ്യമായി പ്രദർശിപ്പിച്ചിരിക്കുന്നു. അരമണിക്കൂർ നേരത്തേക്കുള്ള ആ ഫിലിമിൽ വത്തിക്കാനെസംബന്ധിച്ച കാര്യങ്ങൾ കൃത്യമായി ചിത്രീകരിച്ചിരിക്കുന്നു.

## ആഫ്റിക്കയിൽ ഹയരാർക്കി

ദക്ഷിണാഫ്റിക്കൻ യൂണിയനിലെ 18 വികാരിയാത്തുകൾ ചേർത്തു പരിശുദ്ധ പിതാവു് അവിടെയൊരു ഹയരാർക്കി സ്ഥാപിച്ചിരിക്കുന്നു.



"WE PREACH CHRIST CRUCIFIED." (1 Cor. 1, 23)

# പ്രഭാഷണം

PLAN TODAY FOR TOMORROW
SAVE ALL YOU CAN
BUT REMEMBER TO INVEST YOUR
SAVINGS WHERE THEY WILL BE
SAFE AND WAITING FOR YOU
WHEN YOU NEED THEM.
The Eastern Mercantile Bank LTD.,
H. O. CHANGANACHERRY.
BRANCHES:- ALWAYE, CHANGANACHERRY, KOTHAMANGALAM, KOTTAYAM, MUVATTUPUZHA, NEDUMKUNNAM, PONKUNNAM, TIRUVELLA, TRICHUR, AND UPPUTHARA.
P. M. DEVASIA, Secretary
V. M. KURIAN, General Manager

## ഭൗമികപറുദീസ

പിന്നെ ആറു ദിവസങ്ങൾക്കുശേഷം ഈശോ കേപ്പായേയും യാക്കോബിനേയും അവൻെറ സഹോദരനായ യോഹന്നാനേയുംകൂട്ടി അവരെ തനിച്ച് ഉയന്ന ഒരു മലയിൽ കയററിക്കൊണ്ടുപോയി. ഈശോ അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു; അവൻെറ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു; അവൻെറ വസ്ത്രങ്ങൾ വെളിച്ചംപോലെ ധവളമായി. മൂശയും ഏലിയായും അവനോടു സംസാരിക്കുന്നതായും അവക്കു കാണപ്പെട്ടു. കേപ്പാ ഉത്തരമായി ഈശോയോട്: എൻെറ കത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു. നിനക്കു ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങളുണ്ടാക്കാം; ഒന്നു നിനക്കും, ഒന്നു മൂശക്കും, ഒന്നു ഏലിയായ്ക്കും എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഇതാ! പ്രകാശമുള്ള ഒരു മേഘം അവരെ മറച്ചു. മേഘത്തിൽനിന്നു: എനിക്കു പ്രസാദിച്ചിരിക്കുന്ന എൻെറ പ്രിയ പുത്രൻ ഇവനാകുന്നു; ഇവൻെറ വാക്കു കേൾക്കുവിൻ എന്നു പറയുന്ന ഒരു സ്വരമുണ്ടാകുകയുംചെയ്തു. ശിഷ്യന്മാർ ഇതുകേട്ടു കമിഴ്ന്നു വീണു; അവർ വളരെ ഭയപ്പെട്ടു. അപ്പോൾ ഈശോ അവരുടെ അടുക്കൽവന്ന് അവരെ തൊട്ട്: എഴുന്നേൽക്കുവിൻ, നിങ്ങൾ ഭയപ്പെടേണ്ടാ എന്നരുളിച്ചെയ്തു. അവർ കണ്ണുകൾ ഉയത്തി; ഈശോയെമാത്രമല്ലാതെ ആരേയും കണ്ടില്ല. അവർ മലയിൽനിന്ന് ഇറങ്ങുമ്പോൾ ഈശോ അവരോട്: മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിത്തെഴുന്നേല്ക്കുന്നതുവരെ ഈ കാഴ്ച ആരോടും നിങ്ങൾ പറയരുത് എന്ന് അവരോടു കല്പിച്ചു. (നോമ്പ് 2-ാം ഞായർ; സുവിശേഷം: മത്താ. XVII, 1-9)

മണ്ണിൽ വിണ്ണിനെ നിർമ്മിക്കുവാൻ— ഭൂമിയിൽ ഒരു സ്വർഗ്ഗം കെട്ടിപ്പടുക്കുവാൻ—മനുഷ്യരാശി എപ്പോഴും ആഗ്രഹിച്ചിട്ടുണ്ടെന്നു ലോകചരിത്രത്തിൻെറ ഏടുകൾ സാക്ഷ്യം നൽകുന്നുണ്ട്. ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തോടുകൂടി യഥാർത്ഥമായ ഭൗമികപറുദീസ അന്തർദ്ധാനം ചെയ്തു. അതിനുശേഷം ലോകത്തെ ഒരു നാകമാക്കിത്തീർക്കുവാൻ പലരും ശ്രമിച്ചുനോക്കി. എന്നാൽ വെറും ആദർശലോകത്തിൽ—ഭാവനാപരമായ സങ്കല്പങ്ങളിൽ—മാത്രമേ ഭൗമികപറുദീസായ്ക്കു സ്ഥാനം ലഭിച്ചുള്ളു; പ്രായോഗിക ജീവിതത്തിൽ അതു് ഒരു മരുപ്പച്ചയായിത്തന്നെ എന്നും നിലകൊണ്ടു. പ്ലേറേറാ എന്ന തത്വശാസ്ത്രജ്ഞൻ "റിപ്പബ്ലിക്ക്" എന്ന തൻെറ ഗ്രന്ഥത്തിൽ പരിപൂർണ്ണമായ ഒരു ഭരണക്രമത്തെയും സുഖസമ്പൽസമൃദ്ധിയിൽ ആറാടിയിരുന്ന ഭരണീയരേയും വിഭാവനംചെയ്തു. മദ്ധ്യശതകങ്ങളിലെ യൂറോപ്യന്മാർ അററ്ലാൻറിക്ക് സമുദ്രത്തിലെ അനഭിഗമ്യങ്ങളായ ദ്വീപുകളിൽ എവിടെയെങ്കിലും ഒരു ഭൗമികപറുദീസ ഉണ്ടായിരിക്കണമെന്നു വിശ്വസിച്ചിരുന്നു. എന്നാൽ വാസ്കോഡിഗാമയുടേയും കൊളംബസ്സിൻെറയും മററും പര്യടനങ്ങൾ അവരുടെ വിശ്വാസത്തെ പാടേ ശിഥിലീകരിച്ചുകളഞ്ഞു. സാഹിത്യകേസരിയായിരുന്ന വി. തോമസ് മോറും ഇപ്രകാരമുള്ള ഒരു സൗഭാഗ്യരാജ്യത്തെ വിഭാവനംചെയ്തു. "യൂട്ടോപ്പിയ" എന്ന് ആ രാജ്യത്തിനു—അതു് സങ്കല്പത്തിൽമാത്രമുള്ള ഒരു ദ്വീപാണ്—പേരും നൽകി. ഇന്നും ലോകസാഹിത്യത്തിൽ ഭൗമികപറുദീസയെ നിർമ്മിക്കുവാനുള്ള വ്യർത്ഥശ്രമങ്ങൾക്കു് നൽകപ്പെടുന്ന വിശേഷണമാണ് "യൂട്ടോപ്യൻ" എന്നുള്ളതു്. "മാവേലി" നാടുവാണിരുന്ന സൗഭാഗ്യദിനങ്ങളുടെ മധുരസ്മരണ ഐതിഹ്യങ്ങളിലൂടെ ആസ്വദിക്കുന്ന നമ്മുടെ നാട്ടിലും ഇപ്രകാരമുള്ള ഭൗമികപറുദീസകൾ പണിതുണ്ടാക്കുവാൻ പരിശ്രമങ്ങൾ നടന്നിട്ടുണ്ടായിരിക്കണം. അടുത്തകാലത്തു് ഗാന്ധിയുടെ ഭാവനയിൽനിന്നു രൂപമെടുത്ത ഐഹികസ്വർഗ്ഗമാണല്ലോ "രാമരാജ്യം". "തൊഴിലാളികളുടെ സ്വർഗ്ഗ"മെന്നു ജയഭേരിമുഴക്കുന്ന റഷ്യയിലെ യഥാർത്ഥമായ സ്ഥിതിഗതികൾ എന്താണെന്നു മനസ്സിലാകുമ്പോൾ "സ്വർഗ്ഗം" എന്ന പദത്തിൻെറ വലിയൊരു ദുരുപയോഗം മാത്രമാണതെന്നും സ്പഷ്ടമാകും.

എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ താബോർ ഗിരിശൃംഗത്തിൽവെച്ച് മൂന്നു ശ്ലീഹന്മാർ അല്പനേരത്തേക്കു സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതായി നാം കാണുന്നു. സാക്ഷാൽ ദൈവമായിരുന്ന ക്രിസ്തുനാഥൻ തൻെറ മഹിമപ്രതാപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു: "അവൻെറ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു; അവൻെറ വസ്ത്രങ്ങൾ വെളിച്ചംപോലെ ധവളമായി. മൂശയും ഏലിയായും അവനോടു സംസാരിക്കുന്നതായും അവർക്കു കാണപ്പെട്ടു." വികാരഭരിതനായ പത്രോസ് ഈ കാഴ്ചയാൽ ആനന്ദലഹരിയിൽ ആറാടി; സ്വയം മറന്നുകൊണ്ടു ആ ശിഷ്യപ്രധാനൻ ഇപ്രകാരം വിളിച്ചു പറഞ്ഞു: "എൻെറ കത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു. നിനക്കിഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങളുണ്ടാക്കാം; ഒന്നു നിനക്കും, ഒന്നു മൂശക്കും, ഒന്നു ഏലിയായ്ക്കും." തനിക്കു കൈവന്ന വർണ്ണനാതീതമായ ആനന്ദത്തെ എന്നും അനുഭവിക്കുന്നതിനായി വി. പത്രോസിൻെറ മസ്തിഷ്കത്തിൽനിന്നും പുറപ്പെട്ട ഈ അഭിപ്രായം അതിൻെറ നിഷ്കളങ്കതകൊണ്ടും പരമാർത്ഥതകൊണ്ടും ആദരണീയംതന്നെ; അത്രയ്ക്കു ഉൽക്കടമായിരുന്നു അപ്പസ്തോലന്മാരുടെ ആനന്ദം. എന്നാൽ ഇപ്രകാരമുള്ള സ്വർഗ്ഗഭാഗ്യം ഇഹത്തിൽവെച്ച് അനുഭവിക്കുകയെന്നുള്ളതു് ദൈവം വളരെ വിരളമായിമാത്രം—അതും തിരഞ്ഞെടുക്കപ്പെട്ട ചില ആത്മാക്കൾക്കുമാത്രം—നൽകുന്ന ഒരു പ്രത്യേകാനുഗ്രഹമാണ്; അതും അല്പസമയത്തേക്കു മാത്രമായിരിക്കും. ഭൂമിയിൽ സ്വർഗ്ഗം നിർമ്മിക്കുവാനുള്ള പരിശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളും തികഞ്ഞ വിഡ്ഢിത്തവുമായിരിക്കുമെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. മനുഷ്യവർഗ്ഗം ആദിമാതാപിതാക്കന്മാരുടെ പാപംമൂലം അധഃപതിച്ചുപോയിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്; മനുഷ്യൻ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു. അവനിൽ അധമാംശം ശക്തിപ്പെട്ടിരിക്കുന്നു; അവൻ ക്ലേശങ്ങൾക്കു വിധേയനുമാണ്. ഈ പരമാർത്ഥം നിത്യാനുഭവംതന്നെ വിളിച്ചുപറയുന്നുണ്ട്. "ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ല; പ്രത്യുത നാം വരുവാനുള്ളതിനെ പ്രതീക്ഷിക്കുന്നു" എന്നുള്ള ദിവ്യവാക്യത്തിൽ സഞ്ചിതമായിരിക്കുന്ന പരമാർത്ഥം നാം ഗ്രഹിക്കണം. ഈ രണ്ടു പരമാർത്ഥങ്ങളേയും മുറുകെപ്പിടിച്ചുകൊണ്ടു അവയ്ക്കു് അനുയോജ്യമായ വിധത്തിൽ ലോകത്തെ നന്നാക്കുവാനുള്ള ഏതൊരു പരിശ്രമത്തിലും കത്തോലിക്കാസഭ മുന്നിട്ടു പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ സുഖസമ്പൽസമൃദ്ധിക്കുവേണ്ടിയും ക്ലേശങ്ങളുടെ നിവാരണത്തിനുവേണ്ടിയും സഭ ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുലസേവനങ്ങൾ കണ്ണുള്ളവക്കു കാണാവുന്നതാണ്. എന്നാൽ ഇതെല്ലാം അവൾ ചെയ്തുകൊണ്ടിരിക്കുന്നതു് മേൽപ്പറഞ്ഞ രണ്ടു പരമാർത്ഥങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടാണെന്നുമാത്രം. ഈ പരമാർത്ഥങ്ങളെ അവഗണിച്ചുകൊണ്ടു ഗവമ്മേൻറുകളോ സ്ഥാപനങ്ങളോ ലോകത്തെ നന്നാക്കുവാൻ പരിശ്രമിക്കുന്നതു അടിത്തറയില്ലാതെ കെട്ടിടം പണിയുന്നതുപോലെയായിരിക്കും. അവരുടെ സ്വർഗ്ഗം വെറും സങ്കല്പസ്ഥിതമായിരിക്കയും ചെയ്യും.

സ്വർഗ്ഗം എന്നു പറയുമ്പോൾ ആനന്ദത്തിൻെറ നികേതനം എന്നാണല്ലോ നാം അർത്ഥമാക്കുന്നതു്. അങ്ങനെ നോക്കുമ്പോൾ, ഈ ലോകത്തിൽതന്നെ സ്വർഗ്ഗസൗഭാഗ്യത്തിൻെറ ഒരു മുൻരുചി നമുക്കു് അനുഭവിക്കുവാൻ സാധിക്കുന്നതാണ്. മഹാകവി മിൽട്ടൺ "പറുദീസാനഷ്ടം" എന്ന കാവ്യത്തിൽ സ്വർഗ്ഗത്തിൽനിന്നു നരകത്തിൽ നിപതിച്ച ലൂസിഫർ തൻെറ കൂട്ടുകാരെ ഇപ്രകാരം ധൈര്യപ്പെടുത്തുന്നതായി ചിത്രീകരിച്ചിട്ടുണ്ട്: "സഖാക്കളേ, നിങ്ങൾ ധൈര്യമവലംബിക്കുവിൻ. നരകത്തെ സ്വർഗ്ഗമാക്കുന്നതും സ്വർഗ്ഗത്തെ നരകമാക്കുന്നതും ഒരുവൻെറ "മനസ്സ്" ആണ്. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിൽതന്നെയാണെന്നു മനസ്സുകൊണ്ടു ദൃഢമായി വിശ്വസിച്ചു പ്രവർത്തിക്കുക". ലൂസിഫറിൻെറ ഈ പ്രസംഗത്തിലെ "മനസ്സ്" എന്ന പദത്തിനുപകരം "മനസ്സാക്ഷി" എന്നു പ്രയോഗിച്ചാൽ വളരെ ആശ്വാസപ്രദമായ ഒരു പാഠം നമുക്കു് ഹൃദിസ്ഥമാക്കാം. ഈ ലോകത്തിൽവെച്ചുതന്നെ സ്വർഗ്ഗസൗഭാഗ്യമോ നരകദുരിതമോ നമ്മെ അനുഭവിപ്പിക്കുന്നതു് നമ്മുടെ മനസ്സാക്ഷിയാണ്. നിർമ്മലമായൊരു മനസ്സാക്ഷി നമുക്കുണ്ടെങ്കിൽ ഇഹത്തിൽവെച്ചുതന്നെ നിസ്സീമമായ ആനന്ദം നാം അനുഭവിക്കുന്നതാണ്; കഷ്ടയാതനകൾക്കിടയിലും ആ സന്തോഷം നമ്മുടെ അന്തരംഗത്തിൽ കളിയാടിക്കൊണ്ടിരിക്കും. ക്രിസ്തുവിനെക്കുറിച്ച് പീഡകൾ സഹിച്ചപ്പോൾ അപ്പസ്തോലന്മാർ ആനന്ദത്തിൽ നിമഗ്നരായിരുന്നതായി നാം "നടപടി" പ്പുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ. നേരെ മറിച്ച്, സുഖസമൃദ്ധിയുടെ മദ്ധ്യേ വസിക്കുന്നവനായാലും, പാപപങ്കിലമായ മനസ്സാക്ഷിയാണ് ഒരുവനുള്ളതെങ്കിൽ അവനു് യഥാർത്ഥസൗഭാഗ്യം ഒരിക്കലും അനുഭവപ്പെടുകയില്ല. നിഷിദ്ധസുഖസന്തോഷങ്ങളിൽ ആമഗ്നനായും സ്തുതിപാഠകന്മാരാൽ പരിസേവിതനായും സിംഹാസനത്തിൽ വാണിരുന്ന ഹേറോദേശ് രാജാവിൻെറയും നീതിയെപ്രതി ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ടു നിർമ്മല മനസ്സാക്ഷിയോടെ കൽത്തുറുങ്കിൽ ജീവിച്ച വി. സ്നാപകയോഹന്നാൻെറയും ചിത്രം ദർശിക്കുക. ആരാണ് യഥാർത്ഥമായ ആനന്ദം അനുഭവിച്ചതു്? മരണസമയത്തും നിർമ്മലമായ മനസ്സാക്ഷി അവാച്യമായ ആനന്ദം നമുക്കു നല്കും. വി. തോമസ് മോർ തൻെറ താടിമീശയെപ്പററി ചില തമാശകൾ പറഞ്ഞുകൊണ്ടു മരിച്ചതും, ജർമ്മനിയിലെ മാർഷൽ ഗോറിങ്ങ് തൻെറ മരണവിധിവാചകം കേട്ടപ്പോൾ കരഞ്ഞുപോയതും ഇരുവരുടേയും മനസ്സാക്ഷിയുടെ വ്യത്യാസമല്ലേ കാണിക്കുന്നതു്? ഓരോരുത്തരും ആത്മസംശോധനചെയ്തുകൊണ്ടു നല്ല കുമ്പസാരം വഴി മനസ്സാക്ഷിയെ നിർമ്മലമാക്കുവാൻ ശ്രമിക്കുക. അപ്പോൾ സ്വർഗ്ഗീയമായ ആനന്ദം അനുഭവപ്പെടാതിരിക്കയില്ല.

ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ യോജിപ്പാണ് ഇഹത്തിൽ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതിനുള്ള മറെറാരു മാർഗ്ഗം. ജീവിതത്തിൽ ഓരോരുത്തർക്കും ദൈവം നല്കിയിട്ടുള്ള സ്ഥിതി, ധനം, ആരോഗ്യം, കുടുംബസൗഭാഗ്യം എന്നിവകൊണ്ടു തൃപ്തിപ്പെട്ടു ജീവിക്കുക; സുഖത്തിലും ദുഃഖത്തിലും ഒന്നുപോലെ ഈ സംതൃപ്തിയെ പാലിക്കുക; സംഭവിക്കുന്നതെല്ലാം സ്നേഹം വഴിഞ്ഞൊഴുകുന്ന ഒരു പിതാവിൽനിന്നു വരുന്നവയാണെന്നു ദൃഢമായി വിശ്വസിക്കുക—ഇതിൽ എന്തെന്നില്ലാത്ത സൗഭാഗ്യം അടങ്ങിയിട്ടുണ്ട്. അങ്ങനെയുള്ള സൗഭാഗ്യം കളിയാടുന്ന ചില കുടുംബങ്ങളേയും വ്യക്തികളേയും നാം കണ്ടുമുട്ടാറുണ്ടല്ലോ. വത്തമാനകാലത്തെക്കുറിച്ചോ ഭാവിയെക്കുറിച്ചോ അവർ വിഷാദവും പര്യാകുലതയും പ്രദർശിപ്പിക്കുന്നില്ല. നിർമ്മല മനസ്സാക്ഷിയും ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കവും സമ്മേളിക്കുമ്പോൾ വ്യക്തികളിലും കുടുംബങ്ങളിലും സമാധാനം കളിയാടും. ഈ സമാധാനം ആനന്ദത്തിൻെറ മാററ് വർദ്ധിപ്പിക്കും. വി. അഗസ്തീനോസ് പറയുന്നു: "സമാധാനം മനസ്സിൻെറ ആഹ്ലാദവും, ആത്മാവിൻെറ വിശ്രമവും, ഹൃദയത്തിൻെറ ആർജ്ജവവും, സ്നേഹത്തിൻെറ ബന്ധവും ആകുന്നു." ഉപ്പു ഭക്ഷണസാധനങ്ങളെ രുചികരമാക്കുന്നതുപോലെ ഈ സമാധാനം ജീവിതവൈതരണികളെ ആനന്ദപ്രദങ്ങളാക്കിത്തീർക്കും.

ഇങ്ങനെ നല്ല മനസ്സാക്ഷിയും സമാധാനമുള്ള ഹൃദയവും വഴിയായി സംജാതമാകുന്ന ആനന്ദത്തെ സഹസ്രഗുണീഭവിപ്പിച്ചു യഥാർത്ഥമായ സ്വർഗ്ഗഭാഗ്യത്തെ ചെറിയ തോതിലെങ്കിലും അനുഭവവേദ്യമാക്കുന്ന ഒരു പരിശുദ്ധമായ സാന്നിദ്ധ്യമാണ് പരി. കുർബാന. സ്വർഗ്ഗവാസികളുടെ ഏകാനന്ദവിഷയമായ ദൈവംതന്നെയാണ് പരി. കുർബാനയിലും സന്നിഹിതനായിരിക്കുന്നതു്. എന്നാൽ സ്വർഗ്ഗവാസികൾ അങ്ങയെ അഭിമുഖമായി ദർശിച്ചാനന്ദിക്കുന്നു; നാമാകട്ടെ വിശ്വാസത്താൽ മാത്രവും. എങ്കിലും ദൈവത്തിൻെറ യഥാർത്ഥമായ സാന്നിദ്ധ്യം വി. കുർബാനയിൽ നമുക്കു ലഭിക്കുന്നുണ്ടെന്നുള്ളതു് നാം മറക്കരുതു്. താബോർ മലയിൽവെച്ച് അപ്പസ്തോലന്മാർക്കു അല്പനേരത്തേക്കു മാത്രമേ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുവാൻ കഴിഞ്ഞുള്ളു. എന്നാൽ നമുക്കാകട്ടെ എന്നും—രാവും പകലും—ദൈവസന്നിധിയിൽ പ്രവേശിച്ച് അങ്ങയോടു സംഭാഷണംചെയ്വാൻ കഴിയും. നാമോരോരുത്തനും ഓരോ കൂടാരം—ഹൃദയമാകുന്ന കൂടാരം—പരി. കുർബാനയുടെ സന്നിധിയിൽ സ്ഥാപിക്കണം. കൂടെക്കൂടെ പരി. കുർബാനയെ സന്ദർശിക്കുന്നതിൽ നാം ജാഗരൂകരാകണം. ജോലിത്തിരക്കുനിമിത്തം അതിനു് സാധിക്കാതെ വരുമ്പോഴും ഹൃദയംകൊണ്ടു് നാം ഇടയ്ക്കിടെ ദിവ്യകാരുണ്യസന്നിധിയിൽ പ്രവേശിക്കുവാൻ പരിശീലിക്കണം. എത്രയോ സമയം നാം അലസമായി കഴിച്ചുകൂട്ടുന്നു? എത്രയോ പ്രാവശ്യം നാം ദേവാലയത്തിൻെറ സമീപത്തുകൂടെ അങ്ങോട്ടുമിങ്ങോട്ടും കടന്നുപോകുന്നു? പരി. കുർബാനയെ ഒന്നു സന്ദർശിക്കുവാൻ നാം സന്നദ്ധരാകുന്നുണ്ടോ? ദിവ്യകാരുണ്യസന്ദർശനത്തിൽ ജാഗരൂകരാകുമ്പോൾ "കത്താവേ, ഞാൻ ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു" എന്നു വി. പത്രോസിനോടുകൂടെ നാമും പറഞ്ഞുപോകും. അതോടൊപ്പം "ഒരു നിർമ്മലമനസ്സാക്ഷിയുടെ ആനന്ദം ഒരു സ്വർഗ്ഗം സൃഷ്ടിക്കുന്നു" എന്നുള്ള വി. അഗസ്തീനോസിൻെറ വാക്യവും നാം എല്ലായ്പോഴും സ്മരിക്കണം.

(ജെ. ചെമ്മണൂർ)

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

വക്കി വി. തോട്ടുങ്കത്തറ
കടവന്ത്ര

വിമർശനവീഥി

# കലകൾവഴിയായി കമ്മ്യൂണിസം പരത്തുന്നു

ഈ ഫെബ്രുവരി 13-ാംനു ചങ്ങനാശേരി എൻ. എസ്. എസ്. കോളെജിൽ നടത്തപ്പെട്ട വിവിധ വിനോദപ്രകടനങ്ങളും നാടകാഭിനയവും "കമ്മ്യൂണിസ്റ്റാദർശങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നെന്നു വലിയൊരാക്ഷേപം പൊതുവേ ഉണ്ടെ"ന്നും "കമ്മ്യൂണിസ്റ്റു പരമായ കലാപ്രകടനങ്ങ"ളെപ്പററി 4-ാംനു കൂടിയ എൻ. എസ്. എസ്. ബഡ്ജററ് സമ്മേളനത്തിൽ "ചോദ്യങ്ങൾ പലതുണ്ടായി" എന്നും ഒരു പത്രറിപ്പോർട്ടുകണ്ടു. ഈ അവസരം വിനിയോഗിച്ച് സോവ്യററ് ചലച്ചിത്രം മുതലായ കലാപ്രകടനങ്ങൾ വഴിയായി സോവ്യററ് റഷ്യ നടത്തുന്ന കമ്മ്യൂണിസപ്രചാരണത്തെപ്പററി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ.

സോവ്യററ്‌റഷ്യ ലോകമാസകലം കമ്മ്യൂണിസം പരത്തുവാൻ വിനിയോഗിച്ചുകൊണ്ടിരിക്കുന്ന പല മാർഗ്ഗങ്ങളിലൊന്നു് കലാവിദ്യകളാണു്. സോവ്യററ് ചലച്ചിത്രസമ്പ്രദായത്തിൽ വിദഗ്ദ്ധന്മാരായ രണ്ടു കലാകാരന്മാർ അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ ഇപ്പോൾ ഇൻഡ്യയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവരിലൊരാളായ വി. പുഡോവ്കിൻ സോവ്യററ് ചലച്ചിത്രപ്രദർശനത്തിന്റെ ഉദ്ദേശവും സ്വഭാവവും ഈയിടെ മദ്രാസിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം വിശദീകരിച്ചു:

"ഞങ്ങളുടെ സോവ്യററ് ചലച്ചിത്രം പുരോഗമിപ്പിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും ഉദ്ദേശിക്കുന്ന ലക്ഷ്യത്തെ "സോഷ്യലിസ്റ്റു റിയലിസം" എന്നാണു ഞങ്ങൾ വിളിക്കുന്നതു. കലാകാരനെ സോവ്യററു രാഷ്ട്രത്തെ സൃഷ്ടിക്കുന്നതിൽ പങ്കെടുക്കുന്ന ഊർജ്ജസ്വലനും വിലയുള്ളവനുമായ പ്രവർത്തകനാക്കിത്തീർക്കുന്ന സമ്പ്രദായമാണു് ഇതു. "റിയലിസം" എന്നു വിളിക്കുന്നതിന്റെ കാരണം ഞങ്ങളുടെ കല ജീവിതത്തെ അതിന്റെ പൂർണ്ണതയിലും അതുൾക്കൊള്ളുന്ന എല്ലാവശങ്ങളോടുകൂടിയും പ്രതിഫലിപ്പിക്കുന്നു എന്നതാണു്. സോഷ്യലിസ്റ്റു എന്നു വിളിക്കുന്നതു ജീവിതത്തിന്റെ വീക്ഷണത്തിനും പ്രതിഫലനത്തിനും വേണ്ടിയുള്ള സൃഷ്ടിപരമായ പ്രവർത്തനം സോവ്യററു് രാഷ്ട്രത്തെ വികസിപ്പിക്കുകയെന്ന ഉൽകൃഷ്ടലക്ഷ്യങ്ങൾക്കു് വിധേയമാക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണു്. ഒക്ടോബറിലെ ആ മഹത്തായ സോഷ്യലിസ്റ്റു വിപ്ലവം സൃഷ്ടിച്ചതും, ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ ഞങ്ങളുടെ ജനങ്ങൾ അധികാരത്തിൽവരികയും പഴയ വ്യവസ്ഥിതി തച്ചുടച്ചു പുതിയ സാമുദായിക വ്യവസ്ഥിതി സൃഷ്ടിക്കുവാൻ തങ്ങളുടെ സൃഷ്ടിപരമായ ശക്തികളെ വിനിയോഗിക്കുന്നതിനു് ഇടയാക്കിയതുമായ സാഹചര്യങ്ങളിൽ മാത്രമേ കലാവിദ്യയുടെ പ്രസ്തുത ലക്ഷ്യംകാണപ്പെടുകയുള്ളുവെന്നതു സ്വാഭാവികമാണല്ലോ."

ഈ വാക്കുകളിൽനിന്നു് സ്പഷ്ടമായി കാണാം, സോവ്യററു് ചലച്ചിത്രപ്രദർശനത്തിന്റെ ഉദ്ദേശമെന്തെന്നു്. റഷ്യക്കു പുറത്തുള്ള രാജ്യങ്ങളിൽ സോവ്യററു് ചലച്ചിത്രം പ്രദർശിപ്പിക്കപ്പെടുന്നതു് ആ രാജ്യങ്ങളെ സോവ്യററു് ആധിപത്യത്തിന്റെ കീഴിൽ കൊണ്ടുവരുവാൻ അവിടങ്ങളിൽ കളമൊരുക്കുവാനാണു്. ഈ വസ്തുത ശരിക്കു മനസ്സിലാക്കാതെ ഇന്ത്യയിലെ ഏററവുമധികം ഉത്തരവാദിത്വമുള്ള ചില നേതാക്കന്മാർ സോവ്യററു് ചലച്ചിത്രപ്രദർശനത്തിനു കൂട്ടുനില്ക്കുകയും പ്രോത്സാഹനം നല്കുകയും ചെയ്തുകാണുന്നതു് ആശ്ചര്യകരമായിരിക്കുന്നു.

### ബോംബെയിലെ ചീഫ് ജസ്റ്റിസ്

മേൽപ്രസ്താവിച്ച റഷ്യൻ കലാകാരന്റെയും സഹകാരിയുടേയും ബഹുമാനാർത്ഥം ബോംബെയിൽ കുറെദിവസങ്ങൾക്കുമുമ്പു നടത്തപ്പെട്ട സോവ്യററു് ചലച്ചിത്ര പ്രദർശനയോഗത്തിൽ അവിടത്തെ ചീഫ് ജസ്റ്റീസു് മിസ്റ്റർ ചഗ്ലാ അദ്ധ്യക്ഷതവഹിച്ചു. ശ്രീ നെഹ്റു അതിൽ സന്നിഹിതനായിരുന്നു. തന്റെ പ്രസംഗത്തിൽ ചീഫ് ജസ്റ്റിസ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:— "കലയ്ക്കും സംസ്കാരത്തിനും പോളിററിക്സിനോടു യാതൊരു ബന്ധവുമില്ല. പോളിററിക്സ് പ്രാദേശികവും താല്ക്കാലികവുമാകുമ്പോൾ, കല ശാശ്വതവും സാർവ്വത്രികവുമാകുന്നു. സംസ്കാരത്തിനും കലയ്ക്കും അതിർത്തികളൊന്നുമില്ല." ചീഫ ജസ്റ്റിസിന്റെ ഈ വാക്കുകൾ കേവലം ആദർശപരങ്ങളാണു്. സോവ്യററ കലയ്ക്കും സംസ്കാരത്തിനും അവ യഥാർത്ഥത്തിൽ പററുമോയെന്ന കാര്യം അദ്ദേഹം ആലോചിച്ചില്ല. എന്നുവരികിലും തന്റെ വാക്കുകൾ സന്ദർഭോചിതങ്ങളാണോയെന്നു് അദ്ദേഹത്തിനു സംശയം തോന്നാതിരുന്നതുമില്ല. താനും മററുള്ളവരും പ്രസ്തുത പ്രദർശനത്തിൽ പങ്കെടുക്കുന്നതു സംശയദൃഷ്ടിയോടുകൂടി ചിലയാളുകൾ വീക്ഷിക്കുന്നുണ്ടെന്നുള്ള പ്രസ്താവത്തോടുകൂടിയാണു് അദ്ദേഹം പ്രസംഗം ആരംഭിച്ചതു്. ഇൻഡ്യാക്കാരായ ജനസാമാന്യത്തിന്റെ വിദ്യാഭ്യാസത്തിൽ ചലച്ചിത്രങ്ങൾക്കു വലിയ പങ്കു വഹിക്കുവാനുണ്ടെന്നു് അദ്ദേഹം തുടർന്നു പറഞ്ഞു. ആ പങ്കുവഹിക്കലിനാണു് സോവ്യററു കലാകാരന്മാർ ഇൻഡ്യയിൽ സഞ്ചരിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ഏതുതരം വിദ്യാഭ്യാസമാണു് അവർ നൽകുന്നതെന്ന സംഗതിയും ചീഫ ജസ്റ്റിസു് ചിന്തിച്ചില്ല. സോവ്യററു് കലാകാരന്റെ മുകളിലുദ്ധരിച്ച വാക്കുകൾ ഇതിനുത്തരം നല്കുന്നുണ്ടു്. ക്യാപ്പിററലിസ്റ്റു് വ്യവസ്ഥിതി മാററി കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതി നടപ്പിൽ വരുത്തുവാനാണു് സോവ്യററു് കലയുടേയും സംസ്കാരത്തിന്റെയും ലക്ഷ്യമെന്നും, അങ്ങനെ സോവ്യററു് രാഷ്ട്രത്തെ വികസിപ്പിക്കുവാനുള്ള വിദ്യാഭ്യാസമാണു് അവ നൽകുന്നതെന്നും ആ വാക്കുകൾ വിളിച്ചുപറയുന്നുണ്ടല്ലോ. സോവ്യററു് യൂണിയനിലെ നാടകകർത്താക്കളുടേയും നാടകനേതാക്കന്മാരുടേയും ഒരു പൊതുയോഗത്തിൽവച്ചു ആ രാജ്യത്തിലെ ഉന്നതാധികാരിയായ കോൺസ്റ്റെൻടിൻ സിമൊനോവു് 1946 നവംബറിൽ ഉദ്ബോധിപ്പിച്ചതിങ്ങനെയാണു്:—"നാടകകൃത്തു് ഒരു രാഷ്ട്രീയ നേതാവായിരിക്കുവാൻ നിർബന്ധനാണു്. അതിലൊട്ടും കുറവല്ലാത്തവണ്ണം നാടകത്തിലെ ഡയറക്ടറും നടന്മാരും രാഷ്ട്രീയ നേതാക്കളായിരിക്കുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ നില നാം സ്വീകരിച്ചാൽ നമുക്കു മനസ്സിലാക്കാൻ കഴിയും, ഒരു സോവ്യററു് നാടകത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ഇതിവൃത്തം രാഷ്ട്രീയ പ്രശ്നമായിരിക്കണമെന്നു്." സോവ്യററു് യൂണിയനിലെ "കലാവിഷയക്കമ്മിററി"ക്കു് അവിടത്തെ കമ്മ്യൂണിസ്റ്റ്പാർട്ടി നൽകിയിട്ടുള്ള ഉത്തരവിൽ വിലക്കിയിട്ടുണ്ടു്, "വിദേശികളായ മുതലാളി നാടകകൃത്തുകളുടെ" നാടകങ്ങൾ നടപ്പാക്കരുതെന്നു്. അതിന്റെ ഏകകാരണം അത്തരം നാടകങ്ങൾ "പിന്തിരിപ്പൻ ആശയങ്ങളേയും ധാർമ്മികസിദ്ധാന്തങ്ങളേയും" പ്രചരിപ്പിക്കുന്നുവെന്നതാണു്. അത്തരം നാടകങ്ങൾക്കു് അല്പംപോലും സ്ഥാനം കൊടുക്കുന്നതു്, സോവ്യററു് ഭരണത്തിൻകീഴ്, "കലാപരവിഷയക്കമ്മിററിയുടെ ഏററവും വലിയ രാഷ്ട്രീയ അബദ്ധമാണു്." ഈ ഉത്തരവു 1946 സെപ്റ്റംബർ 4-ാംനുയാണു നൽകപ്പെട്ടതു്. സോവ്യററു് റഷ്യ കലാപരവും സംസ്കാരപരവുമായി നടത്തുന്ന കമ്മ്യൂണിസപ്രചരണത്തെ കമ്മ്യൂണിസ്റ്റാദർശം വെറുക്കുന്നവരും അതിന്റെ പ്രചരണം തടയേണ്ടതാണെന്നു ബോദ്ധ്യമുള്ളവരുമായ നേതാക്കന്മാർപോലും പ്രസ്തുത വിഷയത്തിൽ വഞ്ചിതരായിക്കാണുന്നതു് ഏററവും വിലപനീയമായിരിക്കുന്നു.

### ചൈനയിലെ അനുഭവം

സോവ്യററു് റഷ്യ 20-തിലധികം കൊല്ലങ്ങളായി ചൈനയിൽ കലയുടേയും സംസ്കാരത്തിന്റെയും നാമത്തിൽ നടത്തിക്കൊണ്ടിരുന്ന കമ്മ്യൂണിസപ്രചരണത്തെപ്പററി ഈ പംക്തികളിൽ ഞങ്ങൾ പ്രതിപാദിച്ചിട്ടുള്ളതാണല്ലോ. ആ പ്രചരണം സഫലമായെന്നു സോവ്യററു റഷ്യക്കു കൃതാർത്ഥതയടയുവാൻ സാധിച്ചു. ചൈനാവൻകര മുഴുവനും സോവ്യററുറഷ്യയുടെ ഉപഗ്രഹങ്ങളിലൊന്നായിത്തീരുകതന്നെചെയ്തു. എന്നാൽ അതുകൊണ്ടുമാത്രം പ്രചരണം അവസാനിച്ചിട്ടില്ല. നൂററാണ്ടുകാലങ്ങളിലെ പഴക്കമുള്ള ചൈനയുടെ സംസ്കാരസമ്പത്തു മുഴുവൻ കലക്കിമറിച്ചു കമ്മ്യൂണിസ്റ്റു് മയമാക്കുവാനാണു ഇപ്പോഴത്തെ ശ്രമം. ഡസൻകണക്കിനു പ്രൊഫസറന്മാരും എഴുത്തുകാരും നിയമനിർമ്മാതാക്കളും പിക്കിംഗിൽ ഇതിനായി പ്രയത്നിച്ചുകൊണ്ടിരിക്കുകയാണു്. സോവ്യററു് സാഹിത്യം ചൈനീസു് ഭാഷയിലേക്കു വിവർത്തനം ചെയ്യുക, ചൈനീസ് സാഹിത്യഗ്രന്ഥങ്ങൾക്കു് മാർക്സിസ്റ്റു്-ലെനിനിസ്റ്റു സിദ്ധാന്തമനുസരിച്ചുള്ള വിശദീകരണങ്ങൾ നൽകുക മുതലായ ജോലികളിൽ അവർ വ്യാപൃതരായിരിക്കുന്നു. "അത്തരം ഏഴു വലിയ ഗ്രന്ഥസമുച്ചയങ്ങൾ പ്രസിദ്ധംചെയ്യുവാനുള്ള പരിപാടിയിൽ ഏകദേശം മൂന്നിലൊന്നു് നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞു"വെന്നാണു "ന്യൂചൈനാ ന്യൂസ് ഏജൻസി" പ്രസ്താവിക്കുന്നതു്. ബൃഹത്തായ ഈ സംസ്കാരപരിവർത്തനകൃത്യത്തിന്റെ ചുമതല ഏറെറടുത്തിരിക്കുന്നതു കമ്മ്യൂണിസ്റ്റു് ചൈനായുടെ സാംസ്കാരികകാര്യ മന്ത്രിവകുപ്പുതന്നെയാണു. "ചരിത്രം, നിയമം, രാജ്യതന്ത്രം എന്നീ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള ഇൻസ്റ്റിററ്യൂട്ടുകൾ പുനഃപരിശോധനനടത്തി അവയ്ക്കു മാർക്സിസ്റ്റു് വ്യാഖ്യാനങ്ങൾ കൊടുത്തിട്ടുണ്ടെന്നു്" ന്യൂയാർക്കു് ടൈംസ് പത്രത്തിന്റെ ലേഖകൻ പ്രസ്താവിക്കുന്നു. ലാവോ ത്സേ ടംഗ് പിൻതിരിപ്പനെന്നും ജനകീയവിരുദ്ധമെന്നും പരിഗണിക്കുന്ന ഗ്രന്ഥങ്ങളെല്ലാം ചുട്ടുകളയുവാൻ ചൈനീ കമ്മ്യൂണിസ്റ്റധികാരികൾ ഉത്തരവുനൽകിക്കഴിഞ്ഞു. ചൈനീസു് സംസ്കാരത്തിന്റെ ജനയിതാവായ കൺഫ്യൂഷ്യസിന്റെ കൃതികൾ ഈ ഗണത്തിൽ പെടുന്നു. നെഹ്റുമുതൽ കീഴ്പോട്ടുള്ള ഭാരതീയനേതാക്കന്മാർ പ്രാചീനചൈനയുടെ സംസ്കാരസമ്പത്തിനെ വാനോളം പുകഴ്ത്തുകയും അതിനോടു ഭാരതസംസ്കാരത്തിനുള്ള ബന്ധത്തേയും സാധർമ്മ്യത്തേയും അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുകയും ചെയ്യാറുണ്ടല്ലോ. ആ സംസ്കാരത്തോടാണു് സോവ്യററു് റഷ്യയുടെ പ്രേരണയിലും പിൻതുണയിലും ചൈനീസു് കമ്മ്യൂണിസ്റ്റധികാരികൾ സമരം നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ വസ്തുതകളൊന്നും നമ്മുടെ നാട്ടിലെ നേതാക്കന്മാർ അറിയാത്തതു കഷ്ടാൽ കഷ്ടതരം തന്നെ.

### നിരോധനവും പ്രതിഷേധവും

ജനുവരി 28-ാംനു മാർത്താണ്ഡത്തു നടക്കുവാനിരുന്ന കലാസമ്മേളനവും കലാപരിപാടികളും തിരുവനന്തപുരം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് നിരോധിച്ചതായും, ആ നിരോധനത്തെ പ്രതിഷേധിച്ചു് ചില പുരോഗമനസാഹിത്യകാരന്മാർ പ്രസ്താവനകൾ പുറപ്പെടുവിച്ചതായും, ആ പ്രതിഷേധത്തെ ഏററുപാടുവാൻ എല്ലാ പത്രങ്ങളോടും പൗരന്മാരോടും സർവ്വോപരി സഹോദരസാഹിത്യകാരന്മാരോടും അവർ അഭ്യർത്ഥിച്ചതായും പത്രറിപ്പോർട്ടുകണ്ടു. മാർത്താണ്ഡത്തെ കലാസമ്മേളനത്തിന്റെയും കലാപരിപാടികളുടേയും സ്വഭാവം ഞങ്ങൾക്കറിഞ്ഞുകൂടാ. ഏതായാലും കലാസമ്മേളനവും കലാപരിപാടികളും കമ്മ്യൂണിസപ്രചരണത്തിന്റെ കരുക്കളായി സോവ്യററു് റഷ്യ സ്വീകരിച്ചിരിക്കുകയാണെന്നുള്ളതിനു സംശയമില്ലല്ലോ. നമ്മുടെ പുരോഗമനസാഹിത്യകാരന്മാരിൽ ഒരു ഗണം കമ്മ്യൂണിസ്റ്റാദർശം സ്വീകരിച്ചിട്ടുള്ളവരും കലാപ്രവർത്തനം വഴി പ്രസ്തുതാദർശം പ്രചരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരുമാണെന്നുള്ളതിനും സംശയമില്ല. വിദ്യാലയങ്ങളിലെ കലാപ്രകടനങ്ങളിലും ഈ പ്രചരണപ്രസ്ഥാനം സ്ഥലംപിടിച്ചിട്ടുണ്ടെന്നു ന്യായമായി സംശയിക്കുവാൻ ഞങ്ങൾ മുകളിൽ സൂചിപ്പിച്ച എൻ. എസ്സ്. എസ്സ്. കോളെജിലെ അനുഭവം ഇട നൽകുന്നില്ലയോ? ആകയാൽ കമ്മ്യൂണിസം വേണ്ടെന്നുവയ്ക്കുന്ന ഗവമ്മെൻറുകളും പത്രങ്ങളും സ്ഥാപനങ്ങളും പൊതുജനങ്ങളും ഈ വിഷയത്തിൽ സർവ്വപ്രകാരേണയും ശ്രദ്ധാലുക്കളായിരിക്കേണ്ടതാണെന്നു് ഞങ്ങൾ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

## "വൃത്തികേടു്" അനുവദിക്കയില്ലെന്നു്

ബവറിയായിൽ മിൻഡെൽഹെമിലെ നഗരസഭ ആ പട്ടണത്തിൽ ഒരു സിനിമാശാല നിർമ്മിക്കുന്നതിനെ നിരോധിച്ചുകൊണ്ടു താഴെ ചേർക്കുന്ന പ്രമേയം പാസ്സാക്കിയിരിക്കുന്നു: "ദൈവതിരുമുമ്പാകെയും ഞങ്ങളുടെ മനസ്സാക്ഷിപ്രകാരവും കൂടുതൽ വൃത്തികേടും വഷളത്തവും നമ്മുടെ ഈ ചെറിയ പട്ടണത്തിലേക്കു പ്രവഹിച്ചു് ആത്മാക്കളെ വിഷലിപ്തമാക്കുന്നതിനെ തടയേണ്ടതു ഞങ്ങളുടെ അപരിത്യാജ്യമായ കടമയായി ഞങ്ങൾ പരിഗണിക്കുന്നു."

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam



# Sathya Deepam

Vol. 24 Ernakulam February 14, 1951 No. 25



**SEASIA BANK LIMITED**

**H. O. ALLEPPEY**

THE BANK ACCEPTS SHORT AND LONG TERM DEPOSITS AND MAKES ADVANCES AGAINST APPROVED SECURITIES ON FAVOURABLE TERMS.

GENERAL BANKING BUSINESS TRANSACTED.

O. Eapen Valakuzy,
(Managing Director)

A. C. Mathew, B. A., C. A. I. I. B.
(Secretary)

P. M. Eapen, Bsc, B. L.,
(Agent, Manimala Br.)


## NEW DECREE ON ROTARY CLUBS

The Sacred Congregation of the Holy Office has issued a decree which states: "This Supreme Congregation has been asked whether Catholics may subscribe to an association commonly called the Rotary Club.

"The Most Eminent and Reverend Cardinals who have been appointed to safeguard the matters and morals of the Faith, having previously voted upon it in plenary session on December 20, 1950, decreed the following answer: Clerics are not permitted to subscribe to the Rotary Club or to be present at their meetings. Laymen must be urged to observe the prescriptions of Article 684 of the Canon Law code.

"On the 22nd day of the same month and year, the Pope, in audience with the Most Excellent and Reverend Assessor of the Holy Office, after he had been advised of the resolutions of the Eminent Cardinals approved and ordered this to be published."

Canon 684 reads: "The faithful deserve praise when they join associations which have been erected or at least recommended by the Church. They should beware of associations which are secret, condemned, seditious, or suspected, and of those which strive to withdraw themselves from the legitimate supervision of the Church."

It is understood that the question was considered at this time because of a special request to the Vatican for a clarification of its attitude towards Rotary membership. A Vatican Secretariat of State spokesman commented: "The decree specifically forbids the clergy from belonging to the Rotary. Laymen are merely reminded of existing Canon Law and the situation for laymen in regard to the Rotary can be considered unchanged." The spokesman recalled that Catholics are forbidden to join the Freemasons.

The following is the comment in the London Universe:—

Although the Holy Office has given no reason for its warning that it is inadvisable for Catholic laymen to join Rotary clubs, the reason, as far as Britain is concerned, is probably that the society follows a policy of neutrality on religion and thus relegates it to a place of secondary importance or less and favours religious indifferentism. Other reasons may apply in many Latin American countries and some European countries, including Italy, Switzerland, Spain and Belgium, where the society is closely linked with freemasonry, reports the N. C. W. C. news service. In some cases it has even been directed by masons and used as a candidacy school from which the masons choose their members. The Rotary is said to have given considerable support to President Calles' persecution of the Church in Mexico and was condemned by several bishops, including the entire Spanish hierarchy, as long ago as 1927.

Three things should be remembered in connection with the new decree: It is not a new action. It is not based on or directed at conditions in just one country or area, but it is of universal application. It is concerned with only Rotary clubs and not similar organisations.

While laymen are not expressly forbidden to join the Rotary or attend its meetings, the Holy office considers it inadvisable for them to do so. According to authorities in Rome this allows for judgment in individual cases whether or not the Rotary club falls within the provisions of Canon 684. This Canon urges the faithful to "beware of associations which are secret, condemned, seditious or suspected, and of those which strive to withdraw themselves from the legitimate supervision of the Church." If there is any doubt the local bishop is to judge.

The section of Canon 684 which may apply to Rotary clubs in Britain is that referring to organi-sations "which strive to withdraw themselves from the legitimate supervision of the Church."

Although at times explanatory articles have been issued with decrees of the Holy Office, the congregation normally merely gives directions in compliance with its task of safeguarding the faith and morals of Catholics. Long, patient study and investigation precede each of its actions. The case of Rotary clubs has been under consideration since 1929 when the Sacred Consistorial Congregation replied to questions of several bishops who asked whether they could permit priests to join the society. The answer then was "*Non expedit*" —it is not expedient."


The reasons which prompted the first answer have continued and even taken on greater seriousness since this time greater restrictions are imposed. Also, a number of bishops have asked for guidance on the situation.

Preaching in the Jesuit Church in Rome, Fr. Francesca Pellegrino S. J., said that Rotary movement enters upon the spiritual and moral field as well as business and tends to push religion to the outer edges of life. It educates people to the idea that all religions are equally good and encourages the idea of the "inadequacy" of Christianity in modern social life, he said.

Bearing out this statement are the words of the Rotary founder Paul Harris: "Our plan excludes creed almost entirely: it glorifies actions and is open to Protestants, Catholics, Jews, Christians and Buddhists." Another Rotarian, Herman Bons, said: "Rotarian morality has no nationality, no religion, belongs to no party, it is wonderfully and historically neutral in the broadest and most beneficial sense of the word."

Many Catholics are among the 344,000 members in 7,200 clubs in 83 countries. Italian members include a nephew of Pope Pius XI, Count Franco Ratti, several Christian Democrat Government Ministers and the Christian Democrat Mayor of Rome, Signor Rebeccini.

(The Examiner)



ചേർത്തല മുട്ടത്തുപള്ളി സന്ദർശിച്ച അവസരത്തിൽ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിന് അവിടത്തെ ഗുരുപട്ടസുവർണ്ണജൂബിലി പ്രമാണിച്ച് മംഗളങ്ങൾ ആശംസിക്കുന്നതിനു കൂടിയ വമ്പിച്ച സമ്മേളനാനന്തരം എടുത്ത ഫോട്ടോ.



നാല്പതുമണി ആരാധനയുടെ രജതജൂബിലി സംബന്ധിച്ചു നടത്തപ്പെട്ട പൊന്തിഫിക്കൽ കർബാനയിലെ കാർമ്മികൻ, ചങ്ങനാശേരി മെത്രാൻ ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനിയും സഹായികളും.

## ഗ്രന്ഥകാരൻ

### നാസ്തികത്വം പരിത്യജിച്ചു

ഹംഗറിയിലെ സുപ്രസിദ്ധ ഗ്രന്ഥകാരനും നാടകകൃത്തുമായ ഫെറെൻസ് മോൾനാർ സ്വനാസ്തികത്വം പരിത്യജിച്ചിരിക്കുന്നതായി തന്റെ നാട്ടുകാർക്കായുള്ള ഒരു നവവത്സരസന്ദേശത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. അദ്ദേഹം പ്രസ്താവിച്ചതിങ്ങനെയാണ്: "കഴിഞ്ഞ 60 വർഷക്കാലം, അല്പം ഭയത്തോടെയാണെങ്കിലും, ദൈവവിശ്വാസം കൂടാതെ ജീവിച്ച ഞാൻ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുവാൻ തുടങ്ങിയിരിക്കുന്നു. ആ ജീവിതത്തിന്റെ കവാടങ്ങൾ എന്റെ മുമ്പിൽ ഇപ്പോൾ തുറന്നുവരികയാണല്ലോ." അദ്ദേഹത്തിന് 74 വയസ്സു പ്രായമുണ്ട്.

## മെക്സിക്കോയിൽ

### മതസ്വാതന്ത്ര്യം

മതസ്വാതന്ത്ര്യത്തിനു വിരുദ്ധമായി മെക്സിക്കോയിൽ നിലവിലിരുന്ന നിയമങ്ങളെ പ്രസിഡന്റ് അലെമാൻ സാവകാശത്തിൽ പിൻവലിച്ചു വരികയാണ്. കുറെ കൊല്ലങ്ങളായി അവ പ്രയോഗത്തിലില്ലായിരുന്നു. മെക്സിക്കോനഗരത്തിൽ ഈശോയുടെ നാമത്തിലുള്ള മഹാദേവാലയവും കത്തോലിക്കർക്കു തിരികെ ലഭിക്കുന്നതായിരിക്കും. 1926-ലെ മതപീഡനാവസരത്തിൽ ഗവൺമെന്റതു കണ്ടുകെട്ടിയതാണ്.